
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്


2018 ഒക്ടോബർ
വില ₹20




# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




ജ്യാമിതിയുടെ കഥ
(ശാസ്ത്രം)
**ഡോ. ഡി രാജേന്ദ്രൻ**
വില ₹70




കടലിടുക്കുകളിലെ ഇന്ത്യൻ വീരഗാഥകൾ
(വൈജ്ഞാനികം)
**സനിൽ പി തോമസ്**
വില ₹70





ഉറൂബ്
(ജീവചരിത്രം)
**ഡി പ്രദീപ്കുമാർ**
വില ₹50




കഥ പറയും കടൽദേശത്ത്
(യാത്രാവിവരണം)
**വിജയൻ മടപ്പള്ളി**
വില ₹100




ഒരു മൺയാത്ര
(കഥ)
**രഞ്ജിത്ത് മോഹൻ**
വില ₹50




കുളം ആരുടേത്?
ജലം ആരുടേത്?
(കഥ)
(പുനരാഖ്യാനം: **എസ് ശാന്തി**)
വില ₹50



ഹരിതസസ്യങ്ങളുടെ കൂട്ടുകാരി
(ജീവചരിത്രം)
**നിർമല ജെയിംസ്**
വില ₹50



വിരലമർത്താം വരയ്ക്കാം
(കാർട്ടൂൺ)
**അരവിന്ദ് ഗുപ്ത**
വില ₹75




കുഞ്ഞുമഴയ്ക്കും മോഹം
(കഥ)
**നിഷ സി**
വില ₹50




പഴമയെത്തേടി
(വൈജ്ഞാനികം)
**രാജേശ്വരി തോന്നയ്ക്കൽ**
വില ₹70

## കോപ്പികൾക്ക്

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,**
**പാളയം,സംസ്കൃത കോളേജ് കാമ്പസ്,**
**തിരുവനന്തപുരം 34, ഫോൺ** 0471-233 3790,
e-mail : thaliru@ksicl.org, director@ksicl.org, www.ksicl.org

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**ഒക്ടോബർ 2018**
**വില ₹20**
**വാർഷികവരിസംഖ്യ ₹200**

**ഉള്ളടക്കം**

## ചരിത്രത്തിലൂടെ ഗാന്ധി

**വി ചന്ദ്രബാബു** **6**



സത്യത്തിനും അഹിംസയ്ക്കും വേണ്ടി ജീവൻ ബലിയർപ്പിച്ച നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ജീവിതകഥ ചിത്രങ്ങളിലൂടെ...



## അന്നൊരു മായാരാത്രി


**വി എം ഗിരിജ** **30**

വീടിനു കേടുവരുത്തും എന്നു കരുതി പ്ലാവ് മുറിക്കാൻ തീരുമാനിക്കുന്ന വീട്ടുകാർ. എന്നാൽ ആ മായാരാത്രി അവർക്കു സമ്മാനിച്ചത് അമ്പരിപ്പിക്കുന്ന കാഴ്ചയായിരുന്നു. മനോഹരമായ ഈ കവിത വായിക്കൂ...

## കാട്ടിലേക്കൊന്നു പോയാലോ...

**സീമ സുരേഷ്** **42**

കാട്ടിലേക്ക് ട്രക്കിങ്ങിനൊക്കെ കൂട്ടുകാർ പോയിട്ടില്ലേ? ജന്തുജീവജാലങ്ങളുടെ വാസസ്ഥലങ്ങളിലേക്ക് കടന്നുചെല്ലുമ്പോൾ പല കാര്യങ്ങളും നാം ശ്രദ്ധിക്കണം. അവയെ കുറിച്ചാണ് വൈൽഡ് ലൈഫ് ഫോട്ടോഗ്രാഫർ കൂടിയായ ലേഖിക ഈ ലേഖനത്തിൽ പറയുന്നത്.



**മുൻമൊഴി** ....................4
സുഗതകുമാരി
**വെള്ളപ്പൊക്കത്തിൽ അപ്പു**.........14
സുഗതകുമാരി
**നമുക്കു പഠിക്കാം**
**മനുഷ്യത്വത്തിൻ പാഠം**................18
മേരി അനീറ്റ, വിപിൻദാസ് തോട്ടത്തിൽ
**ബൊമ്മക്കുട്ടി**............................22
എം കൃഷ്ണദാസ്
**പിടിയില്ലാക്കുട**..........................24
ലതീഷ് കീഴല്ലൂർ
**മഞ്ഞക്കുരുവി**
**വാ! വാ! വാ!**..............................25
ചന്ദ്രശേഖരൻ പന്തളം
**ഉണ്ണിയാർച്ച**..............................26
ജിംഗിൾബെൽ ക്രിയേഷൻസ്
**കുണ്ടറ വിളംബരവും**
**സ്വാതന്ത്ര്യസമരവും**...................32
പ്രൊഫ. വി കാർത്തികേയൻ നായർ
**തൊട്ടാവാടി**...............................41
ഡോ. നെടുമുടി ഹരികുമാർ
**കടപയാദി**.................................46
പള്ളിയറ ശ്രീധരൻ
**പുഴ നിറഞ്ഞപ്പോൾ**.....................47
പ്രിയ ലോചന പി എം
**കൗമുദിയുടെ ത്യാഗം**..................48
പയ്യന്നൂർ കുഞ്ഞിരാമൻ
**മാലാഖ**....................................49
അരുൺകുമാർ അന്നൂർ
**മഹാഭാരതം**..............................50
സുഗതകുമാരി
**ഇളംതളിര്**................................52
**ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ**...............54

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**ചിഞ്ജു പ്രകാശ്**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**സന്തോഷ് വെളിയന്നൂർ**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790

e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

പ്രളയജലത്തിൽ മുങ്ങിപ്പിടഞ്ഞ നമ്മുടെ കൊച്ചുകേരളം പതുക്കെ കരകയറുകയാണ്. എന്തൊക്കെ സംഭവിച്ചു! നിലയ്ക്കാത്ത പെരുമഴ പെയ്തു. നദികളും അണക്കെട്ടുകളുമെല്ലാം നിറഞ്ഞുകവിഞ്ഞു. മലകൾ ഇടിഞ്ഞു താഴേക്കുരുണ്ടുവന്നു. നാന്നൂറിലധികം മനുഷ്യരും ആയിരക്കണക്കിനു നാൽക്കാലികളും ജലപ്രളയത്തിൽ മുങ്ങിമരിച്ചു. എണ്ണമറ്റ വൃക്ഷങ്ങൾ കടപുഴകി വീണു. മനുഷ്യരുടെയും മൃഗങ്ങളുടെയും നിലവിളികൾ വെള്ളപ്പാച്ചിലിന്റെയും മഴപ്പെയ്ത്തിന്റെയും ഇരമ്പലിൽ ലയിച്ചുപോയി. കേരളം ഇന്നോളം കണ്ടിട്ടില്ലാത്ത ഒരു ഭയാനകമായ പ്രകൃതിക്ഷോഭമാണ് നാം അറിഞ്ഞത്.

ആഗോള കാലാവസ്ഥ മാറിമറിയുകയാണ്. വിദേശരാജ്യങ്ങളിലെ ഭൂമികുലുക്കത്തെയും ചുഴലിക്കാറ്റിനെയും കാട്ടുതീയെയും പറ്റിയൊക്കെ നാം വായിക്കുന്നു. ഭയപ്പെടുന്നു. അമ്മയായ ഭൂമി ഈ സന്താനങ്ങളുടെ കഠിന കൃത്യങ്ങൾ കണ്ടിട്ട് പിണങ്ങുകയാണോ? അരുതേ എന്നു പ്രാർഥിക്കാം. കേരളം ആ ഭീകരമായ പരീക്ഷണ



വര: സുധീർ പി വൈ

ത്തിൽനിന്നും പതുക്കെപ്പതുക്കെ ഉയിർത്തെഴുന്നേൽക്കാൻ ശ്രമിക്കുകയാണ്.


അതോടൊപ്പം നാം ഇത്തവണ ഒരു നല്ല കാഴ്ച കണ്ടു. അഭിമാനാർഹമായ ഒരു മഹാ പ്രയത്നം. കേരളീയർ കൈകോർത്ത് ഒരു കഠിനപ്രശ്നത്തെ നേരിടുന്ന ദുർലഭമായ കാഴ്ച. നമ്മുടെ കടലിന്റെ മക്കളായ മത്സ്യത്തൊഴിലാളികളും നാടിനു കാവൽ നിൽക്കുന്ന ഇന്ത്യൻ പട്ടാളക്കാരും വ്യോമസേനയും നാവികസേനയും നമ്മുടെ പോലീസുകാരും അഗ്നിശമനസേനയും നമുക്കു തുണനിന്നു. അവരോടൊപ്പം ഈ നാട്ടിലെ സാധാരണക്കാരായ ചെറുപ്പക്കാർ ചുറുചുറുക്കോടെ സേവനത്തിനിറങ്ങി. നമ്മുടെ കൊച്ചുകുട്ടികൾ തങ്ങളുടെ കുഞ്ഞിക്കുടുക്കകളിലെ നാണയങ്ങൾവരെ ദുരിതബാധിതർക്കു നൽകി. സ്വന്തം അത്യാവശ്യങ്ങൾവരെ മാറ്റിവച്ച് കേരളത്തിന്റെ മുഖ്യമന്ത്രി എല്ലാ പ്രവർത്തനത്തിനും ശക്തമായ നേതൃത്വം നൽകി. രാഷ്ട്രീയനേതാക്കളും മന്ത്രിമാരും നമ്മുടെ മിടുക്കരായ കളക്ടർമാരും എല്ലായിടത്തും ദിശാബോധം നൽകി, തുണനിന്നു. നേരിട്ടിറങ്ങി പ്രവർത്തിച്ചവർ എത്രയോ പേർ! കേരളം ജാതിമതപാർട്ടിഭേദമില്ലാതെ ഒത്തുചേർന്നു പ്രയത്നിക്കുന്ന കാഴ്ച നമുക്ക് എന്നും അഭിമാനം നൽകുകതന്നെ ചെയ്യും.

നിങ്ങൾ കുട്ടികൾ നിങ്ങളുടെ കടമ ചെയ്തിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഇനിയും ഏറെയേറെയുണ്ട് ചെയ്യുവാൻ. ആകെ മുറിവേറ്റ നമ്മുടെ നാട് ഈ കടുത്ത പരീക്ഷണത്തിൽ നിന്ന് കൂടുതൽ ഐശ്വര്യത്തോടെ, ഒത്തൊരുമയോടെ തെളിഞ്ഞുയരും എന്ന് നമുക്ക് ആശിക്കാം, പ്രാർഥിക്കാം, പ്രയത്നിക്കാം. കാരണം ഈ നാട് ഞങ്ങൾ മുതിർന്നവരുടേതല്ല, നിങ്ങൾ കുട്ടികളുടേതാണ്.


നന്നായിവരട്ടെ.

സ്നേഹത്തോടെ,
**സുഗതകുമാരി**





# ചരിത്രത്തിലൂടെ ഗാന്ധി



വി ചന്ദ്രബാബു




ഫോട്ടോ: samadolfo

ഗുജറാത്തിലെ പോർബന്തറിലായിരുന്നു മോഹൻദാസ് കരംചന്ദ് ഗാന്ധിയുടെ ജനനം. രാജ്ക്കോട്ടിലെ ദിവാനായിരുന്നു അച്ഛൻ കരംചന്ദ് ഗാന്ധി. അമ്മ പുത്‌ലി ബായി. മോഹൻദാസിന്റെ ജനനശേഷം ഗാന്ധികുടുംബം രാജ്കോട്ടിലേക്ക്താമസം മാറി. രാജ്കോട്ട് ഹൈസ്കൂളിലാണ് മോഹൻദാസ് സ്കൂൾപഠനം പൂർത്തിയാക്കിയത്.

അക്കാലത്ത് ഇന്ത്യയിൽ ശൈശവ വിവാഹം പതിവായിരുന്നു. വിവാഹം നിശ്ചയിക്കുന്നത് കളിയും ചിരിയുമായി കഴിയുന്ന കുട്ടികൾ അറിയാറില്ല. പതിമൂന്നാം വയസ്സിലായിരുന്നു മോഹൻദാസിന്റെ വിവാഹം.തന്നേക്കാൾ അല്പം പ്രായക്കൂടുതലുള്ള കസ്തൂർബായെയാണ് മോഹൻദാസ് വിവാഹം ചെയ്തത്. സ്കൂൾപഠനം പൂർത്തിയാക്കിയതിനു ശേഷം ലണ്ടനിലെ ഇന്നർ ടെമ്പിൾ കോളജിൽ നിയമപഠനത്തിനു ചേർന്നു.





ഫോട്ടോ: Unklar

അഡയാറിലെ തിയോസഫിക്കൽ സൊസൈറ്റി

തികഞ്ഞ സസ്യാഹാരിയായിരുന്ന മോഹൻദാസ് ഗാന്ധി ലണ്ടനിലെ വെജിറ്റേറിയൻ സൊസൈറ്റിയിൽ അംഗമായി. ഈ ബന്ധം ഗാന്ധിയെ തിയോസഫിക്കൽ സൊസൈറ്റിയുമായി അടുപ്പിച്ചു. ഗാന്ധിയിൽ മത പരമായ ധാരണകൾ രൂപപ്പെടുന്നത് ഇക്കാലത്താണ്.







നിയമപഠനം പൂർത്തിയാക്കി 1891ൽ ഗാന്ധി ഇന്ത്യയിലേക്ക് മടങ്ങി. ആദ്യമൊന്നും വക്കീലെന്ന നിലയിൽ ശോഭിക്കാൻ ഗാന്ധിക്കായില്ല. 1893ൽ ഒരു കേസ് വാദിക്കാൻ ദക്ഷിണാഫ്രിക്കയിലെത്തിയത് എല്ലാ അർഥത്തിലും ഗാന്ധിയുടെ ജീവിതത്തിൽ വഴിത്തിരിവായി.


ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാരുടെ ദയനീയാവസ്ഥ നേരിൽ കണ്ട ഗാന്ധി അവർക്ക് നിയമപരമായി ലഭിക്കേണ്ട ആവശ്യങ്ങൾക്കായി ഇടപെടാൻ തുടങ്ങി. കേസ് പൂർത്തിയായി ഇന്ത്യയിലേക്ക് മടങ്ങിയ ഗാന്ധി, കുടുംബത്തോടൊപ്പം ദക്ഷിണാഫ്രിക്കയിലെത്തി. ഈ യാത്രയിൽ ഗാന്ധിക്ക് വെള്ളക്കാരുടെ ശക്തമായ എതിർപ്പ് നേരിടേണ്ടി വന്നു. പൊതുപ്രവർത്തകൻ, ജനനേതാവ്, രാഷ്ട്രീയ ചിന്തകൻ എന്നീ നിലകളിലുള്ള ഗാന്ധിയുടെ വളർച്ച ഇവിടെ വെച്ചാണ് തുടങ്ങുന്നത്.







പ്രശസ്ത റഷ്യൻ എഴുത്തുകാരനായ ടോൾസ്റ്റോയിയുമായി ഗാന്ധി കത്തിടപാടുകൾ നടത്തിയിരുന്നു. ടോൾസ്റ്റോയിയുടെ 'ദൈവത്തിന്റെ സാമ്രാജ്യം നിന്റെ ഉള്ളിൽ തന്നെയാണ്'(The Kingdom of God Is Within You) എന്ന പുസ്തകം ഗാന്ധിയെ ഏറെ സ്വാധീനിച്ചിരുന്നു. ദക്ഷിണാഫ്രിക്കയിൽ ഗാന്ധി സ്ഥാപിച്ച ഫാമുകളിൽ ഒന്നിന് ടോൾസ്റ്റോയിയുടെ പേരാണ് നൽകിയിരുന്നത്.



ഫോട്ടോ: William Downey

ജോൺ റസ്കിൻ




ഹെൻറി ഡേവിഡ് തോറോ(Henry David Thoreau) യുടെ സിവിൽ ഡിസ്ഒബീഡിയൻസ് എന്ന ആശയം ഗാന്ധിയെ ഏറെ സ്വാധീനിച്ച ഒന്നാണ്. ഈ ആശയത്തെയാണ് ഗാന്ധി സത്യഗ്രഹമായി വികസിപ്പിച്ചത്. സത്യഗ്രഹത്തിന്റെ ആദ്യ പരീക്ഷണങ്ങൾ നടന്നത് ദക്ഷിണാഫ്രിക്കയിലായിരുന്നു.

ജോൺ റസ്കിന്റെ 'അൺടു ദിസ് ലാസ്റ്റ്' എന്ന പുസ്തകം, തന്നെ മറ്റൊരു മനുഷ്യനാക്കി മാറ്റിത്തീർത്തു എന്ന് ഗാന്ധി തന്നെ പറയുകയുണ്ടായി. 'സർവോദയം' എന്ന പേരിൽ ഈ പുസ്തകം ഗാന്ധി ഗുജറാത്തിയിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.







ദക്ഷിണാഫ്രിക്കയിലുണ്ടായിരുന്ന കാലത്ത് അവിടത്തെ വെള്ളക്കാരുടെ വർണവിവേചനനയം പോലുള്ള നീചമായ നിയമങ്ങളുടെ കെടുതികൾ പല തവണ ഗാന്ധിക്ക് അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. തീവണ്ടിയിലെ ഒന്നാം ക്ലാസ്സിൽ കയറിയതിന് ഒരു വെള്ളക്കാരൻ ഗാന്ധിയെ ട്രെയിനിൽ നിന്ന് തള്ളി താഴെയിട്ടിട്ടുണ്ട്. പീറ്റർ മറിറ്റ്സ് ബർഗ് എന്ന സ്റ്റേഷനിൽ ഒരു രാത്രി മുഴുവൻ ഗാന്ധിക്ക് അടുത്ത ട്രെയിൻ കാത്തിരിക്കേണ്ടി വന്നു.






ഗോപാലകൃഷ്ണഗോഖലെയുടെ ആവശ്യപ്രകാരമാണ് 1915 ൽ ഗാന്ധി ഇന്ത്യയിലേക്ക് മടങ്ങി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ സജീവമാകുന്നത്. ഗോഖലെയെ തന്റെ രാഷ്ട്രീയ ഗുരുനാഥൻ എന്നാണ് ഗാന്ധി വിശേഷിപ്പിച്ചിട്ടുള്ളത്.

ഗോഖലെയുടെ ഉപദേശമനുസരിച്ചാണ് ഇന്ത്യയിലെ ഗ്രാമങ്ങൾ നേരിൽ കാണാൻ ഗാന്ധി യാത്ര തുടങ്ങിയത്. ഈ യാത്രയിൽ ഇന്ത്യക്കാരനുഭവിക്കുന്ന ദുരിതത്തിന്റെ വലിപ്പം ഗാന്ധിക്ക് ബോധ്യമായി. ഈ യാത്രയെത്തുടർന്നാണ് ഗാന്ധി തീർത്തും ലളിതമായ വസ്ത്രധാരണ രീതിയിലേക്ക് മാറിയത്.




1918ൽ ബീഹാറിലെ ചമ്പാരനിൽ നീലം കൃഷിക്കാരുടെ സമരത്തിന് നേതൃത്വം നൽകിക്കൊണ്ടാണ് ഗാന്ധി ഇന്ത്യയിൽ ഒരു ജനകീയ സമരത്തിലേക്ക് ആദ്യമായി കാൽവയ്ക്കുന്നത്.

10 1919 ഏപ്രിൽ13 നാണ് ജാലിയൻവാലാബാഗ് കൂട്ടക്കൊല നടന്നത്. ജനങ്ങളോട് സമാധാനം പാലിക്കാനും പൊതുമുതൽ നശിപ്പിക്കാതിരിക്കാനും ഗാന്ധി ആവശ്യപ്പെട്ടു. ബ്രിട്ടീഷുകാർ നടത്തുന്ന അന്വേഷണത്തിൽ നിന്ന് നീതി ലഭിക്കില്ലെന്നും അതുമായി സഹകരിക്കില്ലെന്നും ഗാന്ധി പ്രഖ്യാപിച്ചു. ഗാന്ധിയുടെ ആഹ്വാനമനുസരിച്ച് പ്രമുഖ വ്യക്തികൾ ബ്രിട്ടീഷ് ഗവൺമെന്റിൽ നിന്ന് ലഭിച്ച ബഹുമതികൾ പ്രതിഷേധസൂചകമായി തിരിച്ചുനൽകി.










ഇന്ത്യാക്കാരുടെ സഹകരണമില്ലാതെ ബ്രിട്ടീഷുകാർക്ക് ഇന്ത്യ ഭരിക്കാനാകില്ല എന്നതിനാൽ ബ്രിട്ടീഷ് ഭരണവുമായി നിസ്സഹകരിക്കാൻ ഗാന്ധി ജനങ്ങളോട് പറഞ്ഞു. സ്വരാജ് എന്ന ആവശ്യം ഗാന്ധി മുന്നോട്ടു വെച്ചു. 1922ൽ ഗാന്ധിയെ അറസ്റ്റ് ചെയ്തു തടവിലാക്കി. 1924ൽ ജയിലിൽ നിന്നു പുറത്തിറങ്ങിയ ഗാന്ധി കോൺഗ്രസ് അതീവ ദുർബലമായ അവസ്ഥയിലാണെന്ന് കണ്ടു. സുഭാഷ് ചന്ദ്രബോസ്, ഭഗത് സിങ് എന്നിവർ ഗാന്ധിയുടെ അഹിംസാ സിദ്ധാന്തത്തെ ചോദ്യം ചെയ്യാൻ തുടങ്ങി. പൂർണസ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ആവശ്യമുയർന്നു. ബ്രിട്ടീഷ് ഉത്പന്നങ്ങൾ ബഹിഷ്ക്കരിക്കുന്നതിന്റെ ഭാഗമായാണ് ഗാന്ധി, ഖാദി എന്ന ആശയം രൂപപ്പെടുത്തിയത്. ചർക്കയിൽ നൂറ്റെടുത്ത നൂൽ കൊണ്ട് നെയ്തെടുക്കുന്ന വസ്ത്രങ്ങൾ ദേശീയതയുടെ അടയാളമായി മാറി. നൂൽനൂൽപ്പും ഖാദി പ്രചരണവും സ്വാതന്ത്ര്യസമര പ്രവർത്തനങ്ങളുടെ ഭാഗമായി.



1929 ൽ ലാഹോറിൽ വെച്ച് നടന്ന കോൺഗ്രസ് സമ്മേളനം പൂർണസ്വാതന്ത്ര്യ പ്രമേയം അംഗീകരിച്ചു. 1930 ജനുവരി 30 സ്വാതന്ത്ര്യദിനമായി പ്രഖ്യാപിക്കുകയും ചെയ്തു. ബ്രിട്ടീഷ്ഭരണം ഇന്ത്യക്കാരെ വലിയ തോതിൽ വരിഞ്ഞു മുറുക്കുന്ന നിയമങ്ങൾ പാസാക്കി. ഉപ്പിന് ചുമത്തിയ നികുതി ഒരു ആയുധമാക്കാൻ ഗാന്ധി തീരുമാനിച്ചു. ഉപ്പ് നിയമം ലംഘിക്കാൻ കോൺഗ്രസിന്റെ നേതൃത്വത്തിൽ നാട്ടിലെങ്ങും ഒരുക്കം നടന്നു. ഇന്ത്യ മുഴുവൻ ആവേശമുയർത്തിയ സമരമായി അത് മാറി. 60000 ത്തോളം പേരെ ഈ സമരത്തിന്റെ ഭാഗമായി അറസ്റ്റ് ചെയ്തു. പലയിടത്തും ക്രൂരമർദനങ്ങൾ നടന്നു. ദാണ്ഡി കടപ്പുറത്തേക്കുള്ള യാത്ര ഐതിഹാസികമായ സമരമായി മാറി. 1930 മാർച്ച് 22ന് സബർമതി ആശ്രമത്തിൽ നിന്ന് പുറപ്പെട്ട മാർച്ച് 388കി.മീറ്റർ യാത്ര ചെയ്ത് ഏപ്രിൽ 6നാണ് ദാണ്ഡി കടപ്പുറത്ത് എത്തിയത്.

ഇർവിൻ പ്രഭു മുൻകയ്യെടുത്ത് നടത്തിയ ചർച്ചയെത്തുടർന്ന് ഗാന്ധി നിസ്സഹകരണ സമരം നിർത്തി വെച്ചു. അറസ്റ്റിലായ നേതാക്കളെ വിട്ടയച്ചു. ഗാന്ധിയെ ലണ്ടനിൽ നടക്കുന്ന വട്ടമേശ സമ്മേളനത്തിലേക്ക് ക്ഷണിച്ചു. ഇന്ത്യ യ്ക്ക് സ്വാതന്ത്ര്യം നൽകുന്ന വിഷയം ചർച്ചയിൽ വന്നില്ല. പുതിയ വൈസ്രോയി വെല്ലിങ്ടൺ കടുത്ത നിലപാട് കൈക്കൊണ്ടു.



ഇർവിൻ പ്രഭു



മൗണ്ട് ബാറ്റൻ പ്രഭുവിനൊപ്പം ഗാന്ധിജി

ഇന്ത്യക്കാരോടാലോചിക്കാതെ രണ്ടാം ലോകയുദ്ധത്തിൽ ഇന്ത്യയെ പങ്കാളികളാക്കാൻ തീരുമാനിച്ചതിൽ പ്രതിഷേധിച്ച് ബ്രിട്ടീഷ് ഭരണത്തിനെതിരെ അന്തിമ പോരാട്ടത്തിനിറങ്ങാൻ ഗാന്ധി തന്റെ എഴുപത്തിമൂന്നാം വയസ്സിൽ തീരുമാനിച്ചു. ബ്രിട്ടീഷുകാർ ഇന്ത്യ വിടുക എന്ന ആവശ്യമുയർത്തി. ഗാന്ധി ഉൾപ്പെടെയുള്ള കോൺഗ്രസ് നേതാക്കൾ തടവിലായി. ജനങ്ങൾ സമരം ഏറ്റെടുത്തു. സമാനതകളില്ലാത്ത പോരാട്ടത്തിന് രാജ്യം സാക്ഷ്യം വഹിച്ചു. രണ്ടാം ലോകയുദ്ധത്തെത്തുടർന്ന് ബ്രിട്ടനിൽ അധികാരത്തിൽ വന്ന ക്ലമൻറ് ആറ്റ്‌ലി ഇന്ത്യയുടെ സ്വാതന്ത്ര്യം തത്വത്തിൽ അംഗീകരിച്ചു. അധികാരക്കൈമാറ്റത്തിന്റെ വിശദാംശങ്ങൾ തയ്യാറാക്കാൻ മൗണ്ട് ബാറ്റൻ പ്രഭുവിനെ വൈസ്രോയി ആയി നിയമിച്ചു.



ഇന്ത്യാവിഭജനം ഗാന്ധിയെ ഏറെ വേദനിപ്പിച്ച സംഭവമാണ്. അധികാരക്കൈമാറ്റത്തിന്റെ ആഘോഷങ്ങളിൽ പങ്ക് ചേരാതെ വിഭജനത്തിന്റെ മുറിവുണക്കുന്ന പ്രവർത്തനങ്ങളിലാണ് ഗാന്ധി മുഴുകിയത്. സാമുദായിക ലഹളകൾ പൊട്ടിപ്പുറപ്പെട്ട സ്ഥലങ്ങളിൽ ഒറ്റയാൾ പട്ടാളം പോലെ സമാധാനം പുനസ്ഥാപിക്കാൻ അദ്ദേഹം വിശ്രമമില്ലാതെ പ്രവർത്തിച്ചു. മതമൈത്രിക്ക് വേണ്ടിയുള്ള വിട്ടുവീഴ്ചയില്ലാത്ത ഗാന്ധിയുടെ നിലപാട് ചിലരുടെയെങ്കിലും വിരോധം ക്ഷണിച്ചു വരുത്തി. നാഥുറാം ഗോഡ്സെ അവരുടെ ഉപകരണമായി മാറി. അഹിംസയുടെ പ്രവാചകനായിരുന്ന എഴുപത്തൊമ്പതുകാരനായ ഒരു വൃദ്ധനെ വെടിയുണ്ടയ്ക്കിരയാക്കിക്കൊണ്ടാണ് അവർ തങ്ങളുടെ ഭീരുത്വം ലോകത്തെ അറിയിച്ചത്.

# വെള്ളപ്പൊക്കത്തിൽ അപ്പു

**സുഗതകുമാരി**

മഴ കനക്കുന്നു. ഇരുട്ടും കാറ്റും കുളിരും. അപ്പു അവന്റെ കൊച്ചു വീടിന്റെ വരാന്തയിൽ മഴ പെയ്യുന്നത് കണ്ടുകൊണ്ടിരുന്നു. മുറ്റത്തെ മരങ്ങളെല്ലാം മഴയത്ത് ആടിയുലഞ്ഞ് കുളിക്കുന്നതുകാണാൻ എന്തു രസം! അവന്റെ പേരമരം ആകെ കുലുങ്ങുന്നു. കായ്കൾ വിളയുന്നതേയുള്ളൂ. കൊതിയൻ അണ്ണാൻ ചിലതു കടിച്ചു നോക്കിക്കഴിഞ്ഞു. മഴയത്ത് അണ്ണാൻ എവിടെയാണോ നനയാതെ കയറിയിരിക്കുന്നത്?

അച്ഛനും അമ്മയും രാവിലെ



വര: സചീന്ദ്രൻ കാറഡുക്ക

കൊല്ലത്തു പോയതാണല്ലോ. അപ്പു സ്കൂളിൽ നിന്നു വരുമ്പോഴേക്കു വരുമെന്നാണല്ലോ പറഞ്ഞത്. കാണുന്നില്ല. ഒരു പഴഞ്ചൻ ടാക്സിയിലാണ് പോയിരിക്കുന്നത്. മഴയത്ത് ഓടിക്കാൻ പ്രയാസമായിരിക്കും. അപ്പുവിനു ചിരിവന്നു. ഒരു വയസ്സൻ ഡ്രൈവറും പഴഞ്ചൻ കാറും. അപ്പു വലുതാകുമ്പോൾ ഒരു റോൾസ്റോയിസ് വാങ്ങിക്കും തീർച്ച.

തണുക്കുന്നു. അവൻ അകത്തുകയറി കതകടച്ചു. മേശപ്പുറത്ത് ഇഡ്ഡലിയും ചമ്മന്തിയും ഫ്ളാസ്കിൽ കാപ്പിയുമൊക്കെ ഒരുക്കിവച്ചിട്ടുണ്ട്. പിന്നെ കഴിക്കാം. അവൻ ടി വി വച്ച് സിനിമ കണ്ടുതുടങ്ങി. മോഹൻലാൽ എത്ര ഗുണ്ടകളെയാണ് അടിച്ചു തകർക്കുന്നത്. ഒരു മൊട്ടത്തലയൻ ഭീകരനെ മോഹൻലാൽ പുഷ്പംപോലെ പൊക്കിയെടുത്ത് ചുഴറ്റിയെറിയുന്നതു കണ്ട് അപ്പു കയ്യടിച്ചു. ഹാ! എത്ര മിടുക്കനാണ് ലാലേട്ടൻ! എങ്കിലും അപ്പുവിനു വിഷമംതോന്നി. എന്താ അച്ഛനും അമ്മയും വരാത്തത്?

ടി വി കണ്ടുകണ്ടിരുന്ന് അപ്പു ഉറങ്ങിപ്പോയി. മേശമേൽ തലചായ്ച്ചാണ് കിടപ്പ്. മഴ തിമർത്തു ചെയ്യുന്നുണ്ട്.

കാലുകളിൽ നനവു തട്ടിയപ്പോൾ അപ്പു ഞെട്ടിയുണർന്നു. തറയിലൊക്കെ വെള്ളം. ഓടുപൊട്ടി ചോരുന്നതായിരിക്കും. അപ്പു എണീറ്റു. ഒരുപാടു വെള്ളം. പെട്ടെന്ന് ടി വി കെട്ടു. ഇലക്ട്രിസിറ്റി പോയി. ഇരുട്ട്. അപ്പു വെള്ളത്തിലൂടെ നടന്ന് കതകു തുറന്നു. അയ്യോ! വൻ തിരയടിക്കുന്നപോലെ വെള്ളം അകത്തേക്ക് ഇരച്ചുകയറി. അപ്പു നിലവിളിച്ചു. ആരുമില്ല കേൾക്കാൻ. മുറ്റത്തു വെള്ളം

**നീന്തലറിയാവുന്നതിനാൽ അവൻ പൊങ്ങിക്കിടന്ന്നീന്താൻ ശ്രമിക്കുകയായി. പക്ഷേ എങ്ങോട്ടു നീന്തിക്കയറാൻ? നാലുപാടും കായലുപോലെ! തിരയടിക്കുന്ന വെള്ളം എവിടെയൊക്കെയോ നിലവിളികളും ബഹളവും കേൾക്കാം. ആരെയും കാണാനില്ല. ഒഴുകിവരുന്ന ഒരു ചെറു മരത്തിൽ പിടിച്ച് അപ്പുവും എങ്ങോട്ടോ ഒഴുകുകയാണ്.**

നിറഞ്ഞുകവിയുകയാണ്. വീടിനകത്തു സാധനങ്ങളെല്ലാം ഒഴുകിനടക്കുന്നു. വെള്ളം അരയ്ക്കൊപ്പം ഉയർന്നു കഴിഞ്ഞു. അപ്പു ഉറക്കെ കരഞ്ഞു. 'അച്ഛാ! അമ്മേ...! വെള്ളം കേറുന്നു. ഓടിവരണേ!' ഒന്നിലും പിടിച്ചു നിൽക്കാനാവുന്നില്ല. ഒഴുക്കിന്റെ ശക്തിയിൽ അവന്റെ കൊച്ചു കാലുകൾ വഴുതി. ഒഴുക്ക് അവനെയും കൊണ്ട് പുറത്തേക്കു പാഞ്ഞു പോയി.

നീന്തലറിയാവുന്നതിനാൽ അവൻ പൊങ്ങിക്കിടന്ന് നീന്താൻ ശ്രമിക്കുകയായി. പക്ഷേ എങ്ങോട്ടു നീന്തിക്കയറാൻ? നാലുപാടും കായലുപോലെ! തിരയടിക്കുന്ന വെള്ളം എവിടെയൊക്കെയോ നിലവിളികളും ബഹളവും കേൾക്കാം. ആരെയും കാണാനില്ല. ഒഴുകിവരുന്ന ഒരു ചെറു മരത്തിൽ പിടിച്ച് അപ്പുവും എങ്ങോട്ടോ ഒഴുകുകയാണ്. അതിനിടയിലും അവൻ നിലവിളിക്കുന്നുണ്ട്. 'അച്ഛാ! അമ്മേ!' വായിൽ വെള്ളം അലച്ചു കയറിയപ്പോൾ അവൻ വിളിക്കുന്നതു നിർത്തി. ഞാൻ ചത്തുപോകുമോ? എന്തു സങ്കടമായിരിക്കും അച്ഛനും അമ്മയ്ക്കും! അപ്പുവിന്റെ കണ്ണുനീർ ആ ജലപ്രവാഹത്തിൽ വീണലിയുകയാണ്. തണുക്കുന്നു. തളരുന്നു. എങ്കിലും അവനാ ചെറുമരത്തിലെ പിടിത്തംവിട്ടില്ല. പതുക്കപ്പതുക്കെ ആ കണ്ണുകൾ അടഞ്ഞു. മഴ തുടരുകയാണ്.

കണ്ണു മിഴിച്ചപ്പോൾ അപ്പുവിന് ഒന്നും മനസ്സിലായില്ല. ഞാനെവിടെയാണ്? നേരം വെളുത്തു തുടങ്ങിയിരിക്കുന്നു. അപ്പോഴും അവന്റെ കൈകൾ ആ ചെറുമരക്കൊമ്പിൽ മുറുകെപ്പിടിച്ചിരിക്കുകയാണ്. അപ്പു ചുറ്റും നോക്കി. ചുറ്റും വെള്ളം; വെള്ളം മാത്രം. ഏതോ ഒരു കാട്ടുപൊന്തയിൽ ചെറുമരം കുടുങ്ങിക്കിടക്കുകയാണ്. ഞാനപ്പോൾ മരിച്ചിട്ടില്ല. വിറങ്ങലിച്ച കൈകൾ അപ്പു മടക്കി നിവർത്താൻ നോക്കി. ആകെ മരവിച്ചിരിക്കുന്നു. വിശക്കുന്നു. മേശപ്പുറത്തിരുന്ന ഇഡ്ഡലിയും ചട്ണിയും കഴിച്ചില്ലല്ലോ എന്നവൻ വിഷാദത്തോടെ ഓർത്തു. ദൂരെയൊക്കെ ബോട്ടുകൾ നീങ്ങുന്നതുകാണാം; വള്ളങ്ങളും. പക്ഷേ അവയൊക്കെ അകലെയാണ്. അപ്പു ഉറക്കെ വിളിച്ചുനോക്കി. ആരും കേൾക്കുന്നില്ല. ഈ പൊന്തയിലേക്ക് ആരും തിരിഞ്ഞുനോക്കുന്നില്ല. മഴ വീണ്ടും കനത്തു. വെള്ളം ഉയരുകയാണ്. അപ്പു പിടിച്ചിരുന്ന ചെറുമരം ഓളത്തള്ളലിൽ പൊന്തയ്ക്കിടയിൽ നിന്നു വിട്ടുപോരുകയാണ്. ഇനിയൊക്കുകയില്ല. മരം ഒഴുകിത്തുടങ്ങി. അപ്പു ശബ്ദമില്ലാതെ വിളിച്ചു. 'അമ്മേ അച്ഛാ... ദൈവമേ!' ആ സമയത്ത് ഏതോ ക്യാമ്പിൽ നനഞ്ഞു കുഴഞ്ഞു ചെന്നു കയറിയ അച്ഛനും അമ്മയും

നിലവിളിക്കുകയായിരുന്നു. 'ദൈവമേ ഞങ്ങളുടെ അപ്പു.'

നേരം പോവുകയാണ്. ചെറുമരവും അതിൽ പിടിച്ചിരിക്കുന്ന ചെറിയ കുട്ടിയും ഒഴുകിയൊഴുകിപ്പോവുകയാണ്. ആകെത്തണുത്തു വിറങ്ങലിച്ച അപ്പു ആ ചെറു മരത്തിൽ കെട്ടിപ്പിടിച്ചു കിടക്കുകയാണ്. മരം ഒഴുകിക്കൊണ്ടേയിരിക്കുന്നു. പേടിച്ചരണ്ട കണ്ണുകൾ പലതും കണ്ടു. ഒഴുകിപ്പോകുന്ന വീട്ടുസാധനങ്ങൾ, കന്നുകാലികൾ . ചിലയിടത്തു മരത്തലപ്പുകൾ ഉയർന്നുകാണാം. മറിഞ്ഞുവീഴുന്ന ഒരു തെങ്ങ്, ഗ്യാസുകുറ്റികൾ, പാത്രങ്ങൾ, തുണികൾ.. അപ്പു ഓർത്തു. അച്ഛനും അമ്മയും അവനെ തിരഞ്ഞു വിഷമിക്കുകയാവും. അതോ അവരും വെള്ളത്തിൽപ്പെട്ടോ. അവൻ മരിച്ചുപോകും. അവന്റെ കൂട്ടുകാർ സങ്കടപ്പെടും ആറാം ക്ലാസ്സിന് അവധി കൊടുക്കും. അവൻ കരഞ്ഞുകൊണ്ടു വിളിച്ചു. അമ്മേ, അച്ഛാ... ഭഗവാനേ...ആരും ഒന്നും കേൾക്കുന്നില്ല. നിറയെ ആളുകളുമായി വള്ളങ്ങൾ ദൂരെ നീങ്ങുന്നതു കാണാം. ആരും വരുന്നില്ലല്ലോ ഇതിലേ. തണുപ്പും പേടിയും കരച്ചിലും കൊണ്ട് അടഞ്ഞുപോയ കണ്ഠത്തിൽനിന്ന് ശബ്ദം വരുന്നില്ല. ആകെ തളർന്ന അപ്പു 'അമ്മേ അമ്മേ' എന്ന് തേങ്ങിക്കൊണ്ടിരുന്നു.

പെട്ടെന്ന് അവൻ മുറുകെപ്പിടിച്ചു കിടന്ന ചെറുമരം എന്തിലോ ചെന്നിടിച്ചു നിലയായി. ഒരു പൊളിഞ്ഞു വീണ വീടിന്റെ മേൽക്കൂരയിലാണ്. രണ്ടുമൂന്ന് ടിൻഷീറ്റുകൾ അവയ്ക്കിടയിലൂടെ ഇളകിയ കഴുക്കോലുകൾ പൊങ്ങിനിൽക്കുന്നുണ്ട്. അപ്പു പതുക്കെ അവയിലൊന്നിൽ പിടിച്ച് ഷീറ്റിനു മുകളിലേക്കു കയറിയിരുന്നു. തെന്നുന്നുണ്ടെങ്കിലും അവന് കുറച്ചൊരാശ്വാസം തോന്നി. അവന്റെ ജീവൻ അതുവരെ രക്ഷിച്ച ചെറുമരം അടുത്ത ഓളത്തിൽപ്പെട്ട് അതിവേഗം ഒലിച്ചുമറയുന്നത് അവൻ സങ്കടത്തോടെ നോക്കിയിരുന്നു. ഈ കൂരയും താമസിയാതെ ഇളകിവീഴും. അപ്പോൾ താനും ഒലിച്ചുപോകും. കഴുക്കോലുകളിൽ അനക്കം കണ്ട് അവൻ സൂക്ഷിച്ചുനോക്കി. അഭയം തേടിയെത്തിയ പാമ്പുകളാണ്. ദൈവമേ. അവൻ പേടിച്ചുവിറച്ചു കണ്ണടച്ചിരുന്നു.

എന്തോ ദേഹത്തു വന്നു മുട്ടുന്നു. പാമ്പാണോ? അപ്പു കണ്ണുതുറന്നപ്പോൾ നനഞ്ഞു വിറയ്ക്കുന്ന ഒരു പട്ടിക്കുട്ടി അവനോടു ചേർന്നുനിൽക്കുകയാണ്. പാവം! അപ്പു അവനെ വാരിയെടുത്ത് മടിയിലിരുത്തി. വെളുത്തനിറം, മുഖം കറുപ്പാണ്. അപ്പു അവനോടു ചോദിച്ചു. 'കുട്ടാ. നമ്മളിവിടെക്കിടന്നു ചത്തുപോകുമോ?' പട്ടിക്കുട്ടി പതുക്കെയൊന്നു നീട്ടിമൂളി. എന്നിട്ട് അവന്റെ കവിളിൽ നക്കി. അവന് കരച്ചിൽ വന്നു. പാവം.

മഴ തോർന്നിരിക്കുന്നു. വള്ളങ്ങൾ ഇങ്ങോട്ടടുക്കുന്നതേയില്ല. വെള്ളത്തിന്റെ നിരപ്പ് ഉയരുകയാണെന്ന് അപ്പുവിന് മനസ്സിലായി. ഇനി ഏറെ നേരമില്ല ഈ കൂരപ്പുറത്തും വെള്ളം കയറാൻ. അവൻ തളർന്ന് ഒരു തകരഷീറ്റിൽ തലചായ്ച്ച് കണ്ണടച്ച് ഉറക്കത്തിലാണ്ടു.

കുട്ടന്റെ നിർത്താത്ത കുരകേട്ടാണ് അപ്പു കണ്ണു തുറന്നത് അകലെക്കൂടെപ്പോയ ഒരു വള്ളത്തിലെ ആളുകൾ ഇങ്ങോട്ടു നോക്കുന്നു. അപ്പു ചാടിയെഴുന്നേറ്റ് ഉറക്കെ വിളിച്ചു. രക്ഷിക്കണേ രക്ഷിക്കണേ... അവർ വള്ളം ഇങ്ങോട്ടുതിരിക്കാൻ ശ്രമിച്ചിട്ടും സാധിക്കുന്നില്ല. നിറയെ ആളാണ്. വല്ലാത്ത ഒഴുക്കും. കുട്ടി ആശയോടെ നോക്കിനിന്നു. പറ്റുന്നില്ല. വള്ളത്തിലുള്ളവർ കൈവീശി എന്തോ വിളിച്ചു പറഞ്ഞിട്ട് അകന്നുപോയി.

അപ്പു കഠിന നിരാശയോടെ ഇരുന്ന് കുട്ടനെ കെട്ടിപ്പിടിച്ചു പറഞ്ഞു. 'പറ്റൂല്ല കുട്ടാ, നമ്മളിവിടെക്കിടന്നു ചാകത്തേയുള്ളൂ.' 'അല്ല അല്ല' എന്ന മട്ടിൽ കുട്ടൻ കുരച്ചുകൊണ്ടേയിരിക്കുന്നു. മഴ വീണ്ടും തുടങ്ങി. വെള്ളം ഉയരുകയാണ്. ചില പാമ്പുകൾ നീന്തിവന്ന് അപ്പുവിന്റെ അരികിലൂടെ കഴുക്കോലുകളുടെ ഇടയിലേക്ക് ഇഴഞ്ഞുകയറി. അപ്പു കുട്ടനെയും കെട്ടിപ്പിടിച്ച് മരണവും കാത്ത് നിശ്ചലനായി ഇരിക്കുകയായി.

നേരം വീണ്ടും കുറേ കഴിഞ്ഞു. കൂര മുങ്ങിത്തുടങ്ങി. അപ്പുവിന് ഒന്നും ഇനി വയ്യ. അമ്മേ...

ഇടിമുഴക്കമുണ്ടോ? ഒരു ഇരമ്പൽ അടുത്തടുത്തുവരുന്നല്ലോ. കുട്ടൻ വീണ്ടും കുരച്ചുതുടങ്ങി.

**എന്തോ ദേഹത്തു വന്നു മുട്ടുന്നു. പാമ്പാണോ? അപ്പു കണ്ണുതുറന്നപ്പോൾ നനഞ്ഞുവിറയ്ക്കുന്ന ഒരു പട്ടിക്കുട്ടി അവനോടു ചേർന്നുനിൽക്കുകയാണ്. പാവം! അപ്പു അവനെ വാരിയെടുത്ത് മടിയിലിരുത്തി. വെളുത്തനിറം, മുഖം കറുപ്പാണ്. അപ്പു അവനോടു ചോദിച്ചു. 'കുട്ടാ. നമ്മളിവിടെക്കിടന്നു ചത്തുപോകുമോ?' പട്ടിക്കുട്ടി പതുക്കെയൊന്നു നീട്ടിമൂളി.**



അപ്പു മുകളിലേക്കു നോക്കി. അതാ ഒരു ഹെലിക്കോപ്റ്റർ! Indian Navy എന്ന അക്ഷരങ്ങൾ അതിന്റെ പുറത്തു തെളിഞ്ഞു കാണാം. തന്നെ അവർക്കു കാണാനൊക്കുമോ? അപ്പു അവന്റെ നനഞ്ഞ ഷർട്ട് ഊരി അതിവേഗം വീശിത്തുടങ്ങി. 'രക്ഷിക്കണേ രക്ഷിക്കണേ! ' കുട്ടനും കുരച്ചപേക്ഷിച്ചു. 'രക്ഷിക്കണേ! രക്ഷിക്കണേ...!' ആ വിളി ദൈവം കേട്ടുവോ? അതാ ഹെലിക്കോപ്റ്റർ താഴെ വീഴാറായ കൂരയ്ക്കു മുകളിൽ വന്ന് ഗതിവേഗം കുറയ്ക്കുന്നു. അതിന്റെ വാതിൽ തുറന്ന് ഒരു ഏണിപോലെന്തോ താഴോട്ടു വീഴുന്നു. അതിൽ തൂങ്ങി നീല യൂണിഫോമിട്ട ഒരാൾ താണിറങ്ങി വരുന്നു. അപ്പുവിന്റെ നേരേ കൈ നീട്ടുന്നു. 'Catch my hand' അയാൾ ഉച്ചത്തിൽ ആജ്ഞാപിക്കുന്നു. ഒരു കൈയിൽ കുട്ടനെ എടുത്തുകൊണ്ട് അപ്പു കൈ നീട്ടി. അയാൾ ഗർജിക്കുന്നു. 'Leave that dog. Give me both your hands.' സർക്കാർ സ്കൂളിലെ ആറാം ക്ലാസുകാരന് അർഥം മനസ്സിലായി. 'No... No...'അവൻ ഉറക്കെ ക്കരഞ്ഞു. എന്റെ കുട്ടനെ കളയാനൊക്കൂല്ല. വീണ്ടും വീണ്ടും അയാൾ ദേഷ്യപ്പെട്ട് പറഞ്ഞിട്ടും കുട്ടി അനുസരിക്കുന്നില്ല. അയാൾ വന്ന വഴിയിലൂടെ അകത്തേക്കു കയറിപ്പോയി. എല്ലാം തീർന്നു കുട്ടാ! അവർക്കു നിന്നെ വേണ്ട! ഞാനെങ്ങനെ നിന്നെ കളഞ്ഞിട്ടു പോകും! അപ്പു ഉറക്കെ നിലവിളിക്കുകയാണ്. അതാ ഹെലിക്കോപ്റ്റർ വാതിൽ വീണ്ടും തുറക്കുന്നു. എന്തോ താഴേക്കിറങ്ങിവരുന്നു. ഒരു വലിയ കൂടപോലെയെന്തോ ഒന്ന്. കൂടെ ഒരാളുമുണ്ട്. എത്തി. എത്തിപ്പോയി! അയാൾ അപ്പുവിനെ വലിച്ചെടുത്ത് ആ കൂടയിലിട്ടു. കുട്ടൻ അപ്പുവിന്റെ മാറിൽ അള്ളിപ്പിടിച്ചിരുന്നു നിർത്താതെ കുരയ്ക്കുകയാണ്. ആളും കൂടയും ഉയരുന്നു. വെള്ളപ്പരപ്പിനു മുകളിൽ നിന്ന് ആടുന്നു. ഉയരുന്നു. അതിലെപോയ വള്ളങ്ങളിലിരിക്കുന്നവർ കൈകൊട്ടി ആർപ്പു വിളിക്കുന്നു.

ഹെലിക്കോപ്റ്ററിനകത്തിറങ്ങിയ അപ്പു അമ്പരപ്പോടെ ചുറ്റുംനോക്കി. താൻ കണ്ടിട്ടില്ലാത്ത ഒരു വിചിത്രലോകം!

'Welcome son, welcome to you and your dog'. യൂണിഫോം ധരിച്ച പൊക്കമുള്ള ഒരാൾ അപ്പുവിന്റെ തണുത്തുവിറങ്ങലിച്ച കൈപിടിച്ചു കുലുക്കി. നിർത്താതെ കുരയ്ക്കുന്ന കുട്ടനെ നിലത്തിറക്കിനിർത്തി കൈകൂപ്പിക്കൊണ്ട് അപ്പു പറഞ്ഞു. 'താങ്ക്യൂ സാർ!' കുട്ടനും കുരയിലൂടെ നന്ദി പറഞ്ഞു.

ഒരു നിമിഷം കഴിഞ്ഞ് കണ്ണുനീരോടെ തന്റെ തണുത്ത കൈപൊക്കി സല്യൂട്ടടിച്ചുകൊണ്ട് അപ്പു അവരോട് അപേക്ഷിച്ചു. 'I want to join Indian Navy Sir.'

ഹെലിക്കോപ്റ്ററിനുള്ളിൽ കൂട്ടച്ചിരിമുഴങ്ങി.





ദുരിതബാധിത പ്രദേശങ്ങൾ പലതും അവർ ആദ്യമായി കാണുകയും കേൾക്കുകയും ചെയ്യുന്ന സ്ഥലങ്ങളാണ്. റോഡുകളും ഇടവഴികളും വയലുകളും വീടുകളുമെല്ലാം വെള്ളത്തിൽ മുങ്ങിക്കിടക്കുന്നു. ആകെ കാണാൻ കഴിയുന്നത് ഇലക്ട്രിക് ലൈനുകളും പകുതിയിലധികം മുങ്ങിയ വീടുകളുമാണ്. ഇതൊന്നും വലിയ തടസ്സങ്ങളായി മത്സ്യത്തൊഴിലാളികൾക്ക് തോന്നിയില്ല. കാരണം, ശക്തമായ കാറ്റിലും മഴയിലും പോലും കടൽപ്പരപ്പുകളിലേക്ക് പോയി മത്സ്യബന്ധനം നടത്തുന്നവരാണ് അവർ.

# നമുക്കു പഠിക്കാം മനുഷ്യത്വത്തിൻ പാഠം

**മേരി അനീറ്റ, വിപിൻദാസ് തോട്ടത്തിൽ**

മഴ നിർത്താതെ പെയ്യുകയാണ്. ചുറ്റും ഇരുട്ടു മാത്രം. വെള്ളം കൂടിക്കൂടി വരുന്നു. ദീപുവും അമ്മയും രണ്ടാം നിലയിലെ ഈ മുറിയിൽ കയറി ഇരുന്നിട്ട് ദിവസം നാലു കഴിഞ്ഞിരുന്നു. വിശപ്പും ദാഹവും കൊണ്ട് അവർ നന്നേ അവശനായി. ഇപ്പോഴിതാ വെള്ളം തന്റെ മുട്ടോളം എത്തിയിരിക്കുന്നു. പേടിച്ചരണ്ട് അമ്മയെ കെട്ടിപ്പിടിച്ചു നിൽക്കുമ്പോഴാണ് എഞ്ചിന്റെ ശബ്ദം കേട്ടത്. പതുക്കെ അത് അവരുടെ അടുത്തേക്ക് നീങ്ങിവരുന്നു. രക്ഷാപ്രവർത്തനത്തിന് എത്തിയ മത്സ്യത്തൊഴിലാളികളായിരുന്നു അവർ.

ദീപുവിനെയും അമ്മയെയും സ്വന്തം തോൾകാട്ടി താഴെയിറക്കി അവർ വള്ളത്തിലാക്കി. അവരെ കൂടാതെ മുപ്പതിലധികം പേർ ആ വള്ളത്തിൽ ഉണ്ടായിരുന്നു. കുത്തിയൊലിക്കുന്ന വെള്ളത്തിനു മീതെ ആ വള്ളം പാഞ്ഞുപോയി. സുരക്ഷിതമായി അവരെ ദുരിതാശ്വാസക്യാംപിൽ എത്തിച്ചു. പ്രതിഫലമായി പണംകൊടുത്തവരോട് 'കാശ് ഞങ്ങൾക്ക് കടലിൽ പോയാൽ കിട്ടും. പക്ഷെ നിങ്ങളെ കിട്ടില്ലല്ലോ' എന്നായി

രുന്നു അവർ പറഞ്ഞത്.

പതിനെട്ടു വയസിൽ താഴെയുള്ള രണ്ടുലക്ഷത്തിലധികം കുട്ടികളെ നേരിട്ട് ബാധിച്ച പ്രളയമാണ് ഇക്കഴിഞ്ഞ നാളുകളിൽ കേരളത്തിൽ ഉണ്ടായത്. നാൽപ്പത്തിനാല് നദികളാൽ സമ്പന്നമായ നമ്മുടെ നാട് കനത്ത മഴ കാരണം മഹാപ്രളയത്തിലേക്ക് നീങ്ങുകയായിരുന്നു. ഇതിനു മുൻപ് 1924 ൽ ആയിരുന്നു സമാനമായ പ്രളയമുണ്ടായത്. ജലസംഭരണശാലകളായ മുപ്പത്തിമൂന്ന് ഡാമുകൾ തുറക്കേണ്ടി വന്നതും പലയിടങ്ങളിൽ ഉരുൾപൊട്ടിയതും ദുരിതത്തിന്റെ ആഴം കൂട്ടി. 443 പേരുടെ മരണത്തിന് ഇടയാക്കിയ ഈ പ്രളയം അയ്യായിരത്തി അറുന്നൂറിലധികം ഹെക്ടർ കൃഷിഭൂമിയിലാണ് നാശം വിതച്ചത്. പക്ഷെ, ഈ മഹാദുരന്തത്തെ കേരളം ഒരേ മനസ്സോടെ നേരിട്ടു. ഇന്ത്യൻ ആർമി, നാവികസേന, കേരള പോലീസ് എന്നിവർ പ്രളയ സമയത്തു സജീവ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. എന്നാൽ എല്ലാവരെയും അമ്പരപ്പിച്ചുകൊണ്ട് രക്ഷാപ്രവർത്തനത്തിന് എത്തിയത് മത്സ്യത്തൊഴിലാളികൾ ആയിരുന്നു. കേരളജനത ഒന്നടങ്കം അവരെ നെഞ്ചോടു ചേർത്തു. നാവികസേന സല്യൂട്ട് അടിച്ചു ഒപ്പം നിർത്തി. മുഖ്യമന്ത്രിയാകട്ടെ 'കേരളത്തിന്റെ സ്വന്തം സൈന്യമെന്ന്' വിശേഷിപ്പിച്ചു.

തങ്ങളെ ഒരു തരത്തിലും ബാധിക്കാതിരുന്നിട്ടും എന്തുകൊണ്ടായിരിക്കാം മത്സ്യത്തൊഴിലാളികൾ സ്വന്തം വള്ളവുമായി രക്ഷാപ്രവർത്തനത്തിന് ഇറങ്ങി പുറപ്പെട്ടത്? ഇതുവരെ കണ്ടിട്ട് പോലുമില്ലാത്ത സ്ഥലങ്ങളിൽ എങ്ങനെ ആയിരിക്കാം അവർ രക്ഷാപ്രവർത്തനം നടത്തിയത്? അവർ നേരിട്ട വെല്ലുവിളികൾ എന്തെല്ലാമായിരിക്കാം? ജീവന്റെയും അതിജീവനത്തിന്റെയും വില നന്നായി അറിയുന്ന മത്സ്യത്തൊഴിലാളികൾ നടത്തിയ രക്ഷാപ്രവർത്തനം പുതിയകേരള ചരിത്രമാണ്. മഴ എറിഞ്ഞുണ്ടായ കേരളത്തെ തുഴയെറിഞ്ഞു വീണ്ടെടുത്ത ചരിത്രം.

**തങ്ങളെ ഒരു തരത്തിലും ബാധിക്കാതിരുന്നിട്ടും എന്തുകൊണ്ടായിരിക്കാം മത്സ്യത്തൊഴിലാളികൾ സ്വന്തം വള്ളവുമായി രക്ഷാപ്രവർത്തനത്തിന് ഇറങ്ങി പുറപ്പെട്ടത്? ജീവന്റെയും അതിജീവനത്തിന്റെയും വില നന്നായി അറിയുന്ന മത്സ്യത്തൊഴിലാളികൾ നടത്തിയ രക്ഷാപ്രവർത്തനം പുതിയകേരളചരിത്രമാണ്. മഴ എറിഞ്ഞുണ്ടായ കേരളത്തെ തുഴ എറിഞ്ഞു വീണ്ടെടുത്ത ചരിത്രം.**

ആഗസ്റ്റ് പതിനഞ്ചാം തീയതി രാത്രിയാണ് കൊല്ലം ജില്ലാ കളക്ടർ ഡോ. എസ് കാർത്തികേയന്റെ ആവശ്യപ്രകാരം ആറു വള്ളങ്ങൾ ആദ്യമായി പത്തനംതിട്ടയിലേക്ക് പുറപ്പെട്ടത്. തുടർന്നുള്ള ദിവസങ്ങളിൽ തിരുവനന്തപുരത്തു നിന്നും കൊല്ലത്തു നിന്നും കൂടുതൽ വള്ളങ്ങൾ ദുരിതബാധിത പ്രദേശങ്ങളിൽ എത്തി. ഉദാഹരണമായി തിരുവനന്തപുരത്ത് നിന്ന് മാത്രം 121 ബോട്ടുകളിലായി 600 ഓളം മത്സ്യ



തൊഴിലാളികൾ ആണ് രക്ഷാപ്രവർത്തനം നടത്തിയത്. ഗവണ്മെന്റിന്റെ കണക്കനുസരിച്ച് പ്രളയബാധിതരായ 75%പേരെയും രക്ഷപ്പെടുത്തിയത് മത്സ്യത്തൊഴിലാളികളാണ്. സ്വന്തം ജീവൻ പോലും വക വയ്ക്കാതെ ദുരന്തമുഖത്തേക്ക് അവർ ഇറങ്ങി പുറപ്പെടാൻ കാരണം ജീവന്റെ വില എന്താണെന്നു നന്നായി അറിയാവുന്നതു കൊണ്ടാണ്. ഓഖി ചുഴലിക്കാറ്റിൽ ഇരുന്നൂറോളം ജീവനുകളാണ് അവർക്കിടയിൽ നിന്ന് നഷ്ടമായത്. അതുകൊണ്ടു തന്നെ ദുരിതത്തിൽ അകപ്പെട്ടവരെ അവർ സ്വന്തം സഹോദരങ്ങളായി കരുതി. അങ്ങനെ സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും പുതിയ പാഠങ്ങൾ പകർന്നുനൽകി. വള്ളങ്ങൾ ലോറികളിൽ കയറ്റിയാണ് ദുരന്തമുഖത്തേക്ക് മത്സ്യത്തൊഴിലാളികൾ എത്തിയത്. പോലീസ് അകമ്പടി അതിന് അവരെ സഹായിച്ചു. ആഹാരമോ വസ്ത്രമോ ഒന്നുമെടുക്കാതെ

**സ്വന്തം ജീവൻ പോലും വക വയ്ക്കാതെ ദുരന്തമുഖത്തേക്ക് അവർ ഇറങ്ങി പുറപ്പെടാൻ കാരണം ജീവന്റെ വില എന്താണെന്നു നന്നായി അറിയാവുന്നതു കൊണ്ടാണ്. ഓഖി ചുഴലിക്കാറ്റിൽ ഇരുന്നൂറോളം ജീവനുകളാണ് അവർക്കിടയിൽ നിന്ന് നഷ്ടമായത്. അതുകൊണ്ടുതന്നെ ദുരിതത്തിൽ അകപ്പെട്ടവരെഅവർ സ്വന്തം സഹോദരങ്ങളായി കരുതി.**

രണ്ടാമതൊന്ന് ആലോചിക്കുക കൂടിചെയ്യാതെയാണ്മത്സ്യത്തൊഴിലാളികൾ യാത്രയാവുന്നത്. നാട്ടുകാർ തുറമുടക്കിയും വള്ളങ്ങൾ കടലിൽ ഇറക്കാതെയും മനസു കൊണ്ട് അവരോടൊപ്പം രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായി.

ദുരിതബാധിതപ്രദേശങ്ങൾ പലതും അവർ ആദ്യമായി കാണുകയും കേൾക്കുകയും ചെയ്യുന്ന സ്ഥലങ്ങളാണ്. റോഡുകളും ഇടവഴികളും വയലുകളും വീടുകളുമെല്ലാം വെള്ളത്തിൽ മുങ്ങിക്കിടക്കുന്നു. ആകെ കാണാൻ കഴിയുന്നത് ഇലക്ട്രിക് ലൈനുകളും പകുതിയിലധികം മുങ്ങിയ വീടുകളും ആണ്. ഇതൊന്നും വലിയ തടസ്സങ്ങളായി മത്സ്യത്തൊഴിലാളികൾക്ക് തോന്നിയില്ല. കാരണം, ശക്തമായ കാറ്റിലും മഴയിലും പോലും കടൽ പരപ്പുകളിലേക്ക് പോയി മത്സ്യബന്ധനം നടത്തുന്നവരാണ് അവർ. വഴി കാണിച്ചു തരാൻ ഒരു നാട്ടുകാരനെയും പോലീസിനെയും കയറ്റി അവർ യാത്ര തുടങ്ങി. തിരമാലകളെ കീറിമുറിക്കുന്ന കരുത്തും ആഴങ്ങളിൽ വലയെറിഞ്ഞു മീൻ പിടിക്കുന്ന ധൈര്യവും മാത്രമായിരുന്നു അവർക്ക് സ്വന്തമായി ഉണ്ടായിരുന്നത്. അതിനാൽ തന്നെ അവർക്ക്



മനുഷ്യരെ രക്ഷിക്കാനും കഴിഞ്ഞു. കടലിൽ കുതിക്കുന്ന എഞ്ചിനായതിനാൽ പതിയെ പോകുന്നത് ബുദ്ധിമുട്ടാണ്. അതുകൊണ്ട് വള്ളത്തിൽ ആദ്യമിരിക്കുന്നയാൾ കമ്പുകൊണ്ടു കുത്തി വെള്ളത്തിന്റെ ആഴം നോക്കി പിന്നിൽ ഇരിക്കുന്നയാൾക്ക് നിർദേശം നൽകും. കടലിൽ പണിക്കു പോകുന്നതും ഇങ്ങനെയാണ്. വഴിയിൽ ഉടനീളം അവർക്ക് പല തടസ്സങ്ങളും നേരിടേണ്ടി വന്നു. ശക്തമായ ഒഴുക്ക്, കൂറ്റൻ മതിൽക്കെട്ടുകൾ, മരങ്ങൾ, വിഷപ്പാമ്പുകൾ ഇവയെ എല്ലാം വകഞ്ഞു മാറ്റി അവർ യാത്ര തുടർന്നു. കുടുങ്ങിക്കിടക്കുന്നവരുടെ അടുത്ത് എത്തിയപ്പോൾ കേട്ട നിലവിളികൾ അവരെ വേദനിപ്പിച്ചു. ഉടനെ വള്ളം അടുപ്പിച്ചു 'പേടിക്കണ്ട, ഞങ്ങളുണ്ട്' എന്ന ഉറപ്പു നൽകി ഓരോരുത്തരെയായി വള്ളത്തിൽ കയറ്റി. നീന്തിയും പ്രായമായവരെ തോളിലെടുത്തും ബാക്കിയുള്ളവർക്ക് ചവിട്ടിക്കയറാൻ സ്വന്തം ശരീരം കാണിച്ചു കൊടുത്തും അവർ മനുഷ്യസ്നേഹത്തിന്റെ ആഴങ്ങൾ വെളിപ്പെടുത്തി. ദുരിതാശ്വാസ ക്യാമ്പുകളിൽ കൊണ്ടുപോകുന്ന വഴി പേടിച്ചു വിറച്ചിരിക്കുന്നവർക്ക് പാട്ടുപാടിയും കഥപറഞ്ഞും സന്തോഷവും ധൈര്യവും പകർന്നുകൊടുത്തു. ആ കൂട്ടത്തിൽ ഓഖിയിൽ ദിവസങ്ങളോളം കടലിൽ കിടന്നു, ഒടുവിൽ രക്ഷപ്പെട്ട അനുഭവകഥകളും ഉണ്ടായിരുന്നു. കൈക്കുഞ്ഞുങ്ങളും കുട്ടികളും രോഗികളും പ്രായമായവരുമെല്ലാം മത്സ്യത്തൊഴിലാളികൾ രക്ഷിച്ചവരുടെ കൂട്ടത്തിൽ പെടുന്നു. ഹെലികോപ്റ്ററുകൾക്ക് അടുക്കാനാവാത്ത വീടുകളിൽ കുടുങ്ങി കിടന്നവരെയും ആർമിക്ക് എത്തിപ്പെടാനാവാത്ത സ്ഥലങ്ങളിലെ ആളുകളെയും അതിസാഹസികമായാണ് അവർ രക്ഷിച്ചത്. കുടിവെള്ളവും ഭക്ഷണപായ്ക്കറ്റുകളും കൂടെ കൊണ്ടുപോയി, ആവശ്യക്കാർക്ക് നൽകി. അതിരാവിലെ മുതൽ രാത്രി വരെ ഭക്ഷണം പോലും വേണ്ടെന്നു വച്ച് അവർ രക്ഷാപ്രവർത്തനം സജീവമായി നടത്തി. രാത്രികളിൽ കടത്തിണ്ണകളിൽ ആണ് പലരും കിടന്നുറങ്ങിയത്. എങ്കിലും അവർ ആരോടും പരാതി പറഞ്ഞില്ല. പ്രതിഫലമായി സർക്കാർ പ്രഖ്യാപിച്ച മൂവായിരം രൂപ സ്നേഹപൂർവം നിരസിച്ചു. കേടുപാടുകൾ പറ്റി പൊട്ടിയ വള്ളങ്ങൾ ശരിയാക്കി തരണമെന്ന് മാത്രമാണ് അവർ അഭ്യർഥിച്ചത്.



ഇത്രയേറെ കഷ്ടപ്പാടുകൾ സഹിച്ച ഇവർക്ക് ചെറിയ തരത്തിൽ ഉള്ള ദുരനുഭവങ്ങളും നേരിടേണ്ടി വന്നു. മത്സ്യത്തൊഴിലാളികളായതുകൊണ്ട് ബോട്ടുകളിൽ കയറാൻ വിസമ്മതിച്ചവർ, നാവികസേന വന്നാലേ പോകൂ എന്ന് വാശി പിടിച്ചവർ, ദിവസങ്ങൾ കഴിഞ്ഞുപോയതുകൊണ്ട് ദേഷ്യപ്പെട്ടവർ... അങ്ങനെ കുറെയേറെ അനുഭവങ്ങൾ.

പക്ഷെ അതൊന്നും അവർ കണക്കിലെടുക്കുന്നില്ല. പതിനായിരക്കണക്കിനാളുകളുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞതിന്റെ അഭിമാനത്തിലാണവർ. നമുക്കും തലയുയർത്തി പറയാം, കേരളത്തിന് സ്വന്തമായി ഒരു നാവികസേന ഉണ്ടെന്നും അത് ഇവിടത്തെ മത്സ്യത്തൊഴിലാളികൾ ആണെന്നും.

# ബൊമ്മക്കുട്ടി

എം കൃഷ്ണദാസ്

ഉറക്കത്തിൽ എടുത്തു കൊണ്ടു പോന്നതു കൊണ്ട് ദയ ഒന്നും അറിഞ്ഞില്ല. ഉറങ്ങാൻ കിടക്കുമ്പോൾ മഴ തുടങ്ങിയിരുന്നു. ദുർബലമായതോണ്ട് അതത്ര ശ്രദ്ധിച്ചിരുന്നില്ല. ശക്തമായ കാറ്റിൽ ജനാൽപ്പാളി ഉറക്കെ വന്നടഞ്ഞപ്പോഴാണ് ഞെട്ടിയുണർന്നത്.

പുറത്തെ, പെരുകുന്ന മഴപ്പെയ്ത്തും തണുപ്പും തടുത്തു നിർത്താനായി, ജനലടയ്ക്കാൻ വേണ്ടി കട്ടിലിൽ നിന്നുമിറങ്ങിയത് വെള്ളത്തിലേക്കാണ്. എവിടുന്ന്, എങ്ങനെ വന്നു ഇവിടെ വെള്ളമെന്നു നോക്കാൻ, തിരക്കിട്ടു ചെന്ന് സ്വിച്ചിട്ടപ്പോൾ കറന്റില്ല.



വര:ഗോപു പട്ടിത്തറ

ഉള്ളിൽ ഭയം പെരുത്തു കയറി. എന്താണ് സംഭവിക്കുന്നതെന്ന് ഒരു എത്തും പിടിയും കിട്ടിയില്ല. മഴയുടെ ആനച്ചവുട്ട് പുറത്തു നിന്നു കേൾക്കുന്നുണ്ട്. കാറ്റിന്റെ ഈച്ചക്കൂട്ടം ജനലിൽ വന്നിടിക്കുന്നുണ്ട്. എമർജൻസി ലാംപ് വെച്ച സ്ഥലം ഓർമ വരുന്നില്ല. നിലത്തു വെള്ളം കൂടിക്കൂടി വരുന്നു. ജനാലപ്പടിയിൽ വെച്ച മൊബൈൽ ഫോണിന്റെ ഓർമ വന്നു. അതെടുക്കാൻ കട്ടിലിൽ പിടിച്ച്, വെള്ളത്തിലൂടെ നടന്നുചെല്ലുന്ന നേരത്ത് വാതിലിൽ തട്ട് കേട്ടു. കാറ്റിടിച്ചതാവുമെന്നു കരുതി ഇരുട്ടിലെ നടത്തം തുടരുമ്പോൾ...

'ടീച്ചറേ, വാതിലു തൊറക്കിൻ... '

'പുറത്ത് വെള്ളപ്പൊക്കമാ ടീച്ചറേ.....'

പരിചയം വെച്ച് ഉമ്മറ വാതിലിലേക്ക് തപ്പിപ്പിടിച്ചു ചെല്ലുമ്പോൾ ജനൽച്ചില്ലുകൾക്കിടയിലൂടെ ടോർച്ചിന്റെ വെപ്രാളവെളിച്ചങ്ങൾ അകം മുഴുവൻ തിരയുന്നു. വെളിച്ചത്തിൽ വാതിലു തുറന്നപ്പോൾ മുറ്റമെത്തിയ പുഴയെ കണ്ടു. ഞെട്ടിത്തരിക്കാൻ നേരം കിട്ടും മുന്നെ...

'മോളെ എടുക്കൂ ടീച്ചറേ, വേഗം ഇവിടുന്നു രക്ഷപ്പെടണം...'

പുറത്ത് ആരാണെന്നൊന്നും നോക്കിയില്ല. രക്ഷകരാണെന്നു മാത്രം മനസ്സിലായി. അടിച്ചുതന്ന ടോർച്ചു വെളിച്ചത്തിൽ നടന്നുചെന്ന്, കട്ടിലിൽ നിന്നും ദയയെ എടുത്തു. ചുമലിൽ കിടത്തുമ്പോഴോ, മുറി നിറയുന്ന വെള്ളത്തിലൂടെ നടക്കുമ്പോഴോ അവൾ ഉണർന്നതേയില്ല. കിടത്തിയിരുന്ന പുതപ്പുകൊണ്ട് തല മൂടിപ്പിടിച്ചതുകൊണ്ട് അവളുടെ ഉറക്കത്തിന് ഒരു തടസ്സവുമുണ്ടായില്ല.

ആരോ ഒരാൾ ഇടതുഭാഗത്തു നിന്നു കുടപിടിച്ചു തന്നു. മുന്നിലും പിന്നിലും ടോർച്ചടിച്ചുകൊണ്ട് രക്ഷകർ അരയ്ക്കൊത്താറായ വെള്ളത്തിലൂടെ നടന്നു.അവർക്കിടയിൽ സുരക്ഷിതമായി നടക്കുമ്പോഴും, മഴ കാട്ടിയ കുതന്ത്രമാണ് ഓർത്തത്.

ചെന്നു കേറിയപ്പോഴാണ് സഹപ്രവർത്തക മാലതി ടീച്ചറുടെ വീടാണെന്നു തിരിച്ചറിഞ്ഞത്. ടീച്ചർ തുറന്നുതന്ന വാതിലിലൂടെ അകത്തേക്കു കയറി തിരിഞ്ഞുനോക്കിയപ്പോഴേക്കും കൊണ്ടുവന്നാക്കിയ വെളിച്ചങ്ങൾ ഗേറ്റുകടന്നു പോയിരുന്നു.

ദയയെ കിടത്തി തിരിച്ചു വാതിൽക്കലേക്ക് നടക്കുമ്പോൾ, വാതിൽക്കൽ നിന്ന മാലതി ടീച്ചർ പറഞ്ഞു:

‘സമാധാനമായി ഉറങ്ങിക്കോളൂ, ബാക്കിയെല്ലാം നേരം വെളുത്തിട്ടു പറയാം...’

ഉറങ്ങിയതൊന്നുമില്ല. മഴയുടെ അത്ഭുതക്രിയ ഓർത്ത് വെറുതെ കിടന്നു.

‘ന്റെ ബൊമ്മക്കുട്ടിയെവിടെ...? ’

ദയയുടെ പൊട്ടിക്കരച്ചിൽ കേട്ടാണ് കണ്ണുതുറന്നത്. അവളുടെ പ്രിയപ്പെട്ട കളിക്കോപ്പാണ് ബൊമ്മക്കുട്ടി. അതില്ലാതെ അവൾ നടക്കില്ല. രാപകലില്ലാതെ അവളുടെ തുണയാണ് അത്. അവളുടെ ഇഷ്ടം കാരണം ടീച്ചറിനും അതിനോട് ഇത്തിരി ഇഷ്ടമൊക്കെയുണ്ട്. പക്ഷെ, അതിനേക്കാൾ വിലപിടിച്ചതെല്ലാം, ഉടുതുണിക്ക് മറുതുണിയില്ലാതെ വെള്ളത്തിലിട്ടു പോന്നതാണ്. എന്നാലും, അവളെ സമാധാനിപ്പിക്കാൻ വേണ്ടി പറഞ്ഞു:

“കുഞ്ഞാ, നമുക്ക് ഇപ്പൊ വീട്ടിൽ പോയി അത് എടുക്കാട്ടൊ...”

**ദയയുടെ പൊട്ടിക്കരച്ചിൽ കേട്ടാണ് കണ്ണുതുറന്നത്. അവളുടെ പ്രിയപ്പെട്ട കളിക്കോപ്പാണ് ബൊമ്മക്കുട്ടി. അതില്ലാതെ അവൾ നടക്കില്ല. രാപകലില്ലാതെ അവളുടെ തുണയാണ് അത്. അവളുടെ ഇഷ്ടം കാരണംടീച്ചറിനും അതിനോട് ഇത്തിരി ഇഷ്ടമൊക്കെയുണ്ട്. പക്ഷെ,അതിനേക്കാൾ വില പിടിച്ചതെല്ലാം, ഉടുതുണിക്ക് മറുതുണിയില്ലാതെ വെള്ളത്തിലിട്ടുപോന്നതാണ്.**

അവളേക്കാൾ എനിക്കായിരുന്നു, വീട്ടിലെത്താൻ കൂടുതൽ ധൃതിയെന്ന്, അവളുണ്ടോ അറിയുന്നു. തിരക്കിൽ വീടു പൂട്ടിയിട്ടുണ്ടോ എന്നുപോലും ഓർമയില്ല. വീടിന്റെ ആധാരമെങ്കിലും നനയാതെ കിട്ടുമോ എന്ന് സംശയമാണ്. മഴയിൽ എന്തെല്ലാം ഒലിച്ചുപോയിട്ടുണ്ടാവുമോ ആവോ...?

“മഴ കുറഞ്ഞല്ലൊ മാലതി ടീച്ചറെ, വീട്ടിലേക്കൊന്നു പോയാലോ...?”

ടീച്ചർ കൊണ്ടുവന്ന കട്ടൻ കാപ്പി വാങ്ങുമ്പോൾ ആകാംക്ഷയോടെ ചോദിച്ചു.

“മഴയുടെ കനം കുറഞ്ഞിട്ടില്ല. പോരാത്തതിന് വെള്ള



മിറങ്ങുന്നേയുള്ളൂ. ആരെങ്കിലും വരട്ടെ എന്നിട്ടു പോയി നോക്കാം.''

''ഞാൻ വീട് പൂട്ടിയിരുന്നോ എന്നു പോലും ഓർമയില്ല ടീച്ചറേ...''

''മധുവേട്ടൻ ഒപ്പണ്ടായിരുന്നു. മൂപ്പർ തന്നെ വീടുപൂട്ടി താക്കോൽ ദാ മേശപ്പുറത്തു വെച്ചിട്ടാ പോയത്...''

''ക്ക് ന്റെ ബൊമ്മക്കുട്ടിയെപ്പൊ കാണണം അമ്മാ... ''

ദയ വീണ്ടും ചിണുങ്ങിക്കൊണ്ട് വന്നു.

''നമുക്കൊന്നു പോയി നോക്കിയാലോ ടീച്ചറെ... ''

''മധുവേട്ടനിങ്ങു വരട്ടെ, എന്നിട്ട് പോവാം ടീച്ചറേ...''

''വെളിച്ചായില്ലേ, നമുക്ക് പോയി നോക്കാം...''

മനമില്ലാ മനസ്സോടെ മാലതി ടീച്ചറോടൊപ്പം മകളെ ഒക്കത്തെടുത്തുകൊണ്ട് ഞാനും ഇറങ്ങി. റോഡിലേക്ക് കയറിയ പുഴയിലൂടെ മുന്നിൽ തപ്പിപ്പിടിച്ചുകൊണ്ട് മാലതി ടീച്ചർ നടന്നു. വെള്ളത്തിൽ അവരുടെ കാലടികളെ പിന്തുടർന്നുകൊണ്ട് ദയയുമായി ഞാനും ഇഴഞ്ഞു.

മഴയില്ലെന്നു മാത്രം. ഒഴുകിപ്പോകാൻ ഇടം കാണാതെ വഴിമുട്ടിയ വെള്ളം, ഓരോ ഗേറ്റിലും മുട്ടിവിളിച്ചു നിൽക്കുന്നു.

പരുക്ക് പറ്റിയ സ്വന്തം വീടിനെ ദൂരെ നിന്നേ കണ്ടു. പിന്നെ, ഒരടി നടക്കാനായില്ല. മാലതി ടീച്ചർ തിരികെവന്ന് കൈയിൽ പിടിച്ചാണ് മുറ്റത്തേക്ക് കയറ്റിയത് തോർന്നു തുടങ്ങിയ വെള്ളം ഉമ്മറപ്പടി കാണിച്ചു. ദയയെ ചളിപുരണ്ട അവിടെ നിറുത്തി വേഗം വാതിൽ തുറന്നു. മാലതി ടീച്ചർ കണ്ണിൽ സങ്കടം നിറച്ച് ഞങ്ങളെ നോക്കിക്കൊണ്ട് മുറ്റത്തു തന്നെ നിന്നു.

വാതിലു തുറന്നു നോക്കിയപ്പോൾ, ചളിവെള്ളം നിറഞ്ഞ ഇടനാഴി. അലങ്കോലമായ അകമുറി. വേഗം നടന്ന് കിടപ്പുമുറിയിലേക്ക് ചെന്നു. അവിടെ, പെരുത്തു കയറിയ വെള്ളം താണിട്ടുണ്ടെങ്കിലും മരസാമാനങ്ങളും തുണിത്തരങ്ങളും നനഞ്ഞുകുതിർന്നിരുന്നു. കട്ടിലിനു താഴെ ചെളിവെള്ളത്തിൽ ആണ്ടുകിടക്കുന്ന ദയയുടെ ബൊമ്മക്കുട്ടിയെ കണ്ടു. അതിന്റെ കിടപ്പുകണ്ടപ്പോൾ എനിക്കുതന്നെ സങ്കടം തോന്നി.

മെല്ലെ അതിനെ എടുത്ത് സാരിത്തലപ്പുകൊണ്ട് ചെളിതുടച്ചുകളഞ്ഞു. നിറംമങ്ങിയ അതിന്റെ മുഖത്തും കണ്ണിലും നിറയുന്ന കണ്ണുകളോടെ ഉമ്മകൊടുത്തുകൊണ്ട് പുറത്തേക്കിറങ്ങുമ്പോൾ അത്യാകാംക്ഷയോടെ ദയ, ഇടവഴിയിലെ ചെളി കൂട്ടാക്കാതെ അടുത്തേക്ക് ഓടിവന്നു. ഒരു കൈകൊണ്ട് അവളേയും കോരിയെടുത്തു. രണ്ടുപേർക്കും നനവുള്ള ഉമ്മകൾ പകരുമ്പോൾ പുറത്ത്, സൂര്യൻ കരുണയോടെ തെളിഞ്ഞു വന്നു.

---

കവിത

# പിടിയില്ലാക്കുട

**ലതീഷ് കീഴല്ലൂർ**



വര: ആശ ആർ

ഉണ്ണിക്കുണ്ടൊരു ചെറിയ കുട
അച്ഛനുമമ്മയ്ക്കും വലിയ കുട
വയലിൽ കൊയ്ത്തിനു പോകും പെണ്ണിന്
തലയിൽചൂടാനോലക്കുട
അപ്പൂപ്പന്ന് മുതുകിൽ തൂക്കാൻ
കാലു വളഞ്ഞൊരു പഴയകുട
സുന്ദരിയാമീഭൂമിപ്പെണ്ണിന്
പിടിയില്ലാക്കുടയാകാശം.



# മഞ്ഞക്കുരുവി വാ! വാ! വാ!

ചന്ദ്രശേഖരൻ പന്തളം

മഞ്ഞക്കുരുവീ വാ! വാ! വാ!
എന്നോടൊത്തു കളിക്കാൻ വാ!
കുഞ്ഞിച്ചിറകിന്മേലെല്ലാം
മഞ്ഞൾ പുരട്ടിയതാരാരോ!


മുറ്റത്തെ പുതുപൂവുകളിൽ
പറ്റിയിരിക്കാൻ തേൻനുകരാൻ
പാട്ടുകൾപാടി വരുന്നൂ നീ;
വീട്ടിലിരിക്കുക സുഖമല്ലേ?

അമ്മക്കുരുവി വിളിക്കില്ലേ?
അങ്ങോട്ടുടനെ പോവേണ്ടേ?
അമ്മ വിളിപ്പൂ, പോട്ടേ, ഞാൻ!
അനുസരണക്കേടരുതല്ലോ!



വര: ടി ആർ രാജേഷ്

# ഉണ്ണിയാർച്ച



പുത്തൂരം വീട്ടിലെ ആർച്ചയും ആറ്റും മണമേലെ കുഞ്ഞിരാമനും തമ്മിലുള്ള വിവാഹം നടന്നു. ഒരു നാൾ...
ങ്ങേ, അല്ലി മലർക്കാവിലെ പൂരം!
എന്താ, ആർച്ചേ, ഞെട്ടി ഉണർന്നത്? നീ വല്ല സ്വപ്നവും കണ്ടോ?
നല്ല ചേലൊത്ത സ്വപ്നം. അല്ലിമലർ ക്കാവിലെ പൂരം കണ്ട്, അയ്യപ്പൻകാവിലെ വിളക്കു കണ്ട്... ഞാനങ്ങനെ നടക്കുകയായിരുന്നു..
ഇത്തവണ ഏതായാലും പൂരത്തിനു പോകണം. നാളെ രാവിലെ നേരത്തേ കഞ്ഞി കുടിച്ച് പുറപ്പെടാം.
അതു വേണ്ട. നാദാപുരത്ത് അക്രമികളുണ്ട്. അവർ വഴിയാത്രക്കാരെ തടഞ്ഞു നിർത്തി കൊള്ളയടിക്കും.
ഹും, പുത്തൂരം വീട്ടിലെ ആരോമൽ ചേകവരുടെ നേർപെങ്ങളാ ഞാൻ. എനിക്കു ഭയമില്ല.




© JINGLE BELL CREATIONS







ങേ, തർക്കുത്തരം പറയുന്നോ? അടിച്ചു ഞാൻ–
വാൾത്തലകൊണ്ട് മറുപടി തരാം...
ങേ?
ആർച്ച ഉറുമി വീശുന്നു...
അയ്യോ...
അയ്യോ...
ഊം, എവിടെയാണ് നിങ്ങളുടെയൊക്കെ തലവൻ?
പറയാമേ.. കൊല്ലല്ലേ...

അങ്ങനെ നാദാപുരത്ത് ഭീതിവിതച്ച അക്രമിസംഘം ആർച്ചയുടെ മുന്നിൽ കീഴടങ്ങി...



# അന്നൊരു മായാരാത്രി


വി എം ഗിരിജ



അന്നൊരു മായാരാത്രിയിലങ്ങനെ–
യങ്ങനെ വീട് ചുരുങ്ങീ.
ചൂളിയൊതുങ്ങീ മുറികൾ, ഗോവണി
താനേ പടികൾ കുറച്ചൂ;
ചുമരുകൾ ചെറുതായ് തീർന്നൂ, പുസ്തക
നിരകൾ ചുമരോടൊട്ടീ.

ജന്നലിനപ്പുറമൊരു പ്ളാവിൻകൊ–
മ്പെന്തിനു കാവടി തുള്ളീ.
മണ്ണിനെയൂട്ടാൻ നൂറമ്മിഞ്ഞക–
ളുള്ളൊരു പെണ്ണായ് മാറീ.
മഞ്ഞച്ചെമ്പൻ ചിറകൻ കിളി പോൽ
പൊന്നിൻ പ്ലാവില പാറീ.
പച്ചപ്പലനിറമോലും ചില്ലകൾ
നൃത്തച്ചുവടാർന്നാടീ.
‘കഞ്ഞി കുടിക്കാനമ്മമ്മക്കൈ വന്നു
പെറുക്കുമ്മുൻപേ, കണ്ണന്
വാച്ചും കുഞ്ഞിത്തൊപ്പിയുമുണ്ടാക്കാനായ്
പോരൂ’..,കണ്ണനുറങ്ങും മുറി–
യിലുരുമ്മിച്ചില്ലത്തുമ്പു മൊഴിഞ്ഞൂ.

വര: അനീഷാതമ്പി



രാവിലെയായി, നിലത്തേയിലകൾ
ഒരാടിൻ വായിലരഞ്ഞൂ;

അണ്ണാന്മാർ വാൽ പൊക്കി മതിർക്കു
മൊരമ്മിഞ്ഞക്കണ്‍ തപ്പീ.

കാക്കകൾ കൊക്കാൽ മുറിവേൽപ്പിക്കാ
താർത്തിയടക്കിയിരിപ്പായ്.

അച്ഛനുമമ്മയുമത്ഭുതപൂർവം
ചുറ്റും നോക്കി നടന്നൂ;
'വീടിന്നരികിൽ പൊൻപഴമരവും
കേടാണുടനെ മുറിക്കും'
വാളുകുലുക്കി നടന്നവരയ്യാ
വായ പൊളിച്ചു കിതപ്പൂ.
വീടിൻ മുകളിലെ മേച്ചിലിനൊട്ടും
കേടൊന്നും കാണ്മീലാ
അത്രയടുത്ത് പടർന്നൊരു വൃക്ഷം
ഒരിത്തിരിയകലത്തായോ?!

പ്ളാവിൻ കൊമ്പുകൾ വീടിന്നൊട്ടുമൊരൂ-
നവുമേൽപ്പിക്കാതേ, ദൂരേ
നിന്ന് ചിരിപ്പൂ, മായാ രാവത് കണ്ടുകുതിപ്പൂ.

# കുണ്ടറ വിളംബരവും സ്വാതന്ത്ര്യസമരവും

പ്രൊഫ. വി കാർത്തികേയൻ നായർ

ബ്രിട്ടീഷ് ഭരണാധികാരികളുടെ വഞ്ചനയും അധികാരമോഹവും തുറന്നുകാട്ടുകയും വിദേശ ആധിപത്യത്തിനെതിരെ പൊരുതാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുകയും ചെയ്ത ഒന്നായിരുന്നു വേലുത്തമ്പി ദളവയുടെ പ്രസിദ്ധമായ കുണ്ടറ വിളംബരം. 1809 ജനുവരി 15 ന് പുറപ്പെടുവിച്ച കുണ്ടറ വിളംബരത്തെ കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ ഈ ലേഖനം വായിക്കൂ...

കുണ്ടറ, മണ്ണടി, കണ്ണമ്മൂല, തലക്കുളം എന്നിങ്ങനെയുള്ള സ്ഥലനാമങ്ങൾ കൂട്ടുകാരിൽ ചിലരെങ്കിലും കേട്ടിട്ടുണ്ടാവുമല്ലോ. വെറും സ്ഥലനാമങ്ങളെന്നതിനപ്പുറം എന്തെങ്കിലും പ്രാധാന്യം ഈ സ്ഥലങ്ങൾക്കുണ്ടോ? ഓരോ സ്ഥലപ്പേരിനും ഒരു കാരണമുണ്ടാവും, ചരിത്രമുണ്ടാവും. പേരുണ്ടാവുന്നതിനെക്കാൾ പ്രാധാന്യം ചരിത്രത്തിനുണ്ടാവും.

മേൽപ്പറഞ്ഞ നാലു സ്ഥലപ്പേരുകളുമുണ്ടാവാൻ കാരണം പലതുണ്ടാവുമെങ്കിലും അവയെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയുണ്ട് ചരിത്രത്തിൽ. ആ കണ്ണിയാണ് ചരിത്ര പുരുഷനായ വേലുത്തമ്പിദളവ. തലക്കുളത്ത് ജനിച്ചുവളർന്ന്, കുണ്ടറയിൽ വച്ച് സമരപ്രഖ്യാപനം നടത്തി, മണ്ണടിയിൽ വച്ച് രക്തസാക്ഷിത്വം വരിച്ച്, കണ്ണമ്മൂലയിൽ സംസ്കരിക്കപ്പെട്ട വേലുത്തമ്പിദളവ. കേരളത്തിലെ ബ്രിട്ടീഷ് വിരുദ്ധകലാപത്തിന് സാക്ഷ്യം വഹിച്ച ദുരന്തദശകത്തിലെ ത്രിമൂർത്തികളിൽ പ്രമുഖൻ. പഴശ്ശിയും പാലിയത്തച്ചനും വേലുത്തമ്പിയും വിദേശാധിപത്യത്തിനെതിരെ പോരാടിയ ധീര ദേശാഭിമാനികൾ.

മേൽപ്പറഞ്ഞ മൂന്നുപേരിൽ ഏറെ വ്യത്യസ്തനായ വ്യക്തിയാണ് വേലുത്തമ്പി. എന്തെന്നാൽ താൻ ചെയ്യാൻ പോകുന്ന കാര്യത്തെപ്പറ്റിയും അതിന്റെ കാരണത്തെപ്പറ്റിയും എഴുതി തയ്യാറാക്കിയ ഒരു പ്രഖ്യാപനം നടത്തിയത് വേലുത്തമ്പി മാത്രമാണ്. അതാണ് കുണ്ടറ വിളംബരം.

കൊല്ലം ജില്ലയിലെ ഒരു പ്രധാനപ്പെട്ട സ്ഥലമാണ് കുണ്ടറ. കൊല്ലത്തുനിന്നും കിഴക്കോട്ടു സഞ്ചരിച്ച് സഹ്യപർവതത്തിലെ ഒരു മലമ്പാത


വേലുത്തമ്പി ദളവ



ഫോട്ടോ: Path Slopu

മണ്ണടിയിലെ വേലുത്തമ്പി ദളവ മ്യൂസിയം

കടന്ന് തമിഴ്നാട്ടിലേക്കു പോകുന്ന വളരെ പഴക്കം ചെന്ന കച്ചവടപ്പാതയിലുള്ള ഒരു സ്ഥലമാണ് കുണ്ടറ. കേരളസംസ്ഥാനം രൂപീകൃതമാവുന്നതിനു മുമ്പ് മൂന്ന് വ്യത്യസ്തഭരണപ്രദേശങ്ങളായി കിടന്നിരുന്ന നാട്ടുരാജ്യങ്ങളിലൊന്നായ തിരുവിതാംകൂറിലെ വളരെ പ്രധാനപ്പെട്ട ഒരു കച്ചവടനഗരമായിരുന്നു കൊല്ലം. പടിഞ്ഞാറു നിന്നും കടൽമാർഗമുള്ള വിദേശകച്ചവടക്കാർ കൊല്ലം പട്ടണത്തിലായിരുന്നു താവളമടിച്ചിരുന്നത്. കിഴക്കുനിന്നും മലഞ്ചരക്കുകൾ കൊണ്ടുവന്ന് സംഭരിച്ച് വിദേശക്കച്ചവടക്കാർക്ക് വിൽക്കുന്നതും അവിടെവച്ചായിരുന്നു. നന്നേ ചെറിയ നാട്ടുരാജ്യമായിരുന്ന വേണാടിന്റെ കാലം മുതൽ കൊല്ലം ആഭ്യന്തരവും വൈദേശികവുമായ വ്യാപാരത്തിന്റെ കേന്ദ്രമായിരുന്നു. അതിപ്രാചീനകാലത്ത് ചീനരും സിറിയാക്കാരും പലസ്തീൻകാരും അറേബ്യാക്കാരും കച്ചവടച്ചരക്കുകൾ അന്വേഷിച്ച് ഇവിടെത്തിയിരുന്നു. അവരുടെ ഉൽപ്പന്നങ്ങൾ ഇവിടെ കൊണ്ടുവന്ന് വിപണനം ചെയ്തിരുന്നു. ചീനച്ചട്ടിയും ചീനഭരണിയും ചീനവലയും ചീനവെടിയുമെല്ലാം നമുക്കേറെ പരിചിതമാണല്ലോ.

കൊല്ലംജില്ല കായലുകളാൽ സമൃദ്ധമാണ്. പരവൂർക്കായലും അഷ്ടമുടിക്കായലും ശാസ്താംകോട്ട കായലും ജനജീവിതത്തെയും സംസ്കാരത്തെയും രൂപപ്പെടുത്തിയ ജലാശയങ്ങളായിരുന്നു. അഷ്ടമുടിക്കായലിൽ വന്നുചേരുന്ന കല്ലടയാറും പ്രാധാന്യമുള്ളതാണ്. അഷ്ടമുടിക്കായലിനോടു ചേർന്നു സ്ഥിതിചെയ്യുന്ന ഒരു പ്രധാന സ്ഥലമാണ് കുണ്ടറ.

ആരുവാമൊഴി മുതൽ ആലുവാപ്പുഴ വരെ വ്യാപിച്ചിരുന്ന തിരുവിതാംകൂർ എന്ന നാട്ടുരാജ്യം സ്ഥാപിച്ചത് മാർത്താണ്ഡ വർമ രാജാവായിരുന്നു. ആരുവാമൊഴി മുതൽ ആറ്റിങ്ങൽ വരെ മാത്രം വിസ്തൃതിയുണ്ടായിരുന്ന വേണാടിലെ ഇളയരാജാവായിരുന്ന മാർത്താണ്ഡവർമ 1729-ലാണ് അധികാരമേറ്റത്. ദേശിങ്ങനാട് എന്ന പേരിലറിയപ്പെട്ടിരുന്ന കൊല്ലവും ഇളയിടത്തു സ്വരൂപം എന്നറിയപ്പെട്ടിരുന്ന കൊട്ടാരക്കരയും മുതൽ കൊച്ചി രാജ്യത്തിന്റെ ഭാഗമായിരുന്ന പറവൂരും ആലങ്ങാട്ടും വരെയുള്ള പ്രദേശങ്ങൾ ആക്രമിച്ച് കീഴ്പ്പെടുത്തി തിരുവിതാംകൂർ എന്ന വിശാലമായ രാജ്യം സ്ഥാപിച്ചത് മാർത്താണ്ഡ വർമയായിരുന്നു. ബ്രിട്ടീഷുകാരുമായി നല്ല ബന്ധം തുടരണമെന്ന തന്റെ മുൻഗാമിയുടെ നിർദേശം അദ്ദേഹം ശിരസ്സാവഹിച്ചു.

ബ്രിട്ടീഷുകാർ കേരളതീരത്ത് എത്തുന്നതിനു മുൻപ് പോർച്ചുഗീസുകാരും ഡച്ചുകാരുമായിരുന്നു യൂറോപ്യൻ വാണിജ്യത്തിന്റെ ചുക്കാൻ പിടിച്ചിരുന്നത്. പോർച്ചുഗീസുകാരുടെ പതനത്തിനുശേഷം ഡച്ചുകാരായിരുന്നു കൊച്ചി മുതൽ തെക്കോട്ടുള്ള തീരപ്രദേശം വഴിയുള്ള വാണിജ്യത്തെ നിയന്ത്രിച്ചിരുന്നത്. ശ്രീലങ്കയിൽ അവർക്കുണ്ടായിരുന്ന നിയന്ത്രണം ഇതിനെ സഹായിക്കുകയും ചെയ്തു.

വേണാടിന്റെ സാമ്പത്തികരംഗം നിയന്ത്രിച്ചിരുന്നത് മാടമ്പിമാർ എന്ന പേരിലറിയപ്പെട്ടിരുന്ന ജന്മിമാരായിരുന്നു. വിദേശകച്ചവടക്കാർക്ക് നാട്ടുകാരായ കൃഷിക്കാരിൽ നിന്ന് ചരക്കുകൾ ശേഖരിച്ച് വിൽപ്പന നടത്തിയിരുന്നത് ഇവരായിരുന്നു. അതിനാൽത്തന്നെ വിദേശവ്യാപാരത്തിലും സമ്പത്തിലും അധികാരത്തിലും നിർണായക സ്വാധീനമുണ്ടായിരുന്നു. ഇവരുമായിട്ടായിരുന്നു ഡച്ചുകാർ കച്ചവടക്കാര്യങ്ങളിൽ ഏർപ്പെട്ടിരുന്നത്. എന്നാൽ ഇംഗ്ലീഷുകാരുടെ വരവോടുകൂടി ചില മാറ്റങ്ങൾ വന്നു. ആറ്റിങ്ങൽ റാണിയുടെ അനുവാദത്തോടുകൂടി ഇംഗ്ലീഷുകാർ അഞ്ചുതെങ്ങിൽ ഒരു കോട്ട പണിയുകയും ചില മാടമ്പിമാരെ സ്വാധീനിക്കുകയും ചെയ്തു. അങ്ങനെ സമ്പത്തും അധികാരവും നിയന്ത്രിച്ചിരുന്ന മാടമ്പിമാരിൽ ഭിന്നത ഉടലെടുത്തു. ഈ മാടമ്പിമാരുടെയും ഇംഗ്ലീഷുകാരുടെയും സഹായത്തോടുകൂടിയാണ് മാർത്താണ്ഡവർമ അധികാരത്തിലെത്തിയത്. ദേശിങ്ങനാടു മുതൽ വടക്കോട്ടുള്ള നാട്ടുരാജ്യങ്ങളെയെല്ലാം ആക്രമിച്ചു കീഴ്പ്പെടുത്തുന്നതിൽ മാർത്താണ്ഡവർമക്ക് ഇംഗ്ലീഷുകാരുടെ സഹായമുണ്ടായിരുന്നു.

മാടമ്പിമാർ തമ്മിലുള്ള കലഹം ഇംഗ്ലീഷു വിരുദ്ധകലാപമായി വളർന്നു. ഡച്ചുകാരെ അനുകൂലിക്കുന്ന മാടമ്പിമാർ ബ്രിട്ടീഷുകാരുടെ നിയന്ത്രണത്തിലുണ്ടായിരുന്ന അഞ്ചുതെങ്ങു കോട്ട ആക്രമിച്ച് ചില ബ്രിട്ടീഷുകാരെ വധിച്ചു. തലശ്ശേരിയിൽ നിന്നുമെത്തിയ ബ്രിട്ടീഷ് സൈനികരും നാട്ടുകാരും തമ്മിലേറ്റുമുട്ടി. ഇതാണ് 1721-ലെ ആറ്റിങ്ങൽ കലാപം. ആത്യന്തികമായി ഇതിൽ ഇംഗ്ലീഷുകാർക്കായിരുന്നു വിജയം. എട്ടുകൊല്ലത്തിനു ശേഷം അധികാരമേറ്റ മാർത്താണ്ഡവർമ ഇംഗ്ലീഷനുകൂല നിലപാടെടുത്തതിൽ അത്ഭുതമില്ല. ആറ്റിങ്ങൽ കലാപം കഴിഞ്ഞ് കൃത്യം ഇരുപതുകൊല്ലമായപ്പോൾ ഡച്ചുകാരെ പരാജയപ്പെടുത്തിയ കുളച്ചൽ യുദ്ധവുമുണ്ടായി. കേരളത്തിലെ ആദ്യത്തെ (ഒരുപക്ഷേ ഇന്ത്യയിലെ തന്നെ ആദ്യത്തെ) ബ്രിട്ടീഷ്‌വിരുദ്ധ കലാപമായിരുന്നു ആറ്റിങ്ങലിൽ നടന്നത്. അതിന്റെ തുടർച്ചയായിരുന്നു എട്ടുപതിറ്റാണ്ടുകൾക്കുശേഷം വേലുത്തമ്പി നടത്തിയ പ്രക്ഷോഭം.



ഫോട്ടോ: Akhilan

കുണ്ടറ വിളംബരസ്മാരകം

**മാടമ്പിമാർ തമ്മിലുള്ള കലഹം ഇംഗ്ലീഷു വിരുദ്ധ കലാപമായി വളർന്നു. ഡച്ചുകാരെ അനുകൂലിക്കുന്ന മാടമ്പിമാർ ബ്രിട്ടീഷുകാരുടെ നിയന്ത്രണത്തിലുണ്ടായിരുന്ന അഞ്ചുതെങ്ങുകോട്ട ആക്രമിച്ച് ചില ബ്രിട്ടീഷുകാരെ വധിച്ചു. തലശ്ശേരിയിൽ നിന്നുമെത്തിയ ബ്രിട്ടീഷ് സൈനികരും നാട്ടുകാരും തമ്മിലേറ്റു മുട്ടി. ഇതാണ് 1721-ലെ ആറ്റിങ്ങൽ കലാപം.**

ഇംഗ്ലീഷുകാരും ഡച്ചുകാരും തമ്മിൽ കച്ചവടകാര്യത്തിൽ ആഗോളതർക്കങ്ങളും യുദ്ധങ്ങളും നടന്നുവരുന്ന കാലമായിരുന്നു അത്. അതിനാൽ ഇന്ത്യയിൽ നിന്ന് പൊതുവിലും കേരളക്കരയിൽ നിന്നും പ്രത്യേകിച്ചും ഡച്ചുകാരെ ഒഴിവാക്കാൻ ഇംഗ്ലീഷുകാർ കണ്ടെത്തിയ പ്രാദേശിക ഭരണാധികാരിയായിരുന്നു മാർത്താണ്ഡവർമ. കേരളത്തിനകത്തുള്ള നാട്ടുരാജ്യങ്ങളെ ആദ്യം കീഴടക്കി. പിന്നീട് ഡച്ചുകാരെ പരാജയപ്പെടുത്തി. അതാണ് 1741-ലെ പ്രസിദ്ധമായ കുളച്ചൽ യുദ്ധം. മാർത്താണ്ഡവർമയുടെ വിജയം വാസ്തവത്തിൽ ഡച്ചുകാരുടെ മേലുള്ള ഇംഗ്ലീഷുകാരുടെ വിജയമായിരുന്നു. അരനൂറ്റാണ്ടു കഴിഞ്ഞപ്പോഴേക്കും അത് വ്യക്തമാവുകയും ചെയ്തു.

മൈസൂർസുൽത്താനായിരുന്ന ടിപ്പു, മലബാർ കീഴടക്കിയശേഷം തിരുവിതാംകൂറിലേക്കു തിരിഞ്ഞു. ടിപ്പുവിന്റെ ആക്രമണത്തിൽ നിന്നും രക്ഷനേടാൻ തിരുവിതാംകൂർ ഇംഗ്ലീഷുകാരുടെ സഹായം തേടി. ടിപ്പുവും ഫ്രഞ്ചുകാരും തമ്മിലുള്ള സൗഹൃദം തിരുവിതാംകൂറിനെ ഭയപ്പെടുത്തി. ഈ ഭയത്തെ ചൂഷണം ചെയ്തുകൊണ്ടാണ് ബ്രിട്ടീഷുകാർ തിരുവിതാംകൂറിനെ സഖ്യത്തിലേർപ്പെടാൻ നിർബന്ധി

തമാക്കിയത്. ബ്രിട്ടീഷുകാരുമായി 1793-ൽ ഉണ്ടാക്കിയ പ്രസ്തുത കരാറാണ് 1805-ൽ വേലുത്തമ്പി, ദളവയായിരിക്കുമ്പോൾ പരിഷ്കരിച്ച് തിരുവിതാംകൂറിനെ സാമന്തപദവിയിലാക്കിയത്. സ്വന്തം സൈന്യത്തെ പിരിച്ചുവിട്ടിട്ട് ബ്രിട്ടീഷ് സൈന്യത്തെ തീറ്റിപ്പോറ്റണം. അതിന്റെ ചെലവ് നാട്ടുരാജ്യം വഹിക്കണം. മറ്റൊരു വിദേശരാജ്യവുമായും യാതൊരുവിധ ബന്ധങ്ങളും പാടില്ല. ഇത്തരത്തിൽ അധികാരങ്ങളൊന്നുമില്ലാത്ത നാട്ടുരാജ്യങ്ങൾ പൂർണമായും ബ്രിട്ടീഷ് നിയന്ത്രണത്തിൽ തുടരും. നാട്ടുരാജ്യങ്ങളുടെ ചെലവിൽ ഇന്ത്യയിലുടനീളം ബ്രിട്ടീഷ് സൈന്യത്തെ നിലനിറുത്താം. ഇത്തരം നയങ്ങൾക്കെതിരെയുള്ള ചെറുത്തുനിൽപ്പായിരുന്നു വേലുത്തമ്പിയുടെ കുണ്ടറവിളംബരത്തിൽ കാണുന്നത്. മാർത്താണ്ഡവർമ മുതൽ ബാലരാമവർമ വരെയുള്ള രാജാക്കന്മാരെ ബ്രിട്ടീഷുകാർ കരുവാക്കുകയായിരുന്നുവെന്ന് മനസ്സിലാക്കാൻ കഴിയും. അങ്ങനെ തുടർന്നും കഴിയാൻ മനസ്സില്ലായെന്ന പ്രഖ്യാപനമാണ് വേലുത്തമ്പി നടത്തിയത്.

കൊല്ലവർഷം 984-ാമാണ്ട് മകരമാസം ഒന്നാം തീയതി (ക്രിസ്തുവർഷം 1809-ാമാണ്ട് ജനുവരി മാസം 11ാം തീയതി) കുണ്ടറയിൽ വച്ച് പൗരമുഖ്യന്മാരുടെയും നാട്ടുകാരുടെയും സാന്നിധ്യത്തിൽ എഴുതി തയാറാക്കി അവതരിപ്പിച്ച രേഖയാണ് ഈ വിളംബരം. ബ്രിട്ടീഷുകാരുമായി ഏറ്റുമുട്ടേണ്ടിവന്ന സാഹചര്യം ഒന്നൊന്നായി അക്കമിട്ടു നിരത്തിപ്പറയുന്നതാണ് ഈ സമരപ്രഖ്യാപന പ്രസ്താവന. ടിപ്പുവിന്റെ ആക്രമണസമയത്ത് സഹായത്തിനായി ക്ഷണിച്ചുവരുത്തിയ ബ്രിട്ടീഷുകാർ പിന്നീട് വിശ്വാസവഞ്ചന കാട്ടിയെന്നാണ് സമർഥിച്ചിരിക്കുന്നത്. ''.....ഇവരെ സ്നേഹിച്ചത് നാശത്തിനും വിശ്വസിച്ചത് ദോഷത്തിനും....'' കാരണമായി. ഇവരെ വിശ്വസിച്ച് കൂടെ നിന്ന ആർക്കാട് നവാബിനെ വംശനാശം വരുത്തി ഇല്ലായ്മ ചെയ്തകാര്യം മുന്നറിയിപ്പായി എടുത്തുകൊണ്ടാണ് വേലുത്തമ്പി യുദ്ധസന്നാഹത്തിനൊരുമ്പെടുന്നത്.

സൈനികസഹായവ്യവസ്ഥയിലേർപ്പെടേണ്ടി വന്ന രാജ്യത്തിന്റെ ദുരവസ്ഥയെ നല്ലവണ്ണം ഇതിൽ വിവരിക്കുന്നു. ''....രാജ്യത്തുള്ള പുള്ളിപ്പട്ടാളം, ഈശ്വരസേവ, വഴിയൂട്ട് ആദിയായിട്ടുള്ള സകലസൽക്കർമങ്ങളും നിറുത്തി ആ വകയിൽ കൂടുതലും ഇവർക്കു കൊടുക്കണമെന്നും രാജ്യകാര്യം ഇടപെടുന്നതൊക്കെയും റസിഡണ്ട് മെക്കാളെയെ ബോധിപ്പിച്ചു കൊള്ളണമെന്നും ഉള്ള ചട്ടവട്ടങ്ങൾ തുടങ്ങുക കൊണ്ട്....'' ഇങ്ങിനെ ഓരോരോ കാര്യവും എടുത്തു പറയുന്നുണ്ട് വിളംബരത്തിൽ. ദളവായേയും കുടുംബത്തെയും സുരക്ഷിതമായി കമ്പനി പാർപ്പിച്ചുകൊള്ളാമെന്നും രാജ്യം ബ്രിട്ടീഷുകാരെ ഏൽപ്പിക്കാൻ നിർദേശിച്ച കാര്യവും പറയുന്നുണ്ട്.

''.....ചതിവുമാർഗത്തിൽ രാജ്യം അവരുടെ കൈവശത്തിൽ ആക്കുന്നത് അവരുടെ വംശപാരമ്പര്യം ആയതുകൊണ്ടും അതിന്മണ്ണം രാജ്യം അവരുടെ കൈവശത്തിൽ ആയാൽ കോയിക്കൽ കൊട്ടാരം, കോട്ടപ്പടി ഉൾപ്പെട്ട സ്ഥലങ്ങളിൽ അവരുടെ പാറാവും വരുതിയും ആക്കിത്തീർത്തു. രാജമുദ്ര, പല്ലക്ക്, പൗരുഷം ഉൾപ്പെട്ട ബഹുമാനങ്ങളും കുറച്ച് ദേവാലയം ബ്രഹ്മാലയം സംബന്ധിച്ചുള്ള ചട്ടവട്ടങ്ങളും നാട്ടുകൂട്ടവും നിറുത്തി ഉപ്പുമുതൽ സർവസ്വവും കുത്തകയായിട്ടു ആക്കിത്തീർത്തു തരിശുകിടക്കുന്ന നിലവും പുരയിടവും അളന്നു കൂട്ടി കുത്തകയായിട്ടും കെട്ടി, നിലവരി, തെങ്ങുവരി ഉൾപ്പെട്ട അധിക കരങ്ങളും കുടികളിൽ കൂട്ടിവച്ച് അൽപ്പം പിഴക്ക് നീചന്മാരെ കൊണ്ട് ശിക്ഷയും കഴിപ്പിച്ച് ക്ഷേത്രങ്ങളിൽ കുരിശും കൊടിയും കെട്ടി, വർണഭേദം ഇല്ലാതെ ബ്രാഹ്മണസ്ത്രീ മുതലായ സംസർഗവും ചെയ്തു യുഗഭേദം പോലെ അധർമങ്ങളായിട്ടുള്ള ചട്ടവട്ടങ്ങൾ ആക്കിത്തീർക്കുകയും ചെയ്യും.''

നിത്യജീവിതത്തിൽ ഒഴിവാക്കാനാവാത്ത ഉപ്പ് നിർമിക്കുന്നതിനുള്ള അധികാരം കുത്തകയാക്കും എന്ന പ്രവചനം എത്ര അർഥവത്തായി എന്ന കാര്യം ഇരുപതാംനൂറ്റാണ്ടിൽ മഹാത്മാ ഗാന്ധി ഒരു ജനകീയ സമരത്തിന്റെ രൂപത്തിലേക്ക് വളർത്തിയപ്പോഴാണ് ബോധ്യപ്പെടുന്നത്. സാമ്രാജ്യത്വം നുഴഞ്ഞുകയറുന്നത് നിയമവിധേയമായിട്ടുള്ള കരാറുകളിലൂടെയായിരിക്കുമെങ്കിലും കാലക്രമേണ അത് ഭീകരരൂപംപൂണ്ട് ജനജീവിതത്തെ മൊത്തത്തിൽ നിയന്ത്രിക്കുന്ന അവസ്ഥയുണ്ടാക്കുമെന്ന മുന്നറിയിപ്പാണ് വേലുത്തമ്പി നൽകുന്നത്. അതിനെതിരെയുള്ള സമരകാഹളമാണ് കുണ്ടറവിളംബരം.

കുഞ്ഞാലിമരക്കാർ മുതൽ വേലുത്തമ്പി വരെ നീളുന്നതാണ് കേരളത്തിലെ കോളനിവിരുദ്ധ സമരത്തിന്റെ ഒന്നാംഘട്ടം. അതിലെ നിർണായകമായ ഒരേടാണ് കുണ്ടറവിളംബരം. തെറ്റുപറ്റുക മനുഷ്യസഹജം. തെറ്റ് മനസ്സിലാകുമ്പോൾ തിരുത്തുകയും ആവർത്തിക്കാതിരിക്കുകയും ചെയ്യുക എന്നതാണ് വിവേകശാലികൾ ചെയ്യുന്നത്. വേലുത്തമ്പിയും അതാണ് ചെയ്തത്. അതിന്റെ തെളിവാണ് കുണ്ടറവിളംബരം.

## സ്കൂൾ ലൈബ്രറി വികസനവുമായി ബന്ധപ്പെട്ട് സ്കൂളുകളിലേക്കു വാങ്ങുവാനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ തെരഞ്ഞെടുത്ത ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണങ്ങളുടെ ലിസ്റ്റ്

| ക്രമ നമ്പർ | പുസ്തകത്തിന്റെ പേര് | ഗ്രന്ഥകർത്താവ് | വില |
|---|---|---|---|
| 1 | പുരാതന ഇന്ത്യയും മധ്യകാല ഇന്ത്യയും | ഡോ. സുമി മേരി തോമസ് | 185 |
| 2 | സമ്മാനപ്പെട്ടി ഒന്നാം സഞ്ചിക | ഒരുകൂട്ടം എഴുത്തുകാർ | 350 |
| 3 | സമ്മാനപ്പെട്ടി രണ്ടാം സഞ്ചിക | ഒരുകൂട്ടം എഴുത്തുകാർ | 350 |
| 4 | ഉക്രേനിയൻ നാടോടിക്കഥകൾ | നിർമലാ ജെയിംസ് | 70 |
| 5 | നമ്മുടെ കളിപ്പാട്ടങ്ങൾ നമുക്ക് നിർമിക്കാം | സുബിദ് | 75 |
| 6 | സ്വാതിതിരുനാൾ | ലക്ഷ്മീദേവ്നാഥ് | 50 |
| 7 | കിടു കിടു കടുവ | ഷിനോജ് രാജ് | 40 |
| 8 | അനിയൻ പഴംപൊരി | ഷിനോജ് രാജ് | 40 |
| 9 | അങ്ങനെ ഞാനൊരു പോക്രോംപോക്രോം | ചിഞ്ജുപ്രകാശ് | 55 |
| 10 | ഇതു ഞാനാ | സൈജ എസ് | 30 |
| 11 | നിലാവിലെ പാട്ടുകാർ | സൈജ എസ് | 55 |
| 12 | കട്കിഡ് പിന്നെ ടിക്ക് ടിക്ക് | ഷിനോജ് രാജ് | 45 |
| 13 | ഞങ്ങൾ അമ്പിളിമാമന്റെ ഫാനാ നിങ്ങളോ | സൈജ എസ് | 45 |
| 14 | അപ്പുക്കുട്ടനും കട്ടുറുമ്പും | രാധികാദേവി റ്റി ആർ | 50 |
| 15 | മുയലുകളുടെ ടാറ്റു | ഷിനോജ് രാജ് | 40 |
| 16 | അഞ്ചു പൂച്ചക്കുട്ടികൾ | ഡോ. രാധിക സി നായർ | 45 |
| 17 | എണ്ണാം! പഠിക്കാം! | ഡോ. രാധിക സി നായർ | 40 |
| 18 | ലാജാ....വ് | ഷിനോജ് രാജ് | 35 |
| 19 | മൂങ്ങാച്ചിക്കുഞ്ഞ് | എസ് ശാന്തി | 35 |
| 20 | കല്ലുവച്ച പാദസരം | ഫെലിക്സ് എം കുമ്പളം | 100 |
| 21 | സൗരോർജത്തിന്റെ കഥ | അരവിന്ദ്ഗുപ്ത | 60 |
| 22 | ചൂളംകുത്തുന്ന രാക്ഷസനും മറ്റു കഥകളും | റോസ്മേരി | 100 |
| 23 | ഹാമെലെനിലെ കുഴലൂത്തുകാരനും മറ്റു കഥകളും | റോസ്മേരി | 100 |
| 24 | തലതിരിഞ്ഞ പന്നിക്കുട്ടിയും മറ്റു കഥകളും | റോസ്മേരി | 100 |
| 25 | ഒച്ചുംകുറുക്കനും മറ്റുകഥകളും | റോസ്മേരി | 100 |
| 26 | തംബലീനയും മറ്റുകഥകളും | റോസ്മേരി | 100 |
| 27 | ചെന്തൊപ്പിയണിഞ്ഞ പെൺകുട്ടിയും മറ്റു കഥകളും | റോസ്മേരി | 100 |

| | | | |
|---|---|---|---|
| 28 | തച്ചോളി ഒതേനൻ | സജീവൻ മൊകേരി | 50 |
| 29 | മതിലേരിക്കന്നി | സജീവൻ മൊകേരി | 35 |
| 30 | മേക്കാത്തല കീഴ്ക്കാത്തല | മനോജ് കുറൂർ | 45 |
| 31 | ചെങ്ങന്നൂരാതി | എസ് ജോസഫ് | 40 |
| 32 | പൊന്നിറത്താൾ കഥ | പ്രൊഫ. ജെ പദ്മകുമാർ | 45 |
| 33 | വേഷം വിശേഷം | സിമി മുഹമ്മ | 55 |
| 34 | ശരിയാണ് ഹുതോഷി | രാധിക ഛദ്ദ | 35 |
| 35 | ദീനാബെനും ഗീർസിംഹങ്ങളും | മീരശ്രീറാം പ്രഭാറാം | 35 |
| 36 | വീണാവാദിനി | അഞ്ജലി രഘ്ബീർ | 50 |
| 37 | നിറങ്ങളുടെ വഴിയേ | അഞ്ജലി രഘ്ബീർ | 50 |
| 38 | നഗ്നപാദനായ ഹുസൈൻ | അഞ്ജലി രഘ്ബീർ | 50 |
| 39 | എന്റെ പേര് അമൃത | അഞ്ജലി രഘ്ബീർ | 50 |
| 40 | ചുമരിലെ നൃത്തം | ഷമിം പദംസി | 40 |
| 41 | അമീർഹംസയെ തട്ടിക്കൊണ്ടുപോയ കഥ | മമ്ത ദലാൽ മംഗൾദാസ് & സാകിർ മിസ്ട്രി | 75 |
| 42 | മിനിയേച്ചർ ചിത്രകലയിലെ മുഗൾ ജീവിതം | സുഹാഗ് ഷിർദോകർ | 75 |
| 43 | ബഹുമാന്യനായ പാദുഷ | എൻ പി ഹാഫിസ് മുഹമ്മദ് | 70 |
| 44 | എ കെ ഗോപാലൻ | പയ്യന്നൂർ കുഞ്ഞിരാമൻ | 80 |
| 45 | വി ടി ഭട്ടതിരിപ്പാട് | നീലൻ | 80 |
| 46 | കടലിൽ പോയ അപ്പൂപ്പൻ | മൈക്ക് സാകേറ്റ് | 60 |
| 47 | തായ്മൊഴി | സിന്ധുസാജൻ | 65 |
| 48 | വിശ്വോത്തരകഥകൾ | ജി മോഹനകുമാരി | 55 |
| 49 | ഒരു ഗ്രാമത്തിന്റെ കഥ | കെ കെ പല്ലശ്ശന | 85 |
| 50 | മുന്നാഴിമുത്ത് | ഇന്ദിരാ അശോക് | 70 |
| 51 | കിളിമകളേ പാടുക | മുണ്ടൂർ സേതുമാധവൻ | 75 |
| 52 | ഓർമയുടെ അവകാശികൾ | ഡോ. അശോക് ഡിക്രൂസ് | 95 |
| 53 | കരയിലും വെള്ളത്തിലും | ചിഞ്ജു പ്രകാശ് | 25 |
| 54 | ലൂയിബ്രെയ്ൽ | ഗംഗാധരൻ ചെങ്ങാലൂർ | 90 |
| 55 | നചികേതസ് | മുഹമ്മ ശശിധരപ്പണിക്കർ | 50 |
| 56 | സൂപ്പർബോയ് രാമു | തേക്കിൻകാട് ജോസഫ് | 75 |
| 57 | കൂട്ടുകൂടുന്ന കഥകൾ | എം ആർ രേണുകുമാർ | 70 |
| 58 | സുകുമാർ അഴീക്കോട് | വി ദത്തൻ | 55 |
| 59 | അങ്ങനെ അങ്ങനെ | ജി എസ് ഉണ്ണിക്കൃഷ്ണൻ നായർ | 55 |
| 60 | ധീരതയ്ക്കൊരു സമ്മാനം | ഡോ. എം ഗോപാലകൃഷ്ണൻ ഉണ്ണിത്താൻ | 75 |
| 61 | മീഡിയ | യൂറിപ്പിഡീസ് | 110 |
| 62 | സീതി സാഹിബ് | കാതിയാളം അബൂബക്കർ | 80 |
| 63 | എ പി ജെ അബ്ദുൾകലാം | പ്രൊഫ. എസ് ശിവദാസ് | 90 |

| | | | |
|---|---|---|---|
| 64 | അബ്ദുവിന്റെ മീനുകൾ | കലവൂർ രവികുമാർ & പ്രഭാ ഉണ്ണി | 45 |
| 65 | ഇളങ്കോ അടികൾ | പൂയപ്പിള്ളി തങ്കപ്പൻ | 75 |
| 66 | പരീക്ഷിത്തു തമ്പുരാൻ | വി രാധാകൃഷ്ണൻ | 55 |
| 67 | കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ | ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ | 70 |
| 68 | കളിപ്പിള്ള | ആര്യനാട് സത്യൻ | 60 |
| 69 | ശ്രീനാരായണ ഗുരു | എം കെ സാനു | 80 |
| 70 | കുഞ്ഞായന്റെ കുസൃതികൾ | വി പി മുഹമ്മദ് | 80 |
| 71 | ജീവന്റെ വില | കിളിരൂർ രാധാകൃഷ്ണൻ | 70 |
| 72 | വായിച്ചുവളർന്ന കഥ | ഡോ. പോൾ മണലിൽ | 75 |
| 73 | ഇന്ദ്രജാലക്കഥകൾ | ചന്ദ്രസേനൻ മിതൃമല | 60 |
| 74 | ചെമ്പകരാമൻ പിള്ള | ഡോ. എം വി തോമസ് | 50 |
| 75 | കൊച്ചുരാജകുമാരൻ | കെ എം ജോർജ് | 90 |
| 76 | പിന്നാമ്പുറത്തെ പെരുമ്പാമ്പും മറ്റു കഥകളും | ബിന തോമസ് | 65 |
| 77 | മുഹമ്മദ് അബ്ദുറഹിമാൻ | എൻ പി ഹാഫിസ് മുഹമ്മദ് | 80 |
| 78 | പറവൂർ ഭരതൻ | എ ചന്ദ്രശേഖർ | 60 |
| 79 | ദ് ലാസ്റ്റ് ഭൂതം | ജി ആർ ഇന്ദുഗോപൻ | 75 |
| 80 | ബോക്സിങ് ഇതിഹാസം മുഹമ്മദ് അലി | സനിൽ പി തോമസ് | 60 |
| 81 | മിന്നാമിന്നി | ലതീഷ് കീഴല്ലൂർ | 55 |
| 82 | ഇക്യുഷിമയിലെ മുത്തശ്ശി | ഡോ. പി കെ ഭാഗ്യലക്ഷ്മി | 65 |
| 83 | നേരിന്റെ വെളിച്ചം | എസ് ഡി ചുള്ളിമാനൂർ | 60 |
| 84 | ഉണ്ണിക്കൃഷ്ണൻ പുതൂർ | ടി ബാലകൃഷ്ണൻ | 55 |
| 85 | കുട്ടിമുത്തശ്ശി | തനൂജ ഭട്ടതിരി | 40 |
| 86 | ഭാഷകൊണ്ട് കളിക്കാം | രാജഗോപാലൻ നാട്ടുകൽ | 45 |
| 87 | കുഞ്ഞിക്കുട്ടൻ തമ്പുരാൻ | ബക്കർമേത്തല | 95 |
| 88 | പി ഭാസ്കരൻ | ചേരാവള്ളി ശശി | 105 |
| 89 | ഗുരു ഗോപാലകൃഷ്ണൻ | രാജൻ കോട്ടപ്പുറം | 95 |
| 90 | അർണോസ് പാതിരി | വി. മുസഫർ അഹമ്മദ് | 65 |
| 91 | ബഹദൂർ | വി രാധാകൃഷ്ണൻ | 65 |
| 92 | കുളിക്കാൻ വായോ | ചിഞ്ജു പ്രകാശ് | 60 |
| 93 | അറിഞ്ഞതിനപ്പുറം | ടി ആര്യൻ കണ്ണന്നൂർ | 65 |
| 94 | ഇന്ത്യ പറഞ്ഞ ഗണിതം | പ്രൊഫ. പി രാമചന്ദ്ര മേനോൻ | 45 |
| 95 | കണ്ടുപിടിത്തങ്ങളുടെ കഥ | പി പി കെ പൊതുവാൾ | 110 |
| 96 | ഡോ രാധാകൃഷ്ണൻ തത്വചിന്തകനായ രാഷ്ട്രപതി | ഡോ. കുര്യാസ് കുമ്പളക്കുഴി | 80 |
| 97 | കാടിന്റെ പാഠങ്ങൾ | മടവൂർ ശശി | 55 |

| | | | |
|---|---|---|---|
| 98 | അഹിംസ | ടി കെ ഡി മുഴപ്പിലങ്ങാട് | 95 |
| 99 | വല്ലം നിറ നിറനിറയോ | ആലിന്തറ ജി കൃഷ്ണപിള്ള | 90 |
| 100 | കഥയിലെ കണക്ക് | കെ ടി രാജഗോപാലൻ | 60 |
| 101 | പക്ഷിപുരാണം | സുരേഷ് മണ്ണാറശ്ശാല | 70 |
| 102 | സഡാക്കോ ഹിരോഷിമയുടെ നൊമ്പരം | രാധികാ ദേവി റ്റി ആർ | 35 |
| 103 | സഹോദരൻ അയ്യപ്പൻ | കെ എം അയ്യപ്പൻ മാസ്റ്റർ | 75 |
| 104 | അംബർസെന്നിന്റെ തിരോധാനം | എം ചന്ദ്രപ്രകാശ് | 40 |
| 105 | സമ്പൂർണ ജീവിതം | എൻ കൃഷ്ണപിള്ള | 45 |
| 106 | സംഗീതവീട്ടിലെ രാജകുമാരൻ | സിപ്പി പള്ളിപ്പുറം | 70 |
| 107 | ആലേ ആലേ അരയാലേ | മലയത്ത് അപ്പുണ്ണി | 40 |
| 108 | ആനത്തൂക്കം വെള്ളി | എം ശിവപ്രസാദ് | 80 |
| 109 | നന്മമരം | പായിപ്ര രാധാകൃഷ്ണൻ | 85 |
| 110 | ഒരു അറബിക്കഥ | എൻ പി ഹാഫിസ് മുഹമ്മദ് | 130 |
| 111 | പോഷകാഹാരക്കഥകൾ | ഡോ. റഹീന ഖാദർ | 60 |
| 112 | ഹിതോപദേശകഥകൾ | ഡോ കെ എസ് രവികുമാർ | 155 |
| 113 | മദർതെരേസ അഗതികളുടെ അമ്മ | സെബാസ്റ്റ്യൻ പള്ളിത്തോട് | 90 |
| 114 | മാനിപ്പുല്ലുണ്ടായ കഥ | ഷെർളി എം ജോസഫ് | 40 |
| 115 | നന്മയുടെ നടവഴികൾ | മുരളീധരൻ തഴക്കര | 150 |
| 116 | പൂച്ചയുറക്കം | വി എം ഗിരിജ | 65 |
| 117 | കണക്കിലെ പരീക്ഷണങ്ങൾ | എൻ സുധാകരൻ | 90 |
| 118 | മലയാളക്കളികൾ | കാഞ്ഞിരമറ്റം സുകുമാരൻ | 100 |
| 119 | പണ്ടുപണ്ട് കുഴിയാനകളുടെ കാലത്ത് | ഡോ. രാധിക സി നായർ | 150 |
| 120 | എ ആർ രാജരാജവർമ | ജോർജ് തഴക്കര | 50 |
| 121 | ശക്തൻതമ്പുരാൻ | പി പി കൃഷ്ണവാര്യർ | 80 |
| 122 | കേസരി ബാലകൃഷ്ണപിള്ള | എം വി തോമസ് | 70 |
| 123 | കുഞ്ഞുണ്ണിത്തമ്പുരാൻ | എൻ കലാധരൻ | 50 |
| 124 | പി കെ ഗോപാലകൃഷ്ണൻ | എൻ കലാധരൻ | 70 |
| 125 | എം എൻ വിജയൻ | വേണു വാരിയത്ത് | 70 |
| 126 | സരിഗമപധനിസ | പ്രൊഫ. എസ് ശിവദാസ് | 60 |
| 127 | കുട്ടികളുടെ അംബേദ്കർ | ഡോ. എം വി തോമസ് | 60 |
| 128 | ഹെലൻ കെല്ലർ | രാധാകൃഷ്ണൻ അടുത്തില | 45 |
| 129 | ഈശ്വരചന്ദ്ര വിദ്യാസാഗർ | ബീനാ ജോർജ് | 35 |
| 130 | അല്ലയോ മണ്ണിരേ | റഫീഖ് അഹമ്മദ് | 30 |
| 131 | കാറ്റുപറഞ്ഞ കഥ | എ ആർ ചിദംബരം | 90 |
| 132 | ബൊമ്മനഹള്ളിയിലെ കിന്നരയോഗികൾ | ചന്ദ്രദാസൻ | 45 |
| 133 | ഓലപ്പൂക്കൾ | വിനോദ് വൈശാഖി | 40 |
| 134 | ആനക്കാര്യം | രാജീവ് എൻ ടി | 70 |
| 135 | മഴത്തുള്ളികൾ | എസ് സതീദേവി | 65 |

| | | | |
|---|---|---|---|
| 136 | സാന്റിയാഗോ എന്ന മീൻപിടുത്തക്കാരൻ | ബക്കർ മേത്തല | 40 |
| 137 | മണപ്പാട് കുഞ്ഞുമുഹമ്മദ് ഹാജി | ബക്കർ മേത്തല | 75 |
| 138 | പണ്ഡിറ്റ് കറുപ്പൻ | രാജു കാട്ടുപുനം | 60 |
| 139 | മഹാകവികളുടെ ബാലകവിതകൾ | ഡോ. ഷൊർണൂർ കാർത്തികേയൻ | 85 |
| 140 | ഉപ്പും നെല്ലും | എൻ പി മുഹമ്മദ് | 50 |
| 141 | ഉണ്ണിക്കുട്ടനും രാമൻപരുന്തും | ഷാനവാസ് വള്ളിക്കുന്നം | 65 |
| 142 | കുട്ടികളുടെ പ്രിയങ്കരൻ പാലാ കെ എം മാത്യു | കിളിരൂർ രാധാകൃഷ്ണൻ | 35 |
| 143 | കുഞ്ഞുത്താലു | സജീവൻ മൊകേരി | 65 |
| 144 | സണ്ണിച്ചെറുക്കനും സംഗീതപ്പെണ്ണുങ്ങളും | ഏഴാച്ചേരി രാമചന്ദ്രൻ | 45 |
| 145 | ജവഹർലാലും ആധുനിക കേരളവും | ടി പി ശങ്കരൻകുട്ടി നായർ | 45 |
| 146 | നെഹ്റുവിന്റെ ഇന്ത്യാചരിത്ര അവലോകനം | ഡോ. പി എഫ് ഗോപകുമാർ | 40 |
| 147 | നെഹ്റുവിന്റെ ശാസ്ത്രദർശനം | ഡോ. റ്റി എസ് ജോയി | 35 |
| 148 | നെഹ്റുവിന്റെ ചരിത്രാവലോകനം | ഡോ. എസ് ശോഭനൻ | 50 |
| 149 | നെഹ്റുവിന്റെ ലോകചരിത്രാവലോകനം | മലയിൻകീഴ് ഗോപാലകൃഷ്ണൻ | 35 |
| 150 | അയ്യൻകാളിക്കഥകൾ | പീറ്റർ കുരിശിങ്കൽ | 60 |
| 151 | വീണ്ടും ഒരു പ്രഭാതം | കൊല്ലം തുളസി | 35 |
| 152 | സഞ്ചാരികൾ പറഞ്ഞത് | ഡി. സുഗതൻ | 45 |
| 153 | ലണ്ടൻയാത്ര | കുസുമം ആർ പുന്നപ്ര | 35 |
| 154 | ജി ശങ്കരക്കുറുപ്പ് | ആര്യാട് സനൽകുമാർ | 100 |
| 155 | കത്തിരിക്കക്കഥകൾ | ജി എസ് ഉണ്ണിക്കൃഷ്ണൻ നായർ | 75 |
| 156 | നെല്ലിക്ക | രാധാകൃഷ്ണൻ എടച്ചേരി | 40 |
| 157 | സച്ചിൻ വിജയഗാഥ | സെനൽ ജോസ് | 65 |
| 158 | കുഞ്ഞിക്കുട്ടി തമ്പുരാട്ടി | സിപ്പി പള്ളിപ്പുറം | 60 |
| 159 | പ്രകൃതിയാത്ര | വരുൺ രമേശ് | 70 |
| 160 | റേച്ചൽ കാഴ്സൺ | പി പി കെ പൊതുവാൾ | 65 |
| 161 | പറക്കുന്ന പൂച്ച | എ വിജയൻ | 40 |
| 162 | കഥ പറയും കാട് | ആബിദ യൂസഫ് | 40 |
| 163 | നാടകകൗതുകം | ഡോ. രാജാ വാര്യർ | 50 |
| 164 | എന്റെ ഓമനക്കഥകൾ | ഉണ്ണിക്കൃഷ്ണൻ പുതൂർ | 50 |
| 165 | അക്യുവിന്റെ കഥ | ലൂ സൂൺ | 125 |
| 166 | കുട്ടികളും ആരോഗ്യവും | ഡോ. ബി പദ്മകുമാർ | 80 |
| 167 | ദേശീയ സ്വാതന്ത്ര്യ സമരചരിത്രം കുട്ടികൾക്ക് | ഒരു കൂട്ടം എഴുത്തുകാർ | 660 |

# തൊട്ടാവാടി

ഡോ. നെടുമുടി ഹരികുമാർ



വര: റോണി ദേവസ്യ



തൊടിയിൽ കാണാനില്ലല്ലോ
തൊട്ടാവാടിപ്പെൺകൊടിയെ
അവളും പോയി മറഞ്ഞെന്നോ
അധുനാതനമീയുലകത്തിൽ

കുട്ടിക്കാലത്തെന്നാളും
കൂട്ടിനു വന്ന കുറുമ്പത്തി
കുത്തിക്കൊള്ളും മുള്ളുള്ളോൾ
നിന്നെയൊരിത്തിരി ഭയമാണേ...
വിസ്തൃതമായ പറമ്പതിലും
കുറ്റിക്കാട്ടിലുമുണ്ടാവും
പലതും തേടി നടന്നൊടുവിൽ
നിന്നുടെ ചാരത്തണയുമ്പോൾ
സുസ്മിതമുഖി നിൻ സ്വാഗതവും
മുഗ്ദ്ധകടാക്ഷവുമോർക്കുന്നേൻ
തൊട്ടാലോമനവാടുന്നു
തൊട്ടവനപ്പോൾ പതറുന്നു
മറ്റൊരു ചെടിയും നിന്നെപ്പോൽ
ഇത്രയനിഷ്ടം കാട്ടൂല
ചിലരിങ്ങനെയാണറിയുന്നു
അടുപ്പമെല്ലാം തടയുന്നു
അടുക്കുമോമനവിരലുകളെ
നനുത്തമുള്ളാൽ കുത്തുന്നു.



# കാട്ടിലേക്കൊന്നു പോയാലോ...



**സീമ സുരേഷ്**

**കാട്ടിലേക്ക് ഒന്നു പോകാനും മൃഗങ്ങളെ കാണാനും കൂട്ടുകാർക്ക് ഒരുപാട് ഇഷ്ടമായിരിക്കും അല്ലേ. കാട് മനുഷ്യരുടെ ലോകമല്ല. ജന്തു ജീവജാലങ്ങളുടെ ലോകത്തേക്ക് നമ്മൾ കടന്നുചെല്ലുകയാണ് ചെയ്യുന്നത്. അതിനു മുമ്പ് കാടിനെ അറിയണം. അവിടത്തെ രീതികൾ അറിയണം. അതേ കുറിച്ച് കൂടുതൽ അറിയാൻ രസകരമായ ഈ ലേഖനം വായിക്കൂ...**

കൂട്ടുകാരെ ....

നിങ്ങൾ കാട് കണ്ടിട്ടുണ്ടോ? കാട്ടിലേക്ക് യാത്ര പോയിട്ടുണ്ടോ? കാട്ടിലെ പുൽമേട്ടിൽ മേയുന്ന കാട്ടാനച്ചന്തം കൺനിറയെ കണ്ടിട്ടുണ്ടോ? സ്വർണവർണത്തിൽ മിന്നുന്ന കടുവ സുന്ദരന്മാർ നടന്നുപോവുന്നത് നോക്കിനിന്നിട്ടുണ്ടോ? കുട്ടിക്കുറുമ്പുള്ള തൊപ്പിക്കുരങ്ങന്മാർ തലകുത്തി മറിയുന്നത് കൗതുകത്തോടെ കണ്ടവരുണ്ടോ?

ഇല്ലങ്കിൽ... നമുക്കിന്ന് കാട്ടിലേക്ക് പോവാം... കാഴ്ചകൾ പകർത്താൻ കുഞ്ഞികൃാമറയും കയ്യിൽ വെച്ചോളൂ...

കാട് നമുക്ക് എന്തൊക്കെ കാഴ്ചകളാണെന്നോ ഒരുക്കി വെച്ചിരിക്കുന്നത്...

കഴിഞ്ഞ എട്ടു വർഷമായി ഞാൻ യാത്രകൾ പോവുന്നതധികവും കാട്ടിലേക്കാണ്. കൂടെ എന്റെ ക്യാമറയും ഉണ്ടാവും. വൈൽഡ് ലൈഫ് ഫോട്ടോഗ്രാഫി എന്ന ജോലിയോട് പെട്ടെന്ന് തോന്നിയൊരു ഇഷ്ടമാണ്.

ആദ്യം ഇഷ്ടം തോന്നിയത് കാടിനോട്. കാട്ടിലെ ജീവികളോട് ഇഷ്ടം കൂടിയപ്പോൾ ഫോട്ടോകൾ എടുത്താലോ എന്ന് തോന്നി. അങ്ങനെയാണ് ഫോട്ടോഗ്രാഫി പഠിക്കുന്നത്. അങ്ങനെ ഓരോ യാത്രയും കാട്ടിലേക്കായി.

കാട്ടിലേക്ക് പോവുമ്പോൾ കുറെ കാര്യങ്ങൾ നമ്മൾ ശ്രദ്ധിക്കാനുണ്ട്. നമുക്ക് രണ്ടുതരത്തിൽ കാട്ടിൽ പോവാം. ചില കാട്ടിലേക്ക് നമുക്ക് നടന്നുപോവാനുള്ള അനുവാദം ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് തരും. കേരളത്തിലെ

കാടുകളിൽ ട്രക്കിങ്ങ് സൗകര്യമുണ്ട്. കേരളത്തിനു പുറത്തുള്ള കാടുകളിൽ മിക്കവാറും ജീപ്പ് സഫാരി മാത്രമേ അനുവദിക്കൂ. എങ്ങനെയായാലും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ നിയമങ്ങൾ നമ്മൾ അനുസരിച്ചേ പറ്റൂ.

കാട് മനുഷ്യരുടെ ലോകമല്ല. ജന്തുജീവജാലങ്ങളുടെ ലോകത്തേക്ക് നമ്മൾ കടന്നുചെല്ലുകയാണ് ചെയ്യുന്നത്. അതുകൊണ്ടു തന്നെ ആദ്യം ചെയ്യേണ്ടതു നിശ്ശബ്ദരാകുക എന്നതാണ്. ശബ്ദമില്ലാതെ, ബഹളം വയ്ക്കാതെ വേണം കാട്ടിലേക്കു കടന്നുചെല്ലാൻ. ഒരിക്കലും നമുക്കുമുന്നിലേക്ക് കടന്നുവരുന്ന ജീവികളെ കാണുമ്പോൾ ബഹളം വയ്ക്കുകയോ അവയെ അസ്വസ്ഥരാക്കുകയോ ചെയ്യരുത്. ഏറ്റവും നിശ്ശബ്ദതയോടെ നിന്നുകഴിഞ്ഞാൽ അവ നമ്മെ പേടിക്കാതെ നിൽക്കും. എപ്പോഴും വളരെ സൂക്ഷ്മതയോടെ വേണം കാട്ടിലേക്കു പോവാൻ.

പോവുന്നതിനു മുൻപ് നമ്മൾ പോവുന്ന കാടിനെക്കുറിച്ച്, അവിടത്തെ ജീവികളെക്കുറിച്ച്, അവിടത്തെ കാലാവസ്ഥയെക്കുറിച്ച് അന്വേഷിച്ചറിയറിയണം. ഒരിക്കലും അതിക്രമിച്ചു കാട്ടിലേക്ക് കയറരുത്. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് അനുവദിച്ചു തരുന്ന ഗൈഡിനെ കൂടെ കൂട്ടണം. അവർക്കറിയാം കാട്ടിലെ വഴികളെക്കുറിച്ച്, കാടിന്റെ സ്വഭാവത്തെ കുറിച്ച്. അവർ പോവരുത് എന്ന് പറയുന്നിടത്തേക്കു പോവാതിരിക്കുക.


കാട്ടിലേക്ക് യാത്ര പോവുമ്പോൾ ഏറ്റവും ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. കൂടെക്കൊണ്ടു പോവുന്ന ഭക്ഷണസാധനങ്ങൾ, പ്ലാസ്റ്റിക് കവറുകൾ എന്നിവ കാട്ടിൽ ഉപേക്ഷിച്ചു പോരരുത്. കാട്ടിൽ നമ്മളായിട്ട് ഒന്നും നിക്ഷേപിക്കാനും അവിടെ നിന്ന് ഒന്നും എടുത്ത് കൊണ്ടുപോരാനും പാടില്ല. നമ്മൾ കളഞ്ഞിട്ടു



ഫ്ളെമിംഗോ



കടുവ



ആമകൾ

പോരുന്ന പ്ലാസ്റ്റിക് കവറുകൾ അവിടത്തെ ജീവികളുടെ മരണത്തിനു വരെ ഇടയാക്കും എന്ന് നമ്മൾ മനസ്സിലാക്കുക. കാടിൻ വഴികളിൽ മൃഗങ്ങൾക്കോ പക്ഷികൾക്കോ തീറ്റ നൽകാതിരിക്കുക. പലരും നമ്മൾ കൊറിക്കുന്ന ആഹാരസാധനങ്ങൾ അവയ്ക്ക് നൽകുന്നതു കാണാം. അത് ഒരിക്കലും ചെയ്യരുത്. അവർ കാട്ടിൽ നിന്ന് കിട്ടുന്നത് മാത്രം ഭക്ഷിക്കട്ടെ.

കാട്ടിലേക്ക് പോവുമ്പോൾ നമ്മുടെ സുരക്ഷ നമ്മൾ തന്നെ ശ്രദ്ധിക്കണം. കടുംനിറമുള്ള വസ്ത്രങ്ങൾ ധരിച്ചു യാത്രചെയ്യരുത്. കാടിന്റെ നിറത്തോടു യോജിക്കുന്ന വസ്ത്രങ്ങൾ ധരിക്കുക. ട്രെക്കിങ്ങിനാണ് പോവുന്നതെങ്കിൽ നല്ല ഷൂ ധരിക്കുക. ഓരോ ചുവടും സൂക്ഷിക്കുക. അതീവശ്രദ്ധ പുലർത്തുക. നമ്മുടെ സങ്കല്പത്തിലും കാഴ്ചയിലും കാടിനു ശാന്തതയുണ്ടാവാം. പക്ഷെ അതേ സമയം... കാടിന് അതിന്റേതായ നമ്മളറിയാത്ത ഭീകരതയുണ്ട്. നമ്മളറിയാത്ത വഴികളും ചതുപ്പുകളും ഉണ്ടായേക്കാം. അതുകൊണ്ട് യാത്രകളിലെ സുരക്ഷിതത്വം നമ്മൾ ഉറപ്പുവരുത്തണം.



യാത്രകൾക്കിടയിൽ നമ്മൾക്ക് പക്ഷിക്കൂടുകൾ കാണാം. ഒരു കാരണവശാലും പക്ഷിയെ അലോസരപ്പെടുത്തി ഫോട്ടോകളെടുക്കരുത്. കാട്ടിൽ ഫ്ളാഷ് അടിച്ചു ചിത്രങ്ങൾ എടുക്കരുത്. മൃഗങ്ങളുടെ മുന്നിൽ നിന്ന് സെൽഫി എടുക്കാൻ നിൽക്കരുത്. ഏതു ജീവിയെ കണ്ടാലും അകന്നുനിൽക്കാൻ ശ്രമിക്കുക. അവയെ അക്രമാസക്തമാക്കുന്ന രീതിയിൽ മുന്നോട്ടു പോവാനേ പാടില്ല.

ഇങ്ങനെയിങ്ങനെ ഒരുപാട് കാര്യങ്ങൾ ഉണ്ട് ശ്രദ്ധിക്കാൻ. വളരെ വിശുദ്ധമായ ഭൂമിയിലേക്കാണ് നമ്മൾ പോവുന്നത് എന്ന ചിന്തയോടെയാവണം കാട്ടിലേക്ക് കയറാൻ. അപ്പോൾ നമുക്ക് നിശ്ശബ്ദരാവാം.

കേരളത്തിലെ ഇടതൂർന്ന കാടുകൾ കണ്ടുകൊണ്ടിരിക്കെയാണ് ഞാൻ അയൽ സംസ്ഥാനങ്ങളിലെ കാട് കാണാൻ പോയത്. ഓരോ കാടിനും വ്യത്യസ്തമായ സ്വഭാവങ്ങൾ ആണുള്ളത്. കടുവകളെ അടുത്തു കാണാൻ മഹാരാഷ്ട്രയിലെ തടോബാ ടൈഗർ റിസേർ



വിലേക്കു പോയി. പക്ഷികളുടെ മാത്രം സൗന്ദര്യം കാണാൻ രാജസ്ഥാനിലെ ഭരത്പൂർ പക്ഷി സങ്കേതത്തിൽ പോയി. കഴുകന്മാരെ കാണാൻ രാജസ്ഥാനിലെ മണൽക്കാടുകളിലേക്കു ചെന്നു. ഒറ്റക്കൊമ്പൻ റൈനോകളെ കാണാൻ കാസിരംഗയിലേക്കും പോയി. ഓരോ യാത്രയിലും നല്ല നല്ല കാഴ്ചകൾ കണ്ടു, ചിത്രമെടുത്തു. പക്ഷെ ഏറ്റവും ഇഷ്ടപെട്ട കാട് ഏതെന്നു ചോദിച്ചാൽ ഒരൊറ്റ മറുപടിയെ ഉള്ളൂ. ഉത്തർഖണ്ഡിലെ ജിം കോർബെറ്റ് നാഷണൽ പാർക്ക്.

ആനകളെ കണ്ടാലും കണ്ടാലും മതി വരില്ല. രാംനഗറിൽ നിന്ന് മുപ്പതു കിലോമീറ്റർ യാത്ര ചെയ്യണം ഡിക്കല റേഞ്ചിലേക്ക്. കാടിനകത്താണ് താമസം. കോട്ടജുകളുണ്ട്. രാംഗംഗ നദിക്കരികിൽ. മഞ്ഞുകാലത്താണ് അവിടേക്കു പോയത്. തണുത്തു വിറച്ച യാത്ര. നദിക്കരികിൽ കാത്തുനിൽപ്പാണ്. മഞ്ഞുകാലത്തു നീർനായകളുടെ ബഹളമാണ് നദിയിൽ. കൂട്ടം കൂട്ടമായി വന്ന് മീൻപിടുത്തം. അപ്പോഴേക്കും നദിയിലെ പുല്ലുകൾക്കിടയിലൂടെ കടന്നുപോവുന്ന പാർവാലി എന്ന സുന്ദരിക്കടുവയ്ക്കു വേണ്ടി കാത്തിരിപ്പ്. ഇടയ്ക്കിടെ പ്രത്യക്ഷപ്പെടുന്ന മീൻകൊത്തികളും കിന്നരിപ്പരുന്തുകളും. വൈകിട്ടാണ് ആനകളെ കാണാനുള്ള യാത്ര. ഗ്രാസ് ലാൻഡിൽ അവയുണ്ടാവും; നൂറുകണക്കിന്. കാട്ടാനച്ചന്തം! കൊമ്പനാനകളും പിടിയാനകളും കുഞ്ഞാനകളും. എന്തൊരു ഭംഗിയാണ്, സ്വാതന്ത്ര്യത്തോടെ അവ ഉല്ലസിച്ചുനടക്കുന്നതു കാണുമ്പോൾ ...

നാല് തവണ കോർബെറ്റിൽ പോയി. നാല് തവണയും ആനച്ചിത്രങ്ങൾക്ക് വേണ്ടിയുള്ള കാത്തിരിപ്പായിരുന്നു. അങ്ങനെയാണ് കഴിഞ്ഞ ഏപ്രിലിൽ ഒരു കാഴ്ച കണ്ടത്. ആനകളുടെ യുദ്ധം! രണ്ടു കൊമ്പന്മാരുടെ മല്ലയുദ്ധം. ആദ്യം അവർ നദിക്കുപുറത്തുള്ള പുൽമേട്ടിൽ വെച്ച് വഴക്ക് തുടങ്ങി. പിന്നെ നദിയിലേക്കിറങ്ങി. പിന്നെ കരയിലേക്ക് കയറി. എന്നിട്ടും വലിയവനും ചെറിയവനും തമ്മിലുള്ള മൽപ്പിടുത്തം കഴിഞ്ഞില്ല. പതിനഞ്ചു മിനിട്ടോളം ഇവർ തമ്മിലുള്ള യുദ്ധം മുഴുവൻ ക്യാമറയിൽ പകർത്തി കഴിഞ്ഞപ്പോൾ എന്തൊരു സന്തോഷമായെന്നോ... വീണ്ടും കാട്ടിലൂടെ കടന്നുപോവുമ്പോൾ അതാ ഒരു 'അമ്മ ആനയും കുഞ്ഞാനയും' തിടുക്കത്തിൽ നടന്നുപോവുന്നു. അമ്മയെ പിന്നിൽ നടത്തി ആ കുഞ്ഞിസുന്ദരൻ കുറുമ്പ് കാട്ടി മുന്നിൽ നടക്കുന്നു. അങ്ങനെ എത്ര എത്ര ആനച്ചിത്രങ്ങൾ.


കീരി

കഴിഞ്ഞ മെയ്മാസത്തിൽ വീണ്ടും കോർബെറ്റിൽ പോയപ്പോൾ വളരെ നല്ലൊരു കാഴ്ച കണ്ടു. കടുവയമ്മയും ഒരു കുഞ്ഞിക്കടുവക്കുട്ടിയും. അവൻ സന്ധ്യാസമയത്ത് നദിക്കരയിൽ കുറുമ്പുകാട്ടി നിൽക്കുന്നു. ഇടയ്ക്കൊന്നു ഒഴുകുന്ന വെള്ളത്തിലേക്കവൻ ഇറങ്ങിനിൽക്കും. പാർവാലി എന്ന 'അമ്മ' നദിക്കരയിൽ കിടക്കും. എത്ര നേരമാണെന്നോ അവന്റെ കളികൾ കൺനിറയെക്കണ്ടു ചിത്രങ്ങളെടുത്തത്. പക്ഷെ, ഞങ്ങൾ തിരിച്ചുപോന്നതിനു രണ്ടു ദിവസം കഴിഞ്ഞപ്പോൾ ആ കുറുമ്പൻ കൊലചെയ്യപ്പെട്ടു. മറ്റൊരു പെൺകടുവയുടെ ആക്രമണത്തിൽ പരിക്കേറ്റു കൊല്ലപ്പെട്ടു. അവനെ കണ്ടവരൊക്കെ, ഫോട്ടോകളെടുത്തവരൊക്കെ ആ കുഞ്ഞിക്കുറുമ്പനെ ഓർത്തു സങ്കടപ്പെട്ടു.

അങ്ങനെ എത്ര കാഴ്ചകൾ. കാട്ടിലേക്കുള്ള യാത്രകളൊക്കെ നമുക്ക് സമ്മാനിക്കുക ഓരോരോ അനുഭവങ്ങൾ ആയിരിക്കും. സന്തോഷങ്ങൾ ആ യിരിക്കും. നമുക്ക് കൺനിറയെ ആനക്കൂട്ടങ്ങളെ കാണാം. നീർച്ചോലകളിൽ നീന്തിത്തുടിക്കാം. പുൽമേടുകളിൽ മാങ്കൂട്ടങ്ങൾ ഓടിക്കളിക്കുന്നതുകാണാം. അങ്ങനെയങ്ങനെ എന്തൊക്കെ...

അപ്പോൾ കുട്ട്യോളെ... നമുക്ക് പോവാല്ലേ കാട്ടിലേക്ക്...

# മാന്ത്രിക ചതുര നിർമിതി കവിതകളിലൂടെ

പള്ളിയറ ശ്രീധരൻ

മാന്ത്രികചതുരങ്ങൾ നിർമിക്കാൻ പുരാതനകാലത്തുതന്നെ ചില വഴികൾ ആവിഷ്കരിക്കപ്പെട്ടിരുന്നു. അച്ചടിവിദ്യ പ്രചാരത്തിലില്ലായിരുന്ന മുൻകാലങ്ങളിൽ ഗണിതവിഷയങ്ങൾ കവിതാരൂപത്തിലാണ് കൈകാര്യം ചെയ്യപ്പെട്ടിരുന്നത്. പുരാതന ഗണിതഗ്രന്ഥങ്ങളായ ആര്യഭടീയവും ലീലാവതിയുമൊക്കെ കവിതാരൂപത്തിലാണല്ലോ. ഉരുവിട്ടുപഠിക്കാൻ കവിതാരീതിയാണ് അനുയോജ്യം. ഈണത്തിൽ ചൊല്ലാനും ഹൃദിസ്ഥമാക്കാനും ഓർത്തിരിക്കാനുമെല്ലാം കവിതയാണഭികാമ്യം.

മാന്ത്രികചതുരങ്ങൾ നിർമിക്കുന്നതിന് സഹായിക്കുന്ന കവിതകൾ മലയാളത്തിലും സംസ്കൃതത്തിലും പ്രചാരത്തിലുണ്ടായിരുന്നു. മലയാളത്തിലുള്ള ഒരു കവിത താഴെ കൊടുക്കുന്നു.

*''അർദ്ധത്തിൽനിന്നൊന്നു കുറച്ചു രണ്ടിൽ*
*നവംപതിന്നാറഥ ളുദ്വിഗജങ്ങൾ*
*തിഥിക്കു പത്തും പുനരൊന്നിലിത്ഥം*
*രസിച്ചു ഗേഹേ കവിമന്നനാം ഞാൻ''*

ഇത് 4 വരിയും 4 നിരയുമുള്ള മാന്ത്രികചതുരം നിർമിക്കാനാണ് ഉപയോഗിക്കുന്നത്. ഇത്തരം മാന്ത്രികചതുരങ്ങൾക്ക് ആകെ 16 കള്ളികൾ ഉണ്ടായിരിക്കും. ആദ്യം 4 വരിയും 4 നിരയുമുള്ള ഒരു ചതുരം വരയ്ക്കുക. എത്ര തുക വരുന്ന മാന്ത്രികചതുരവും ഈ കവിത ഉപയോഗിച്ച് നിർമിക്കാം. ഓരോ വരിയിലും നിരയിലുമുള്ള സംഖ്യകളുടെ തുക അഥവാ മാന്ത്രികസംഖ്യ എത്ര വേണമെന്ന് ആദ്യം തീരുമാനിക്കുക. ഉദാഹരണമായി മാന്ത്രികസംഖ്യ 48 വരുന്ന ഒരു മാന്ത്രികചതുരം നിർമിക്കണമെന്നിരിക്കട്ടെ.

കവിതയിൽ 'അർദ്ധത്തിൽനിന്നൊന്നു കുറച്ചു' എന്നത് സൂചിപ്പിക്കുന്നത് മാന്ത്രികസംഖ്യയുടെ പകുതിയിൽനിന്ന് ഒന്നു കുറയ്ക്കാനാണ്. 48 ന്റെ പകുതി 24. ഇതിൽ '1' കുറച്ചാൽ 23. ഈ സംഖ്യ രണ്ടാം കള്ളിയിൽ ചേർക്കുക. പിന്നീട് ഓരോന്ന് വീതം കുറച്ച് യഥാക്രമം 9,16, 7,8, 15, 10,1 എന്നീ കള്ളികളിൽ ചേർക്കുക. ഇപ്പോൾ ആകെ 8 കള്ളികൾ പൂരിപ്പിച്ചിരിക്കും. ബാക്കിയുള്ള 8 കള്ളികൾ പൂരിപ്പിക്കുന്നവിധമാണ് നാലാമത്തെ വരിയിൽ പറഞ്ഞിരിക്കുന്നത്.

അക്ഷരസംഖ്യാ രീതിയിലാണ് ഇവിടെ പൂരിപ്പിക്കുന്നവിധം പറഞ്ഞിട്ടുള്ളത്. കടപയാദി എന്നുപേരുള്ള അക്ഷരസംഖ്യാരീതി പ്രകാരം മലയാളത്തിലെ ഓരോ അക്ഷരവും ഓരോ സംഖ്യ സൂചിപ്പിക്കുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ സൂചിപ്പിക്കുന്ന സംഖ്യകൾ താഴെ കൊടുക്കുന്നു.

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 0 |
|---|---|---|---|---|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ | ച | ഛ | ജ | ഝ | ഞ |
| ട | ഠ | ഡ | ഢ | ണ | ത | ഥ | ദ | ധ | ന |
| പ | ഫ | ബ | ഭ | മ | | | | | |
| യ | ര | ല | വ | ശ | ഷ | സ | ഹ | ള | ഴ |

കവിതയിൽ സൂചിപ്പിക്കുന്ന അക്ഷരങ്ങൾ ര, സ, ച, ഗ, ഹ, ക, വ, മ, ന, ന, ഞ, ന എന്നിവയാണ്. ഇതിൽ അവസാനത്തെ 4 അക്ഷരങ്ങൾ പൂജ്യത്തെ സൂചിപ്പിക്കുന്നു. ഇവ പരിഗണിക്കേണ്ടതില്ല. ആദ്യത്തെ 8 അക്ഷരങ്ങൾ ക്രമത്തിൽ 2, 7, 6, 3, 8,1, 4, 5 എന്നീ സംഖ്യകളെ സൂചിപ്പിക്കുന്നു.

ഈ സംഖ്യകൾ ഒഴിവുള്ള കള്ളികളിൽ ക്രമത്തിൽ പൂരിപ്പിക്കുക. ഇപ്പോൾ ആവശ്യമായ തുകയിലുള്ള മാന്ത്രികചതുരം പൂർത്തിയായതായി കാണാം.

ഈ രീതിയിൽ തുക 48 വരുന്ന മാന്ത്രികചതുരം താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 16 | 23 | 2 | 7 |
| 6 | 3 | 20 | 19 |
| 22 | 17 | 8 | 1 |
| 4 | 5 | 18 | 21 |

ഇതിൽ 1 മുതൽ 8 വരെയുള്ള സംഖ്യകൾ തുടർച്ചയായി ഉപയോഗിച്ചിരിക്കുന്നതായി കാണാം. ഈ രീതിയിൽ നിർമിക്കുന്ന ഏത് മാന്ത്രികചതുരത്തിലും ഇവ തുടർച്ചയായി കാണാം.

ഇരട്ടസംഖ്യ തുകയായി വരുന്ന മാന്ത്രികചതുരങ്ങളിൽ പൂരിപ്പിച്ചിരിക്കുന്ന സംഖ്യകൾ പൂർണസംഖ്യകളായിരിക്കും. തുക ഒറ്റ സംഖ്യയാകുമ്പോൾ പകുതി പൂർണസംഖ്യയല്ലാതാകും. ഓരോന്നുവീതം കുറയ്ക്കുന്നതിനാൽ കുറച്ചു കിട്ടുന്ന ഫലവും ഭിന്നസംഖ്യയായിരിക്കും. മറ്റു സംഖ്യകൾ തുക വരുന്ന മാന്ത്രിക ചതുരങ്ങൾ നിങ്ങൾ നിർമിക്കുമല്ലോ.

palliyarasreedharan@gmail.com

കവിത

# പുഴ നിറഞ്ഞപ്പോൾ

പ്രഭ ലോചന പി എം



ഒരു വേള കാലം കഴിഞ്ഞുവീണ്ടും
കാറു കനിഞ്ഞു, മഴ കനത്തു
പുഴയന്നു വീണ്ടും നിറഞ്ഞൊഴുകി
പുതുവെള്ളത്തള്ളലിന്നോളമോടെ
കരകൾ കവിഞ്ഞും കലങ്ങിയാർത്തും
അലകൾ കുടഞ്ഞും പത നുരഞ്ഞും
കലിതുള്ളും മഴവെള്ളപ്പാച്ചിൽപോലെ
പുഴയന്നു തുള്ളിക്കുതിച്ചൊഴുകി
ഒഴുകുന്ന പുഴയൊരു കാഴ്ചയായി
പണ്ടെന്നോ കണ്ടുമറന്ന കാഴ്ച
പുഴ നിറഞ്ഞൊഴുകുന്ന കാഴ്ച കണ്ടി-
ട്ടതിശയിച്ചാളുകൾ നോക്കിനിന്നു
പുഴയെന്നാലൊരു മണൽത്തിട്ടയല്ല
ചവറും ചെളിക്കുണ്ടും മാത്രമല്ല
ചത്തതും ചീഞ്ഞതും തൂത്തെറിയാ-
നൊത്ത പുറംപോക്കു ഭൂമിയല്ല
ഒഴുകുന്ന ജലമാണീ, പുഴവരണ്ടാ-
ലുർവ്വിക്കു വേറുണ്ടോ ജീവരക്തം.
ഒരു പുനർചിന്തയ്ക്കു കളമൊരുക്കി,
ഒരുനൂറു ചോദ്യശരങ്ങളെയ്ത്
ഓർമയെ തട്ടിക്കുടഞ്ഞുണർത്തി,
ഓളങ്ങൾ തല്ലി, പുഴയൊഴുകി.

# കൗമുദിയുടെ ത്യാഗം

പയ്യന്നൂർ കുഞ്ഞിരാമൻ

**ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിൽ കൗമുദി ടീച്ചറിന് പ്രത്യേക സ്ഥാനം തന്നെയാണുള്ളത്. ഇന്ത്യാക്കാരുടെ ദുരിതം മനസ്സിലാക്കിയ കൗമുദി, അവരെ സഹായിക്കുന്നതിനായി തന്റെ സ്വർണാഭരണങ്ങൾ ഗാന്ധിജിക്കു നൽകി ചരിത്രത്തിൽ ഇടംനേടി. ഹരിജൻ മാസികയിൽ കൗമുദിയുടെ ത്യാഗത്തെ കുറിച്ചെഴുതിയ ബാപ്പു, പിന്നെ പല പ്രസംഗങ്ങളിലും കൗമുദിയെക്കുറിച്ച് പരാമർശം നടത്തിയിരുന്നു.**

ഗാന്ധിജി ഹരിജൻ ഫണ്ടിലേക്ക് സംഭാവന സ്വീകരിക്കാൻ യാത്ര ചെയ്യുന്ന കാലം. പിന്നാക്കം നിൽക്കുന്നവരെ ഉയർത്തിക്കൊണ്ടുവരാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സേവാസംഘം രൂപീകരിച്ചിരുന്നു.

യാത്രയുടെ ഭാഗമായി ഗാന്ധിജി കേരളത്തിലെത്തി. വടകര കോട്ടപ്പറമ്പ് മൈതാനത്തിലായിരുന്നു സ്വീകരണം.

ഗാന്ധിജിയുടെ സന്ദർശനം നാടാകെ ചർച്ചാവിഷയമായിരുന്നു. കൗമുദി എന്ന പെൺകുട്ടിയും സമ്മേളനസ്ഥലത്തെത്തി.

സദസ്സിൽ ധാരാളം സ്ത്രീകൾ പങ്കെടുത്തിരുന്നു. അവരെല്ലാം മോടിയിൽ വസ്ത്രം ധരിച്ചായിരുന്നു എത്തിയത്. അവരുടെ കഴുത്തിലും കൈകളിലും സ്വർണാഭരണങ്ങളുമുണ്ടായിരുന്നു.

ആഭരണങ്ങളെയും വസ്ത്രങ്ങളെയും പരാമർശിച്ചുകൊണ്ട് ഗാന്ധിജി പ്രസംഗം തുടങ്ങി. ''നമ്മുടെ മാതൃഭൂമി ലോകത്തിലെ ഏറ്റവും ദരിദ്രമായ രാഷ്ട്രങ്ങളിലൊന്നാണ്.



വര: ഗോപു പട്ടിത്തറ

ഇവിടെ നൂറുപേരിൽ വയർ നിറയെ ഭക്ഷണം കഴിക്കുന്നത് മൂന്നോ നാലോ പേർ മാത്രമാണ്. ഒറ്റവസ്ത്രം കൊണ്ട് കഴിഞ്ഞുകൂടുന്നവർ അതിലും കൂടുതൽ. ആഭരണത്തിന്റെ കാര്യത്തിലും ഇത് ആണ് വന്നിരിക്കുന്നത്. ഇത് രാജ്യത്തോടു കാട്ടുന്ന അനീതിയാണ്. അരപ്പട്ടിണിക്കാരെയും മുഴുപ്പട്ടിണിക്കാരെയും സഹായിക്കാൻ ഒരു പങ്ക് എന്നെ ഏല്പിക്കുക.''

ഗാന്ധിജിയുടെ പ്രസംഗം സ്ത്രീകളെ ലജ്ജിപ്പിച്ചു. അവർ തലതാഴ്ത്തിയിരുന്നു. ആ സമയം കൗമുദി എന്ന പെൺകുട്ടി എഴുന്നേറ്റ് വേദിയിലേക്ക് നടന്നു. നടക്കുന്നതിനിടയിൽ അവൾ കൈയിലെ വളകൾ ഊരിയെടുത്തു.

വേദിയിലെത്തിയ കൗമുദിയെ ഗാന്ധിജി കൗതുകത്തോടെ നോക്കി. നിഷ്കളങ്കത കളിയാടുന്ന മുഖം. വേഷവും ലളിതം.

കൗമുദി വള ഗാന്ധിജിക്കു നേരെ നീട്ടി. അദ്ദേഹം സ്നേഹത്തോടെ അത് സ്വീകരിച്ചു. അവൾ തന്റെ നോട്ടുപുസ്തകം നീട്ടി ഗാന്ധിജിയുടെ കൈയൊപ്പ് അഭ്യർഥിച്ചു.

ഗാന്ധിജി പുസ്തകം വാങ്ങി ഒപ്പിടുന്നതിനിടയിൽ അവൾ രണ്ടാമത്തെ വളയും ഊരിയെടുത്തു.

''നീ രണ്ടു വളയും തരേണ്ട. ഒന്നു തന്നാൽ മതി.'' ഗാന്ധിജി പറഞ്ഞു. ഉത്തരം പറയുന്നതിനു പകരം അവൾ കഴുത്തിലെ മാല അഴിച്ചെടുത്ത് ഗാന്ധിജിയുടെ കൈയിൽ വച്ചു.

''നിന്റെ മാതാപിതാക്കൾ സമ്മതിച്ചിട്ടാണോ ആഭരണം നൽകുന്നത്?''

ഉത്തരം പറയുന്നതിനു പകരം അവൾ കാതിലെ കമ്മലും ഊരിയെടുത്തു നൽകി.

മാതാപിതാക്കളുടെ സമ്മതം വാങ്ങിയിരുന്നോ എന്ന് ഗാന്ധിജി വീണ്ടും ചോദിച്ചു. കൗമുദിയുടെ പിതാവ് ഗാന്ധിജിയുടെ സമീപം എത്തി. അദ്ദേഹം പറഞ്ഞു. ''ഇവൾ വീട്ടിൽ വച്ച് തന്നെ സമ്മതം വാങ്ങിയിരുന്നു.''

പിതാവിന്റെ മറുപടി ഗാന്ധിജിയെ സന്തോഷിപ്പിച്ചു. മേലിൽ ഞാൻ സ്വർണാഭരണങ്ങളണിയില്ലെന്ന് കൗമുദി പറഞ്ഞു. ആഭരണങ്ങളില്ലാത്ത ഒരുവളെ വിവാഹം കഴിക്കാൻ ആരെങ്കിലും തയ്യാറാകുമോ എന്ന് ഗാന്ധിജി ചോദിച്ചു.

'സ്വർണാഭരണം വേണ്ടെന്ന് പറയുന്ന ആളെ മാത്രമേ ഞാൻ ഭർത്താവായി സ്വീകരിക്കുകയുള്ളൂ' എന്നായിരുന്നു അവൾ നൽകിയ മറുപടി. നിനക്കുള്ളതിൽ ഏറ്റവും വില പിടിപ്പുള്ള ആഭരണം നിന്റെ ഈ ത്യാഗം തന്നെയാണെന്ന് ഗാന്ധിജി ചൂണ്ടിക്കാട്ടി.

തുടർന്നുള്ള പരിപാടികളിലെല്ലാം അദ്ദേഹം കൗമുദിയെ കുറിച്ച് പ്രതിപാദിച്ചു. അവളുടെ ത്യാഗത്തിന്റെ കഥ വികാരഭരിതമായി അവതരിപ്പിച്ചു. ഹരിജൻ മാസികയിൽ കൗമുദിയെക്കുറിച്ച് എഴുതുകയും ചെയ്തു. പിൽക്കാലത്ത് കൗമുദിയുടെ കഥ പാഠപുസ്തകങ്ങളുടെ ഭാഗവുമായി.



# മാലാഖ

**അരുൺകുമാർ അന്നൂർ**

താരാട്ടിലൊരു പിഞ്ചുതാരമുണ്ട്
തിങ്കൾക്കിനാവിന്റെ തൊട്ടിലുണ്ട്
തൊട്ടിലാട്ടാൻ ചാരെ പാട്ടുപാടാൻ
മാലാഖപോലെയൊരമ്മയുണ്ട്.



വര: സുജിത് പി വി

# മഹാഭാരതം

## സുഗതകുമാരി

94

# യുദ്ധത്തിന്റെ രണ്ടാം ദിവസം

യുദ്ധം തുടർന്നുകൊണ്ടേയിരുന്നു. യോദ്ധാക്കൾ വാളും വില്ലും കുന്തവും വെൺമഴുവുമേന്തി പരസ്പരം കൊന്നൊടുക്കി. ദ്രോണരും പാഞ്ചാലനും തമ്മിൽ കടുത്ത യുദ്ധം നടക്കുന്നു.

ധൃതരാഷ്ട്രർ ചോദിച്ചു. 'സഞ്ജയ, വിശ്വൈകവീരനായ ഭീഷ്മർ എന്തേ ധനഞ്ജയനെ യുദ്ധത്തിൽ ജയിക്കാത്തത്? ഞാൻ അദ്ഭുതപ്പെടുകയാണ്.'

സഞ്ജയൻ തുടർന്നു. 'രാജാവേ, ദ്രുപദനും ദ്രോണരും പോരാടിനിൽക്കവേ ധൃഷ്ടദ്യുമ്നൻ ശരവർഷം ചൊരിഞ്ഞുകൊണ്ടു മുന്നിൽ കയറിവന്നു. ധൃഷ്ടദ്യുമ്നന്റെ കുതിരകളെ വീഴ്ത്തിയിട്ട് കാലദണ്ഡംപോലുള്ള ഒരു അസ്ത്രമെടുത്ത് ദ്രോണർ ദ്രുപദകുമാരനു നേർക്ക് പ്രയോഗിച്ചു. സൈന്യം 'ഹാഹാ' എന്നു നിലവിളിച്ചു. ധൃഷ്ടദ്യുമ്നനാകട്ടെ കുലുങ്ങാതെ തന്റെ മഹാസ്ത്രത്താൽ ദ്രോണരുടെ അസ്ത്രത്തെ അറുത്തെറിഞ്ഞിട്ട് ഒരു പൊന്നിൻവേല് ആചാര്യന്റെ മാറിലേക്കു ചാട്ടി. അസ്ത്രംകൊണ്ട് ദ്രോണർ ആ വേൽ മൂന്നായി മുറിച്ചുതെറിപ്പിച്ചു. കഠിനയുദ്ധം ഈവിധം കുറേനേരം തുടരുന്നതിനിടയിൽ ദ്രോണർ ധൃഷ്ടദ്യുമ്നന്റെ തേരു തകർത്ത് ആ വീരനെ നിലത്തേക്കു ചാടിച്ചു. വൻ പരിചയും വാളും കൈയിലെടുത്തുകൊണ്ട് ദ്രോണർക്കു നേരെ ചാടിയ ദ്രുപദകുമാരനെ ആചാര്യൻ അസ്ത്രവർഷംകൊണ്ടു തടഞ്ഞു. ഇതുകണ്ട ഭീമൻ തേര് അവിടേക്കു പായിച്ച് ധൃഷ്ടദ്യുമ്നനെ തന്റെ തേരിലേറ്റി യുദ്ധം തുടർന്നു. കലിംഗരാജാവും ഘോരമായ കലിംഗപ്പടയും ഭീമന്റെ നേർക്ക് പാഞ്ഞെത്തി വളഞ്ഞുനിന്നു പോരാടുകയായി. ഭടന്മാർ അന്യോന്യം കൊന്നൊടുക്കി. ഭൂമി ചോരക്കളമായി മാറി. കലിംഗരാജൻ ഭീമന്റെ അശ്വങ്ങളെ കൊന്നുവീഴ്ത്തി. ഭീമനാകട്ടെ ക്രുദ്ധനായി പൊന്നുകൊണ്ടുള്ള നക്ഷത്രങ്ങളും ചന്ദ്രക്കലയും പതിച്ച വൻ കാളത്തോൽപ്പരിച കൈയിലെടുത്ത് വാളൂരിക്കൊണ്ട് കലിംഗരാജൻ ഇരിക്കുന്ന കൊമ്പനാനപ്പുറത്തേക്ക് ചാടിക്കയറി അലറിക്കൊണ്ടു കൊമ്പനാനയെ കൊന്നു വീഴ്ത്തിയപ്പോൾ രണ്ടാളും നിലത്തുചാടി യുദ്ധംതുടങ്ങി. കലിംഗൻ തേരേറി സ്വസൈന്യത്തോടൊരുമിച്ചു. ഭീമൻ ഭീമകോപത്തോടെ തീച്ചക്രംപോലെ വാൾ ചുഴറ്റിക്കൊണ്ട് ശത്രുസേനയിൽ പാഞ്ഞുനടന്ന് ആനകളെയും കുതിരകളെയും സൈനികരെയുമെല്ലാം വെട്ടിവെട്ടി നിരത്തി. തേരുകൾ ഭീമന്റെ കാൽച്ചുവട്ടിൽ തകിടംമറിഞ്ഞു. ആയുധങ്ങൾ ചിതറിവീണു. കലിംഗസൈന്യത്തെ മുഴുവൻ ഒറ്റയ്ക്കു കൊന്നൊടുക്കുവാനായി ഭീമൻ പോർക്കളത്തിൽ അലറിക്കൊണ്ടു കൊടുങ്കാറ്റുപോലെ ചുറ്റി. എതിർത്തുനിന്ന് പൊരുതുന്ന കലിംഗരെ ഭീമസേനൻ കൊന്നുകൊന്നു വീഴ്ത്തി. മുതലക്കൂറ്റൻ ചാടിക്കലക്കുന്ന കുളം പോലെയായി ആ മഹാസേന. ധർമപുത്രരും ശിഖണ്ഡിയും ഭീമന്റെ പിന്നണികാത്തു.

ചോര ആറുപോലെയൊഴുകി. കലിംഗസേനയ്ക്കിടയിൽ കടന്നുകയറി ഭീമകർമങ്ങൾ ചെയ്യുന്ന ഭീമനെ തടയുവാൻ കുരുസാരഥിയായ ഭീഷ്മർ തന്റെ രഥം ആ ഭാഗത്തേക്കു തിരിച്ചുവിട്ടു. ഭീഷ്മരെ സാത്യകിയും ധൃഷ്ടദ്യുമ്നനും ഭീമനും വളഞ്ഞുവെച്ചു പൊരുതി. ഭീമൻ ഇരുമ്പുഗദയുയർത്തി ഭീഷ്മരുടെ തേരിന് നേർക്ക് കുതിച്ചു. സാത്യകിയുടെ അമ്പേറ്റ് ഭീഷ്മരുടെ തേരാളി വീണു. പേടിച്ചരണ്ട കുതിരകൾ തേരുംവലിച്ചുകൊണ്ട് പാഞ്ഞുപോയി. സായാഹ്നമായതോടെ പോര് വീണ്ടും മുറുകി. അശ്വത്ഥാമാവും അഭിമന്യുവും തമ്മിൽ ഘോരയുദ്ധം ചെയ്തു. മഹാവീരനായ അഭിമന്യുകുമാരൻ ശല്യരെയും കൃപരെയും ദുര്യോധനപുത്രനായ ലക്ഷ്മണനെയും തുടരെത്തുടരെ അമ്പുകളെയ്തു മുറിവേൽപ്പിച്ചു. വീരന്മാർ ചുറ്റുംവളഞ്ഞു പൊരുതിയിട്ടും ആ കുമാരൻ കുലുങ്ങിയില്ല. അർജുനനെയും തോൽപ്പിക്കുമാറ് അസ്ത്രവർഷം പൊഴിച്ചു. പുത്രന് തുണയായി പാർഥൻ അവിടെയെത്തി. തേരുകളുടച്ചും ആനകളെ ഓടിച്ചും കുതിരപ്പുറത്തുനിന്ന് വില്ലാളികളെ എയ്തു വീഴ്ത്തിയും അസ്ത്രവർഷംകൊണ്ട്

സൂര്യനെ മറച്ചും പോരാടുന്ന രൗദ്രരൂപംപൂണ്ട പാർഥന്റെ ചുറ്റും പരിചകളും വാളുകളും ഉടഞ്ഞ തേരുകളും കൊടികളും ചാമരങ്ങളും കുന്തങ്ങളും അസ്ത്രശസ്ത്രങ്ങളും അനവധി ചിതറിക്കാണായി. ശ്രീകൃഷ്ണൻ ഉച്ചത്തിൽ ശംഖനാദം മുഴക്കി. ഭീഷ്മർ പുഞ്ചിരിയോടെ ദ്രോണരോട് പറഞ്ഞു. 'ഇതാ വീരധനഞ്ജയൻ നമ്മുടെ പടയെ കൊന്നൊടുക്കുന്നു. സൂര്യൻ അസ്തമയപർവതത്തിലേക്കു ചായുന്നു. മതി, ഇന്നത്തെ യുദ്ധംനിർത്താം.'

## മൂന്നാം ദിനം യുദ്ധം തുടരുന്നു

സഞ്ജയൻ തുടർന്നു. 'മഹാരാജാവേ, യുദ്ധത്തിന്റെ മൂന്നാംനാൾ ഗരുഡവ്യൂഹം ചമച്ച് കൗരവസേനാപതി ഭീഷ്മർ പടക്കളത്തിലിറങ്ങി. അർധചന്ദ്രവ്യൂഹം ചമച്ചുകൊണ്ട് പാണ്ഡവരും പടയ്ക്കിറങ്ങി. സൂര്യോദയംകൊണ്ടു മാനംചുവന്നപ്പോഴേക്കു കുരുക്ഷേത്രത്തിൽ മനുഷ്യരക്തംകൊണ്ട് ഭൂമിയും ചുവന്നുതുടങ്ങി.

ദുര്യോധനാദികൾ വാശിയോടെ കിണഞ്ഞു പൊരുതി. അർജുനൻ അവരെ തടഞ്ഞുനിർത്തി



വര: ജയേന്ദ്രൻ

ഭയങ്കരമായ സങ്കുലയുദ്ധത്തിൽ തങ്ങളുടെ വ്യൂഹം പിളരാതെ കാക്കുവാൻ ഭീഷ്മരുടെ നേതൃത്വത്തിലുള്ള കൗരവസേനയ്ക്കു സാധ്യമായി. പാർഥൻ നയിക്കുന്ന പാണ്ഡവ വ്യൂഹവും ശത്രു എത്ര ശമിച്ചിട്ടും പിളരാതെ നിന്നു. ആദ്യം നിർദേശിക്കപ്പെട്ട യുദ്ധനിയമങ്ങളൊക്കെ ആ കൂട്ടക്കൊലയിൽ വിസ്മൃതമായി. ആനപ്പട കുതിരപ്പടയെ തകർത്തു നീങ്ങി. കുതിരപ്പടയാളികൾ തേരിലിരിക്കുന്നവരെയും എയ്തുവീഴ്ത്തുകയായി.

ബാണഗണം പൊഴിച്ചു. സേനകൾ ഓടിപ്പോവുകയും തിരിച്ചുവരികയും തമ്മിലേൽക്കുകയും ചെയ്തുകൊണ്ടിരുന്നു. പാണ്ഡവസേനയേത്, കൗരവസേനയേത് എന്ന് തിരിച്ചറിയാനാവാത്തവിധം പൊടിയുയർന്നു മൂടി. ഭയങ്കരമായ സങ്കുലയുദ്ധത്തിൽ തങ്ങളുടെ വ്യൂഹം പിളരാതെ കാക്കുവാൻ ഭീഷ്മരുടെ നേതൃത്വത്തിലുള്ള കൗരവസേനയ്ക്കു സാധ്യമായി. പാർഥൻ നയിക്കുന്ന പാണ്ഡവവ്യൂഹവും ശത്രു എത്രശ്രമിച്ചിട്ടും പിളരാതെനിന്നു. ആദ്യം നിർദേശിക്കപ്പെട്ട യുദ്ധനിയമങ്ങളൊക്കെ ആ കൂട്ടക്കൊലയിൽ വിസ്മൃതമായി. ആനപ്പട കുതിരപ്പടയെ തകർത്തു നീങ്ങി. കുതിരപ്പടയാളികൾ തേരിലിരിക്കുന്നവരെയും എയ്തുവീഴ്ത്തുകയായി. കാലാൾ ആനപ്പുറത്തു ചാടിക്കയറി അതിന് പുറത്തിരിക്കുന്നവരെ വെട്ടിക്കൊന്നു. കൊടികളും വില്ലുകളും വാളും പരിചയും ചിന്നിച്ചിതറിയ രണഭൂമിയിൽ കബന്ധങ്ങൾ നിന്നാടുന്നതും പടയാനകൾ കാലാളുകളെ കൊമ്പിൽക്കോർക്കുന്നതും തേരുകൾ തമ്മിൽ ഇടഞ്ഞു ചിതറുന്നതും ചോരപ്പുഴയായൊലിക്കുന്നതും കാണായി. ദേവാസുരയുദ്ധംപോലെ ഭയങ്കരമായിത്തീർന്നു കുരുക്ഷേത്രയുദ്ധം. ഭീമപുത്രനായ ഘടോൽക്കചന്റെ വിക്രമത്താൽ കുരുസൈന്യം വിറച്ചു. ഭീമൻ പുത്രനോടൊത്ത് കുതിച്ചെത്തിയപ്പോൾ ദുര്യോധനൻ വീറോടെ അവരെ അമ്പുകളാൽ തടുത്തു. പക്ഷേ ഉറക്കെച്ചിരിച്ചുകൊണ്ട് ഭീമൻ എയ്ത അമ്പുകളേറ്റ് ദുര്യോധനൻ തേർത്തട്ടിൽ മോഹിച്ചുവീണുപോയി. സൂതൻ രാജരഥം പിന്നോട്ടോടിച്ചു മറഞ്ഞു. പടയാളികൾ ഭയന്നോടിത്തുടങ്ങുന്നതുകണ്ട് ഭീഷ്മദ്രോണാദികൾ വെമ്പലോടെവന്ന് പാണ്ഡവരെ തടഞ്ഞുനിർത്തി. ദുര്യോധനന്റെ നോട്ടമേറ്റ രാജാക്കന്മാർ പലരും പിന്തിരിഞ്ഞ് ഓടിപ്പോകൽ വേണ്ടെന്നുവെച്ചു മടങ്ങിവന്നു. കുരുസൈന്യത്തിന് ഇത്ര ഭയങ്കരനാശങ്ങളുണ്ടായിട്ടും പിതാമഹൻ അർജുനനെ വധിക്കുന്നില്ല എന്ന് കണ്ട് ദുര്യോധനൻ പരിഭവം പറഞ്ഞു. (തുടരും)

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയയ്ക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## ഗാന്ധിജിയുടെ ലാളിത്യം

**സൽവ പി, ക്ലാസ് 8 ഇ,**
**ഗവ. എച്ച് എസ് എസ് മങ്കട, മലപ്പുറം, പിൻ 679324**



ഇന്ത്യയുടെ രാഷ്ട്രപിതാവായ മോഹൻദാസ് കരംചന്ദ് ഗാന്ധിയെ ഗാന്ധിജി, മഹാത്മജി, മഹാത്മാഗാന്ധി എന്നൊക്കെ നാം ബഹുമാനത്തോടെ വിളിക്കുന്നു. ഗുജറാത്തിലെ കത്തിയവാർ എന്ന സ്ഥലത്തെ പോർബന്തറിൽ ആ നാട്ടിലെ ദിവാന്റെ മകനായി 1869 ഒക്ടോബർ 2 നാണ് അദ്ദേഹം ജനിച്ചത്. പുത്‌ലിഭായിയാണ് അമ്മ. ഈശ്വരവിശ്വാസത്തിന്റെയും സത്യസന്ധതയുടെയും ബാലപാഠങ്ങൾ അമ്മയിൽ നിന്നാണ് ഗാന്ധിജി അഭ്യസിച്ചത്.

പഠനത്തിൽ മിടുക്കനായ ഗാന്ധിജി പത്തൊമ്പതാമത്തെ വയസ്സിൽ മെട്രിക്കുലേഷൻ പരീക്ഷ പാസ്സായി. ഇനി ഉന്നതവിദ്യാഭ്യാസം ഇംഗ്ലണ്ടിൽ തുടരണം എന്ന് കുടുംബാംഗങ്ങൾ തീരുമാനിച്ചു. അനുഗ്രഹം വാങ്ങുന്നതിനായി അമ്മയുടെ സമീപത്തെത്തി. മകൻ പഠിക്കാൻ പോവുന്നത് അന്യരാജ്യത്തേക്കാണ്. അന്യമതക്കാരുടെ നാട്ടിലേക്കാണ്. തികച്ചും വ്യത്യസ്തമാണ് അവിടത്തെ ജീവിതം. മനസ്സ് ഇളകിപ്പോവുന്ന പ്രായം. എങ്കിലും മകന് ഈശ്വരഭക്തിയുണ്ട്. പറയുന്ന വാക്ക് തെറ്റിക്കുകയില്ല. അതാണ് അമ്മയുടെ സമാധാനം. അമ്മ പറഞ്ഞു. 'മോനെ എന്റെ കൈ പിടിക്കൂ.' മകൻ അമ്മയുടെ കൈ പിടിച്ചു. അമ്മ: 'ചില പ്രധാന കാര്യങ്ങൾ മാത്രമാണ് ഞാൻ നിന്നോട് ആവശ്യപ്പെടുന്നത്. ഒന്ന്, സത്യമേ പറയാവൂ.'

ഗാന്ധിജി – 'ഒരിക്കലും ഞാൻ കള്ളം പറയുകയില്ല അമ്മേ.'

അമ്മ– 'മീനും ഇറച്ചിയും ഉപയോഗിക്കരുത്.'

ഗാന്ധിജി – 'ഇല്ല'.

അമ്മ – 'മറ്റു സ്ത്രീകളെയെല്ലാം അമ്മയെപ്പോലെ കരുതണം.'

ഗാന്ധിജി – 'ഞാൻ സമ്മതിക്കുന്നു അമ്മേ' തന്റെ അമ്മയുടെ കൈ പിടിച്ച് ഗാന്ധിജി സത്യം ചെയ്തു. അമ്മയുടെ കാൽതൊട്ട് വന്ദിച്ചു.

നിയമം പഠിച്ച് വക്കീലാകാൻ മാത്രമല്ല ജീവിതത്തിൽ



വര: ഗോപു പട്ടിത്തറ

നിയമങ്ങൾ നടപ്പിലാക്കി ഒരു പുതിയ മനുഷ്യനാകാൻ കൂടിയാണ് ഗാന്ധിജി വിദേശത്തേക്കു പോയത്. അമ്മയോട് ചെയ്ത സത്യം ഗാന്ധിജിയുടെ ജീവിതത്തിലെ വഴിവിളക്കായിരുന്നു. സത്യത്തിന്റെ മാർഗം വെടിഞ്ഞ് ഒരിക്കലും അദ്ദേഹം സഞ്ചരിച്ചില്ല. ഇംഗ്ലണ്ടിൽ ചെന്നതിനുശേഷം ആ ചെറുപ്പക്കാരൻ താമസിച്ചത് ലണ്ടൻ പട്ടണത്തിൽ നിന്ന് വളരെ ദൂരെ ഒരു ഗ്രാമത്തിലായിരുന്നു. സാധാരണ തൊഴിലാളികൾ താമസിക്കുന്ന സ്ഥലത്ത് അവിടെ വാടകയും ഭക്ഷണച്ചെലവും വളരെ കുറവായിരുന്നു. കോളജിലേക്ക് ബസ്സിലും തീവണ്ടിയിലും പോവാം. പണവും പദവിയും ഉള്ളവരുടെ നടുവിൽ വെറും സാധാരണക്കാരനെപ്പോലെ ജീവിക്കുവാൻ അദ്ദേഹം പഠിച്ചു. ഗാന്ധിജിയുടെ ഈ ലാളിത്യജീവിതം വിദ്യാർഥികൾക്ക് അനുകരിക്കാവുന്നതാണ്.

## ആസ്വാദനക്കുറിപ്പ്

പ്രിയപ്പെട്ടതളിരിന്,

തളിര് മാസികയുടെ സ്ഥിരം വായനക്കാരനാണ് ഞാൻ. ഇതിലെ കഥകളും കവിതകളും ലേഖനങ്ങളും ഒക്കെ എനിക്കിഷ്ടമാണ്. ഓരോ ലക്കത്തിലും കുട്ടികൾക്ക് ഇഷ്ടപ്പെട്ട ഒരു രചനയുടെ ആസ്വാദനം എഴുതി അറിയിക്കണമെന്നു കാട്ടി ഒരു കുറിപ്പ് ഇക്കഴിഞ്ഞ സെപ്റ്റംബർ ലക്കത്തിൽക്കണ്ടു. അതനുസരിച്ചുള്ള ഒരു ആസ്വാദനക്കുറിപ്പാണ് ഞാൻ എഴുതുന്നത്.

സെപ്റ്റംബർ ലക്കം തളിര് മാസിക എന്തുകൊണ്ടും വളരെ വിജ്ഞാനപ്രദമായിരുന്നു. കേരളം ഇതുവരെ നേരിടാത്ത രീതിയിലുള്ള പ്രളയക്കെടുതികളായിരുന്നു നാം കണ്ടത്. മഹാപ്രളയസമയത്തു തന്നെ ഡോ. കെ ജി താര തയ്യാറാക്കിയ 'മഴയിൽ മുങ്ങുന്ന കേരളം'എന്ന ലേഖനം പ്രസിദ്ധീകരിച്ചത് വളരെ അർഥവത്തായി. സെപ്റ്റംബർ ലക്കം തളിര് മാസികയിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ടത് ഡോ. കെ ജി താരയുടെ ഈ ലേഖനം തന്നെയാണ്.

റെഡ് അലർട്ട്, ഓറഞ്ച് അലർട്ട് എന്നൊക്കെ കേട്ടിട്ടുണ്ടെങ്കിലും അതേക്കുറിച്ച് വളരെ പരിമിതമായ അറിവു മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇവയെക്കുറിച്ച് വളരെ വ്യക്തമായ ഒരു ചിത്രമാണ് ഈ ലേഖനം നമുക്ക് നൽകുന്നത്. കനത്ത മഴയും തന്മൂലം അണക്കെട്ടുകൾ ഒരുമിച്ചു തുറക്കേണ്ടിവന്നതുമൊക്കെ മഹാപ്രളയത്തിന് കാരണമായത് നാം കണ്ടതാണ്.

വെള്ളപ്പൊക്കം മൂലം എന്തെല്ലാം സംഭവിക്കാം? ദുരന്തത്തിന് മുൻപും ദുരന്തസമയത്തും, ദുരന്തശേഷവും നാം എങ്ങനെയാണ് ഇവയൊക്കെ നേരിടേണ്ടത് എന്ന് ഈ ലേഖനത്തിലൂടെ നമുക്ക് പറഞ്ഞുതരികയാണ് ലേഖിക. എന്തുകൊണ്ടാണ് ഇത്രയും വലിയ വെള്ളപ്പൊക്കം ഉണ്ടാകുന്നത്? ഒന്നാലോചിച്ചു നോക്കിയാൽ തെറ്റുകാർ മനുഷ്യൻ തന്നെ. പ്രകൃതിയോട് നാം ചെയ്ത തെറ്റുകൾക്കുള്ള ശിക്ഷ നാം ഇരന്നു വാങ്ങുകയായിരുന്നു. നഗരവത്കരണത്തിന്റെ ഭാഗമായി വനം വെട്ടിത്തെളിച്ചതും പുഴകളിലും മറ്റും മാലിന്യങ്ങൾ കൊണ്ട് നിറയ്ക്കുന്നതുമെല്ലാം വെള്ളത്തിന് ഭൂമിയിലേക്ക് ആഴ്ന്നിറങ്ങുന്നതിനും ഒഴുകിപ്പോകുന്നതിനും തടസ്സമായി. മഴക്കാലത്ത് മണ്ണൊലിപ്പും ഉരുൾപൊട്ടലും സർവസാധാരണമായി. മണ്ണിലും ചെളിയിലും ചവിട്ടാൻ ഇഷ്ടപ്പെടാത്ത മനുഷ്യർ മുറ്റം കോൺക്രീറ്റ് ചെയ്യുകയും നടപ്പാതകൾ ടൈൽസ് ഇടുകയും ചെയ്തു. നമ്മുടെ വനങ്ങളെയും നദികളെയും പാടങ്ങളെയും തണ്ണീർത്തടങ്ങളെയും സംരക്ഷിക്കാൻ ഇനിയെങ്കിലും ഈ പ്രളയം നൽകിയ പാഠത്തിലൂടെ നമുക്കു കഴിയണം. സർവനാശം വിതച്ച മഴയ്ക്കിടയിലും മനസ്സിന് ആശ്വാസം നൽകിയ പല കാഴ്ചകളും നമ്മൾ കണ്ടു. മനുഷ്യത്വം വറ്റിയിട്ടില്ലാത്ത മനുഷ്യർ ഒരു മനസ്സോടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി രാപകൽ കഷ്ടപ്പെടുന്നത്. അവരിൽ സമൂഹത്തിലെ ഉന്നതശ്രേണിയിലുള്ളവർ മുതൽ താഴേത്തട്ടിലുള്ളവർവരെ ഉൾപ്പെട്ടു. ലോകം ഇന്നുവരെ കണ്ടിട്ടില്ലാത്ത ദുരിതാശ്വാസ പ്രവർത്തനത്തിനു രൂപംനൽകിയ കേരളത്തിലെ ജനങ്ങൾ നമ്മുടെ ഭൂമി സംരക്ഷിക്കുന്നതിനായി ഇതുപോലെ ഒറ്റക്കെട്ടായി മുന്നിട്ടിറങ്ങിയെങ്കിൽ എന്ന ആഗ്രഹം ബാക്കിവച്ചുകൊണ്ട് ഞാൻ ഈ കുറിപ്പ് അവസാനിപ്പിക്കുന്നു.

**അശ്വിൻ അശോക്കുമാർ**
**+1 ജി, സരസ്വതി വിദ്യാലയം,**
**വട്ടിയൂർക്കാവ്**



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ഒരു മാസത്തെ വേതനം ബഹു. മുഖ്യമന്ത്രി ശ്രീ പിണറായി വിജയന് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരൻ കൈമാറുന്നു.




ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ആലപ്പുഴ, പത്തനംതിട്ട, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെ പ്രളയബാധിത പ്രദേശങ്ങളിലെ കുട്ടികൾക്ക് ഒരു ലക്ഷത്തിലേറെ വിലവരുന്ന നോട്ടുപുസ്തകങ്ങളും ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങളും നൽകുകയുണ്ടായി. ഇവ വഹിച്ചുകൊണ്ടുള്ള ഇൻസ്റ്റിറ്റ്യൂട്ട് വാഹനത്തിന് ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരൻ ഫ്ളാഗ് ഓഫ് ചെയ്യുന്നു.



ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച സ്റ്റോക്കുള്ള എല്ലാ പുസ്തകങ്ങളുടെയും ഓരോ കോപ്പി വീതം സൗജന്യമായി തിരുവനന്തപുരം ജവഹർ ബാലഭവൻ ചെയർമാൻ ശ്രീ കെ മുരളീധരൻ എം എൽ എ യ്ക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരൻ കൈമാറുന്നു.

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.


Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

ഉണ്ടാക്കാം

# കടലാസു പൂക്കൾ

അരവിന്ദ് ഗുപ്ത


പല നിറങ്ങളിലുള്ള വർണ്ണക്കടലാസുകൾ ഉപയോഗിച്ച് മനോഹരങ്ങളായ കടലാസുപൂക്കൾ ഉണ്ടാക്കിയാലോ...?




**ആവശ്യമുള്ള സാധനങ്ങൾ**

- ചതുരാകൃതിയിൽ മുറിച്ചെടുത്തവർണ്ണക്കടലാസ് (വിവിധവലിപ്പത്തിലുള്ളത്)
- വളവുള്ള സ്ട്രോ
- ബട്ടണുകൾ
- കത്രിക, പശ


ഇങ്ങനെ വിവിധ നിറത്തിലുള്ള മനോഹരങ്ങളായ പൂക്കൾ കൂട്ടുകാർ ഉണ്ടാക്കുമല്ലോ...



1 വ്യത്യസ്ത ആകൃതിയിൽ വർണക്കടലാസിനെ മുറിച്ചെടുക്കുക.



2 മുകളിൽ കാണിച്ചിരിക്കുന്നപ്രകാരം കടലാസിനെ മടക്കുക.




3 മടക്കിയ കടലാസിനെ ഇപ്രകാരം മുറിക്കുക. മുകളിൽ കാണിച്ചിരിക്കുന്ന രീതിയിൽ പേപ്പറിൽ മാർക്ക് ചെയ്തതിനുശേഷം ആ ഭാഗം മുറിച്ചുകളയുക.



4 ഇങ്ങനെ വ്യത്യസ്ത വലിപ്പത്തിലുള്ള പൂക്കളെ മുറിച്ചെടുക്കുക.



5 പശ ഉപയോഗിച്ച് ഈ കാണുന്ന രീതിയിൽ പൂക്കളെ ഒട്ടിച്ച് അകത്തായി ഒരു ബട്ടൺ ഒട്ടിച്ചുവയ്ക്കുക.



6 ഒരു സ്ട്രോയുടെ വളവുള്ള അഗ്രഭാഗം ഈ രീതിയിൽ മുറിച്ച് പശ പുരട്ടുക. സ്ട്രോയുടെ അറ്റത്ത് പൂവിനെ ഒട്ടിച്ചുവയ്ക്കുക



7 ഇങ്ങനെ വിവിധ നിറത്തിലുള്ള മനോഹരങ്ങളായ പൂക്കൾ ഉണ്ടാക്കി അലങ്കരിക്കാവുന്നതാണ്.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WWPP/11/2018-2020
RNI No. 20076/70 October 2018
Regd KL/TV (N)/399/2018-2020 Published on 29-09-2018 Vol:24, Issue:10, ₹20


കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276
ഇമെയിൽ: director@ksicl.org



## ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് ശ്രീകൃഷ്ണപുരം തുടങ്ങിയയിടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. പുസ്തകത്തിന്റെ വില MO/DD ആയി അയച്ചാൽ തപാൽവഴി പുസ്തകം ലഭ്യമാകും.




**തളിര്**
കുട്ടികളുടെ മാസിക
വില 20രൂപ

**വാർഷികവരിസംഖ്യ 200രൂപ**
വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക.